


# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം
TIMES OF AMERICAN MALAYALI

2025
സെപ്റ്റംബർ



Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**

www.timesofamericanmalayali.com




എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.

ഈ മഴക്കാലത്ത്, പ്രകൃതി ദുരന്തങ്ങൾ രാജ്യത്തെ പരീക്ഷിക്കുകയാണ്. കഴിഞ്ഞ കുറച്ച് ആഴ്ചകളായി, വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാക്കിയ വലിയ നാശനഷ്ടങ്ങൾ നാം കണ്ടു. വെള്ളപ്പൊക്കത്തിൽ വീടുകൾ നശിച്ചു, വയലുകൾ വെള്ളത്തിനടിയിലായി, കുടുംബങ്ങൾ തകർന്നു, പാലങ്ങളും റോഡുകളും ഒലിച്ചുപോയി, ആളുകളുടെ ജീവൻ അപകടത്തിലായി. ഈ സംഭവങ്ങൾ ഓരോ ഭാരതീയനെയും വേദനിപ്പിച്ചു. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങളുടെ വേദന നമ്മുടെയെല്ലാം തീരാവേദനയാണ്. പ്രതിസന്ധികൾ എവിടെയൊക്കെ വന്നുവോ, അവിടെയൊക്കെ നമ്മുടെ എൻ.ഡി.ആർ. എഫ്.എസ്.ഡി. ആർ.എഫ്. ഉദ്യോഗസ്ഥർ, മറ്റ് സുരക്ഷാ സേനകൾ, എല്ലാവരും ആളുകളെ രക്ഷിക്കാൻ രാവും പകലും പ്രവർത്തിച്ചു. സൈനികർ സാങ്കേതികവിദ്യയുടെ സഹായവും സ്വീകരിച്ചു. തെർമൽ ക്യാമറകൾ, ലൈവ് ഡിറ്റക്ടറുകൾ, സ്നിഫർ ഡോഗുകൾ, ഡ്രോൺ നിരീക്ഷണം തുടങ്ങിയ നിരവധി ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ എല്ലാ ശ്രമങ്ങളും നടത്തി. ഈ സമയത്ത്, ഹെ ലികോപ്റ്റർ വഴി ദുരിതാശ്വാസ വസ്തുക്കൾ എത്തിച്ചു, പരിക്കേറ്റവരെ എയർ ലിഫ്റ്റ് ചെയ്തു.



**എം.ടിയുടെ ജീവചരിത്രരചനാകാലം – 3**
ഡോ.കെ.ശ്രീകുമാർ

ഞാനെഴുതിയ എംടിയുടെ ജീവചരിത്ര കൃതി അദ്ദേഹത്തിന്റെ 92-ാം പിറന്നാൾ സുദിനത്തിൽ പ്രകാശിതമായ ഈ സന്ദർഭം അത്യധികമായ ആഹ്ലാദമല്ല, മറിച്ച് അളവറ്റ ആശ്വാസമാണ് സമ്മാനിക്കുന്നത്. എന്റെ എഴുത്തു ജീവിതത്തിൽ ഞാൻ ഏറ്റെടുത്തതിൽ ഏറ്റവും ദുഷ്കരമായ ഒരു ദൗത്യത്തിനാണ് ഇന്ന് ശുഭപര്യവസാനം ആയിരിക്കുന്നത്. എന്നിട്ടും സമ്മിശ്രമായ വികാരഭേദങ്ങൾ എന്നെ വലയം ചെയ്യുന്നു.

**കോടതി കഥകൾ – 30**
അമ്മച്ചിയുടെ പിൻവിളി കേൾക്കാൻ കൊതിയോടെ കാത്തിരിക്കാം.
**അഡ്വ. വർഗീസ് പി. തോമസ് .......... 5**



**സാംസ്കാരികം .......... 6**

**നൂറു വർഷം മുമ്പ്....**

**കവിത**
സംസ്കാരം
**നല്ലമുട്ടം പ്രസാദ്.......... 14**



**DAYS AND DATES IN SEPTEMBER 2025**

# സന്ധ്യയിൽ തെളിഞ്ഞ തിരിനാളം
# എം.കെ.സാനു
**(1927 ഒക്ടോബർ 27 /2025 ആഗസ്റ്റ് 02)**

ജോർജ് തഴക്കര



**അ**ദ്ധ്യാപകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, നിയമസഭാ സാമാജികൻ തുടങ്ങിയ നിലകളിൽ അറിയപ്പെടുന്ന പ്രൊഫ.എം.കെ.സാനു ജീവചരിത്രശാഖയ്ക്ക് മികച്ച സംഭാവന നൽകിയ വ്യക്തിയാണ്.

കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, പുരോഗമന കലാസാഹിത്യ സംഘം പ്രസിഡന്റ്, സാഹിത്യപ്രവർത്തക സഹകരണസംഘം ഭരണസമിതി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

സംസ്ഥാന സർക്കാരിന്റെ കേരളജ്യോതി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ തുടങ്ങി നിരവധി അവാർഡുകൾക്കും പുരസ്കാരങ്ങൾക്കും അർഹനായിട്ടുണ്ട്. വിവിധ അവാർഡ് സമിതികളുടെ ചെയർമാൻ സ്ഥാനവും വഹിച്ചു. ഒരു നോവൽ ഉൾപ്പെടെ എൺപതോളം കൃതികൾ പ്രസിദ്ധീകരിച്ചു.

ആലപ്പുഴയിലെ തുമ്പോളിയിൽ മംഗലത്ത് ഭവനത്തിൽ 1927 ഒക്ടോബർ 27ന് എം.കെ.സാനു ജനിച്ചു. അച്ഛൻ എം.സി.കേശവൻ. അമ്മ കെ.പി.ഭാവനി. പ്രാഥമിക വിദ്യാഭ്യാസം തുമ്പോളി കണ്ടയാശാൻ സ്കൂളിലും ആലപ്പുഴ ലിയോ തേർട്ടീൻത് സ്കൂളിലുമായിരുന്നു. കോളജ് വിദ്യാഭ്യാസം ആലപ്പുഴ എസ്.ഡി. കോളജിലും, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലും.

### ബാല്യവും വിദ്യാഭ്യാസവും

ക്ഷേത്രത്തിൽ പ്രവേശിക്കാതിരുന്ന ഒരു സാഹചര്യമാണ് എം.കെ.സാനുവിന്റെ ആദ്യകാല ഓർമകളിൽ തെളിഞ്ഞുനിൽക്കുന്നത്. സന്നിപാതജ്വരം പിടിപെട്ടതിനെത്തുടർന്ന് അമ്മ കാട്ടൂരമ്പലത്തിൽ വഴിപാട് നേർന്നിരുന്നു. രോഗം ഭേദമായപ്പോൾ മകനെയും കൂട്ടി ക്ഷേത്രത്തിലേക്കു പോയി. ക്ഷേത്രത്തിൽ പ്രവേശിക്കാതെ നടവഴിയിൽ നിന്നും കുറെ പിന്നിട്ടു, നിലത്തിലവെച്ചു അതിൽ നാണയത്തുട്ടുമിട്ട് പിന്നെയും പിന്നാക്കം മാറിനിന്നു. കുറച്ചുകഴിഞ്ഞപ്പോൾ പൂജാരി വന്ന് ഇലയിൽ പ്രസാദം വച്ചിട്ട് നാണയവുമെടുത്തുകൊണ്ടുപോയി. ഇതിനിടയിൽ പലരും ക്ഷേത്രത്തിൽ പ്രവേശിക്കുകയും; ക്ഷേത്രത്തിൽ നിന്നും പുറത്തേക്കുവരികയും ചെയ്യുന്നത് സാനു ശ്രദ്ധിച്ചിരുന്നു. ക്ഷേത്രത്തിൽ പ്രവേശിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ തങ്ങളെപ്പോലെയുള്ളവർക്ക് അകത്തു പ്രവേശനം ഇല്ലായെന്നായിരുന്നു മറുപടി. അതെന്താന്ന് ചോദിച്ചപ്പോൾ അച്ഛൻ വിശദമായി പറഞ്ഞുതരുമെന്നായി. സന്ധ്യാദീപത്തിൽ തെളിഞ്ഞ ക്ഷേത്രവും കുറ്റിക്കാടുകളാൽ പടർന്നു പന്തലിച്ച പരിസരവും ഏറെ ഇഷ്ടപ്പെട്ടുവെങ്കിലും എന്തുകൊണ്ട് തനിക്ക് ക്ഷേത്രത്തിനുള്ളിൽ കടക്കാൻ സാധിക്കാത്തതെന്ന ചിന്തയിൽ അവയുടെ തെളിമയെല്ലാം സാനുവിൽ നഷ്ടമായി.

താൻ കാണുകയും കേൾക്കുകയും ചെയ്യുന്നവരൊക്കെ മനുഷ്യരാണെങ്കിലും അവർ ജാതിയായും മതമായും മാറിയവരാണെന്ന ചിന്ത സാനുവിലുണ്ടായി. ജാതിയെക്കുറിച്ചും മതത്തെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും മകനു മനസ്സിലാകുന്ന ഭാഷയിൽ അച്ഛൻ പറഞ്ഞുകൊടുത്തു. ഒടുവിൽ ഒരു ശ്ലോകവും ഉദ്ധരിച്ചു. ➲7




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2025 ജൂലൈ 27ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**




# മനസ്സ് പറയുന്നത്

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.

ഈ മഴക്കാലത്ത്, പ്രകൃതി ദുരന്തങ്ങൾ രാജ്യത്തെ പരീക്ഷിക്കുകയാണ്. കഴിഞ്ഞ കുറച്ച് ആഴ്ചകളായി, വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാക്കിയ വലിയ നാശനഷ്ടങ്ങൾ നാം കണ്ടു. വെള്ളപ്പൊക്കത്തിൽ വീടുകൾ നശിച്ചു, വയലുകൾ വെള്ളത്തിനടിയിലായി, കുടുംബങ്ങൾ തകർന്നു, പാലങ്ങളും റോഡുകളും ഒലിച്ചുപോയി, ആളുകളുടെ ജീവൻ അപകടത്തിലായി. ഈ സംഭവങ്ങൾ ഓരോ ഭാരതീയനെയും വേദനിപ്പിച്ചു. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങളുടെ വേദന നമ്മുടെയെല്ലാം തീരാവേദനയാണ്. പ്രതിസന്ധികൾ എവിടെയൊക്കെ വന്നുവോ, അവിടെയൊക്കെ നമ്മുടെ എൻ.ഡി.ആർ.എഫ്.എസ്.ഡി.ആർ.എഫ്. ഉദ്യോഗസ്ഥർ, മറ്റ് സുരക്ഷാ സേനകൾ, എല്ലാവരും ആളുകളെ രക്ഷിക്കാൻ രാവും പകലും പ്രവർത്തിച്ചു. സൈനികർ സാങ്കേതികവിദ്യയുടെ സഹായവും സ്വീകരിച്ചു. തെർമൽ ക്യാമറകൾ, ലൈവ് ഡിറ്റക്ടറുകൾ, സ്നിഫർ ഡോഗുകൾ, ഡ്രോൺ നിരീക്ഷണം തുടങ്ങിയ നിരവധി ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ എല്ലാ ശ്രമങ്ങളും നടത്തി. ഈ സമയത്ത്, ഹെലികോപ്റ്റർ വഴി ദുരിതാശ്വാസ വസ്തുക്കൾ എത്തിച്ചു, പരിക്കേറ്റവരെ എയർലിഫ്റ്റ് ചെയ്തു. ദുരന്തസമയത്ത്, സൈന്യം സഹായവുമായി മുന്നോട്ടുവന്നു. നാട്ടുകാർ, സാമൂഹിക പ്രവർത്തകർ, ഡോക്ടർമാർ, ഭരണകൂടം, എല്ലാവരും ഈ പ്രതിസന്ധി ഘട്ടത്തിൽ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി. ഈ ദുഷ്കരമായ സമയത്ത് മനുഷ്യത്വത്തെ മറ്റെന്തിനേക്കാളും ഉയർത്തിപ്പിടിച്ച ഓരോ പൗരനും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

**ശ്രദ്ധ പിടിച്ചുപറ്റിയ രണ്ടാമത്തെ പരിപാടി രാജ്യത്തെ ആദ്യത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലായിരുന്നു, അതും ശ്രീനഗറിലെ ദാൽ തടാകത്തിൽ നടന്നു. ശരിക്കും, അത്തരമൊരു ഉത്സവം സംഘടിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണിത്. ജമ്മു കശ്മീരിൽ ജല കായിക വിനോദങ്ങളെ കൂടുതൽ ജനപ്രിയമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഭാരതത്തിലുടനീളമുള്ള 800ലധികം അത്‌ലറ്റുകൾ ഇതിൽ പങ്കെടുത്തു. വനിതാ അത്‌ലറ്റുകൾ ഒട്ടും പിന്നിലല്ല, അവരുടെ പങ്കാളിത്തവും പുരുഷന്മാരുടേതിന് തുല്യമായിരുന്നു. ഇതിൽ പങ്കെടുത്ത എല്ലാ കളിക്കാരെയും ഞാൻ അഭിനന്ദിക്കുന്നു. ഏറ്റവും കൂടുതൽ മെഡലുകൾ നേടിയ മധ്യപ്രദേ ശിനും, തുടർന്നുള്ള സ്ഥാനങ്ങൾ നേടിയ ഹരിയാനയ്ക്കും ഒഡീഷയ്ക്കും പ്രത്യേക അഭിനന്ദനങ്ങൾ.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

വെള്ളപ്പൊക്കത്തിന്റെയും മഴയുടെയും ഈ നാശനഷ്ടങ്ങൾക്കിടയിലും, ജമ്മു കശ്മീർ രണ്ട് പ്രത്യേക നേട്ടങ്ങൾ കൈവരിച്ചു. അധികം ആളുകൾ ഇത് ശ്രദ്ധിച്ചില്ല, ആ നേട്ടങ്ങളെക്കുറിച്ച് അറിയുമ്പോൾ, നിങ്ങൾ വളരെ സന്തോഷിക്കും. ജമ്മു കശ്മീരിലുള്ള, പുൽവാമയിലെ ഒരു സ്റ്റേഡിയത്തിൽ വലിയ തോതിൽ ആളുകൾ ഒത്തുകൂടി. റെക്കോർഡ് പങ്കാളിത്തമായിരുന്നു ഇത്. പുൽവാമയിലെ ആദ്യ രാപ്പകൽ ക്രിക്കറ്റ് മത്സരം ഇവിടെ നടന്നിരുന്നു. നേരത്തെ ഇത് അസാധ്യമായിരുന്നു, പക്ഷേ ഇപ്പോൾ നമ്മുടെ രാജ്യം മാറുകയാണ്. ജമ്മു കശ്മീർലെ വിവിധ ടീമുകൾ കളിക്കുന്ന റോയൽ പ്രീമിയർ ലീഗിന്റെഭാഗമാണ് ഇ ൗ മത്സരം. പുൽവാമയിൽ ആയിരക്കണക്കിന് ആളുകൾ, പ്രത്യേകിച്ച് യുവാക്കൾ, രാത്രിയിൽ ക്രിക്കറ്റ് ആസ്വദിക്കുന്നു ഈ കാഴ്ച ശരിക്കും കാണേണ്ടത് തന്നെയാണ്.

സുഹൃത്തുക്കളേ,

ശ്രദ്ധ പിടിച്ചുപറ്റിയ രണ്ടാമത്തെ പരിപാടി രാജ്യത്തെ ആദ്യത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലായിരുന്നു, അതും ശ്രീനഗറിലെ ദാൽ തടാകത്തിൽ നടന്നു. ശരിക്കും, അത്തരമൊരു ഉത്സവം സംഘടിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണിത്. ജമ്മു കശ്മീരിൽ ജല കായിക വിനോദങ്ങളെ കൂടുതൽ ജനപ്രിയമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഭാരതത്തിലുടനീളമുള്ള 800ലധികം അത്‌ലറ്റുകൾ ഇതിൽ പങ്കെടുത്തു. വനിതാ അത്‌ലറ്റുകൾ ഒട്ടും പിന്നിലല്ല, അവരുടെ പങ്കാളിത്തവും പുരുഷന്മാരുടേതിന് തുല്യമായിരുന്നു. ഇതിൽ പങ്കെടുത്ത എല്ലാ കളിക്കാരെയും ഞാൻ അഭിനന്ദിക്കുന്നു. ഏറ്റവും കൂടുതൽ മെഡലുകൾ നേടിയ മധ്യപ്രദേശിനും, തുടർന്നുള്ള സ്ഥാനങ്ങൾ നേടിയ ഹരിയാനയ്ക്കും ഒഡീഷയ്ക്കും പ്രത്യേക അഭിനന്ദനങ്ങൾ. ജമ്മു കശ്മീർ സർക്കാരിന്റെയും അവിടുത്തെ ജനങ്ങളുടെയും ഊഷ്മളതയെയും ആതിഥ്യമര്യാദയെയും ഞാൻ വളരെയധികം അഭിനന്ദിക്കുന്നു.

സുഹൃത്തുക്കളേ,

ഈ പരിപാടിയുടെ അനുഭവം നിങ്ങളുടെ മുന്നിൽ കൊണ്ടുവരണമെന്ന് ഞാൻ ആലോചിച്ചു, അതിൽ പങ്കെടുത്ത അത്തരം രണ്ട് കളിക്കാരുമായി സംസാരിച്ചു. അവരിൽ ഒരാൾ ഒഡീഷയിൽ നിന്നുള്ള രശ്മിത സാഹുവും മറ്റൊരാൾ ശ്രീനഗറിൽ നിന്നുള്ള മൊഹ്സിൻ അലിയുമാണ്, അവർക്ക് എന്താണ് പറയാനുള്ളതെന്ന് നമുക്ക് കേൾക്കാം.

പ്രധാനമന്ത്രി: രശ്മിത, നമസ്തേ!

രശ്മിത: നമസ്തേ സർ.

പ്രധാനമന്ത്രി: ജയ് ജഗന്നാഥ്.

രശ്മിത: ജയ് ജഗന്നാഥ് സർ.

പ്രധാനമന്ത്രി: രശ്മിത, ആദ്യം തന്നെ നിങ്ങളുടെ വിജയത്തിന് അഭിനന്ദനങ്ങൾ.

രശ്മിത: നന്ദി സർ.

പ്രധാനമന്ത്രി: രശ്മിത, നിങ്ങളെയും നിങ്ങളുടെ കായിക യാത്രയെയും കുറിച്ച് അറിയാൻ ഞങ്ങളുടെ ശ്രോതാക്കൾ വളരെ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്, എനിക്കും വളരെ ആകാംക്ഷയുണ്ട്. പറയൂ!

രശ്മിത: സർ, ഞാൻ രശ്മിത സാഹു. ഒഡീഷയിൽ നിന്നാണ്. ഞാൻ ഒരു കനോയിംഗ് കായികതാരമാണ്. 2017ൽ ഞാൻ സ്പോർട്സിൽ ചേർന്നു. ഞാൻ കനോയിംഗ് ആരംഭിച്ചു, ദേശീയ തലത്തിൽ, ചാമ്പ്യൻഷിപ്പിലും ഗെയിംസിലും പങ്കെടുത്തിട്ടുണ്ട്. എനിക്ക് 41 മെഡലുകൾ ലഭിച്ചിട്ടുണ്ട്. 13 സ്വർണ്ണം, 14 വെള്ളി, 14 വെങ്കല മെഡലുകൾ സർ.

പ്രധാനമന്ത്രി: ഈ കായിക ഇനത്തിൽ നിങ്ങൾക്ക് എങ്ങനെയാണ് താൽപ്പര്യം ഉണ്ടായത്? ആരാണ് ആദ്യം നിങ്ങളെ ഇതിലേക്ക് പ്രേരിപ്പിച്ചത്? നിങ്ങളുടെ കുടുംബത്തിൽ ഒരു കായിക അന്തരീക്ഷമുണ്ടോ?

രശ്മിത: ഇല്ല സർ. ഞാൻ വരുന്ന ഗ്രാമത്തിൽ അത്തരമൊരു കായിക വിനോദം ഉണ്ടായിരുന്നില്ല. നദിയിൽ ബോട്ടിംഗ് നടക്കുമ്പോൾ ഞാൻ നീന്താൻ പോയിരുന്നു. ഞാനും എന്റെ കൂട്ടുകാരും നീന്തുന്ന സമയത്ത് അവിടെ കനോയിംഗ് കയാക്കിംഗിനായി ഒരു ബോട്ട് കടന്നുപോയി. പക്ഷേ, എനിക്ക് അതിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. അപ്പോൾ ഞാൻ എന്റെ സുഹൃത്തിനോട് ചോദിച്ചു, ഇതെന്താണെന്ന്? എന്റെ സുഹൃത്ത് എന്നോട് പറഞ്ഞു, ജഗത്പൂരിൽ ഒരു SAI സ്പോർട്സ് സെന്റർ ഉണ്ടെന്നും അവിടെ സ്പോർട്സ് സംഘടിപ്പിക്കാറുണ്ടെന്നും ഞാനും അവിടെ പോകാൻ പോകുന്നുവെന്നും. എനിക്ക് അത് വളരെ രസകരമായി തോന്നി. അപ്പോൾ ഇതെ ന്താണ്, എനിക്കറിയില്ലായിരുന്നു, കുട്ടികൾ വെള്ളത്തിൽ ഇത് എങ്ങനെ പ്രവർത്തിപ്പിക്കുമെന്ന്? ബോട്ടിംഗ് എങ്ങനെയെന്നും എനിക്കറിയില്ലായിരുന്നു. എനിക്കും പോകണമെന്ന് ഞാൻ അവനോട് പറഞ്ഞു. അവിടെ പോയി സംസാരിക്കാൻ അവൻ എന്നോട് പറഞ്ഞു. പിന്നെ ഞാൻ ഉടനെ വീട്ടിലേക്ക് പോയി, പപ്പാ എനിക്ക് പോകണം , പപ്പാ എനിക്ക് പോകണം എന്ന് പറഞ്ഞു. പിന്നെ പപ്പാ ശരി എന്ന് പറഞ്ഞു എന്നെ കൊണ്ടുപോയി. ആ സമയത്ത് ട്രയൽ ഉണ്ടായിരുന്നില്ല, കോച്ച് പറഞ്ഞു ഫെബ്രുവരിയിൽ ട്രയൽസ് നടക്കുന്നുണ്ടെന്ന്, ഫെബ്രുവരി, മാർച്ചിൽ ട്രയൽ സമയത്ത് നിങ്ങൾക്ക് വരാം. ഞാൻ ട്രയൽ സമയത്ത് അവിടെ പോയി.

പ്രധാനമന്ത്രി: ശരി രശ്മിത, കശ്മീരിൽ നടന്ന ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിൽ നിങ്ങളുടെ അനുഭവം എങ്ങനെയായിരുന്നു? നിങ്ങൾ ആദ്യമായാണോ കശ്മീരിൽ പോയത്?

രശ്മിത: അതെ സർ, ഞാൻ ആദ്യമായി കശ്മീരിലേക്ക് പോയി. ഖേലോ ഇന്ത്യ, ആദ്യത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവൽ ഞങ്ങൾക്കായി അവിടെ സംഘടിപ്പിച്ചു. എനിക്ക് അതിൽ രണ്ട് ഇനങ്ങൾ ഉണ്ടായിരുന്നു. സിംഗിൾസ് 200 മീറ്ററും 500 മീറ്റർ ഡബിൾസും. രണ്ടിലും ഞാൻ സ്വർണ്ണ മെഡലുകൾ നേടിയിട്ടുണ്ട് സർ.

പ്രധാനമന്ത്രി: ഓ വൗ! നിങ്ങൾ രണ്ടും നേടി.

രശ്മിത: അതെ സർ.

പ്രധാനമന്ത്രി: ഒത്തിരിയൊത്തിരി അഭിനന്ദനങ്ങൾ.

രശ്മിത: നന്ദി സർ.

പ്രധാനമന്ത്രി: ശരി രശ്മിത, ജല കായിക വിനോദങ്ങൾക്ക് പുറമെ, നിങ്ങളുടെ ഹോബികൾ എന്തൊക്കെയാണ്?

രശ്മിത: സർ, ജല കായിക വിനോദങ്ങൾക്ക് പുറമേ, എനിക്ക് ഓട്ടം വളരെ ഇഷ്ടമാണ്. അവധിക്കാലത്ത് ഞാൻ ഓടാൻ പോകാറുണ്ട്. ഫുട്ബോളും കളിക്കാറുണ്ട്. ഞാൻ അവിടെ പോകുമ്പോഴെല്ലാം ഓടുകയും ഫുട്ബോൾ കളിക്കുകയും ചെയ്യുന്നു, സർ.


പ്രധാനമന്ത്രി: അപ്പോൾ സ്പോർട്സ് നിങ്ങളുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു.

രശ്മിത: അതെ സർ, ഞാൻ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ സ്കൂളിൽ പഠിക്കുമ്പോൾ, പങ്കെടുത്ത എല്ലാ ഇനങ്ങളിലും ഞാൻ ഒന്നാമതായിരുന്നു, ഞാൻ ഒരു ചാമ്പ്യനായിരുന്നു സർ.

പ്രധാനമന്ത്രി: രശ്മിത, നിങ്ങളെപ്പോലെ കായികരംഗത്ത് പുരോഗതി ആഗ്രഹിക്കുന്നവർക്ക് ഒരു സന്ദേശം നൽകണമെങ്കിൽ, നിങ്ങൾ എന്ത് നൽകും?

രശ്മിത: സർ, നിരവധി കുട്ടികളെ വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ അനുവദിക്കുന്നില്ല, പെൺകുട്ടികളാണെങ്കിൽ, അവർ എങ്ങനെ പുറത്തുപോകും? ചിലർ സാമ്പത്തിക പ്രശ്നങ്ങൾ കാരണം കായികരംഗം ഉപേക്ഷിക്കുന്നു. ഖേലോ ഇന്ത്യ പദ്ധതിയിൽ, നിരവധി കുട്ടികൾക്ക് സാമ്പത്തിക സഹാവും മറ്റനവധി സഹായങ്ങളും ലഭിക്കുന്നു, അതുകൊണ്ട് നിരവധി കുട്ടികൾക്ക് മുന്നോട്ട് വരാൻ സാധിക്കുന്നു. സ്പോർട്സ് ഉപേക്ഷിക്കരുതെന്ന് ➲8

മാതൃഭൂമി ബുക്സ്



# എംടിയുടെ ജീവചരിത്രരചനാകാലം

ജീവചരിത്ര പ്രകാശനവേളയിൽ ജീവചരിത്രകാരൻ
**ഡോ.കെ. ശ്രീകുമാർ**
നടത്തിയ മറുപടി പ്രസംഗം

**ഞാ**നെഴുതിയ എംടിയുടെ ജീവചരിത്ര കൃതി അദ്ദേഹത്തിന്റെ 92-ാം പിറന്നാൾ സുദിനത്തിൽ പ്രകാശിതമായ ഈ സന്ദർഭം അത്യധികമായ ആഹ്ലാദമല്ല, മറിച്ച് അളവറ്റ ആശ്വാസമാണ് സമ്മാനിക്കുന്നത്. എന്റെ എഴുത്തുജീവിതത്തിൽ ഞാൻ ഏറ്റെടുത്തതിൽ ഏറ്റവും ദുഷ്കരമായ ഒരു ദൗത്യത്തിനാണ് ഇന്ന് ശുഭപര്യവസാനം ആയിരിക്കുന്നത്. എന്നിട്ടും സമ്മിശ്രമായ വികാരഭേദങ്ങൾ എന്നെ വലയം ചെയ്യുന്നു.

മനസ്സിൽ ഒരിക്കൽ പോലും ആഗ്രഹിക്കാത്ത ഒന്നായിരുന്നു എംടി എന്ന മഹാപ്രതിഭയുടെ ജീവചരിത്രരചന. പന്തീരാണ്ടുകാലം മാതൃഭൂമിയിലും തുഞ്ചൻപറമ്പിലുമായി എം.ടി. സാറിനോടൊപ്പം ഉണ്ടായിരുന്നിട്ടും അസാധ്യമായ ഒന്നായി തോന്നിയതിനാൽ ആവണം അത്. തികച്ചും അവിചാരിതമായി, അത്രമേൽ യാദൃശ്ചികമായി ആ ദൗത്യം എന്റെ ചുമലിൽ വന്നു വീഴുകയായിരുന്നു. കോഴിക്കോട് ജാഫർഖാൻ കോളനി റോഡിലെ കോസ്മോസ് ഫ്ളാറ്റിലെ മൂന്നാം നിലയിലെ സാറിന്റെ മുറിയിൽ ഇരുന്നാണ് ഇത്തരമൊരു ഭാരം ഞാൻ ഏറ്റെടുത്തത്. അതിന്റെ വ്യാപ്തിയും ആഴവും ശരിയായി അറിയാതെയാണ് അർദ്ധസമ്മതം മൂളിയതെന്ന് ഇപ്പോൾ ആശങ്കയോടെ ഞാൻ ഓർക്കുന്നു.

എന്നും എനിക്കു നൽകിയ ഇത്തിരി വാൽസല്യത്തിന്റെ കരുത്തിലാണ് പ്രവേശനം അത്ര എളുപ്പമല്ലാത്ത ആ മനസ്സിലേക്ക് കടക്കാൻ തുനിഞ്ഞത്. നോട്ടുപുസ്തകം തുറന്നുവെച്ചിരിക്കെ, മറുതലക്കൽ നിന്ന് അലസഭാഷണവും അധിക മൗനവും മാത്രമുണ്ടായപ്പോൾ ജീവചരിത്രരചന വൃഥാശ്രമമെന്ന് മനസ്സു പറഞ്ഞു. എന്നാൽ, ദിവസങ്ങൾ കഴിയവേ ആ സമീപനത്തിൽ പ്രകടമായ മാറ്റം ഉണ്ടായി. സംഭവബഹുലമായ തന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹം എനിക്ക് മുന്നിൽ തുടർച്ചയായില്ലാതെ തുറന്നിട്ടു. കൂടല്ലൂരിലെയും പുന്നയൂർക്കുളത്തെയും ബാല്യവും മലമൽകാവിലെയും കുമാരനെല്ലൂരിലെയും വിദ്യാഭ്യാസകാലവും പാലക്കാട്ടെ വിദ്യാർത്ഥി-അധ്യാപക ജീവിതവും എഴുത്തിന്റെ ഹരിശ്രീയും മാതൃഭൂമിയിലെ രണ്ട് യുഗങ്ങളും ഒക്കെ ജീവിതമെഴുത്തുകാരന് മുന്നിൽ ഓർത്തെടുത്തു പറഞ്ഞു അദ്ദേഹം. 'അമിതമായ മിതഭാഷി' എന്നാണ് ഡോക്ടർ സുകുമാർ അഴീക്കോട് എംടിയെ വിശേഷിപ്പിച്ചത്. ഏതാണ്ട് ഒരു വർഷത്തിലേറെ ഒന്നോ ഒന്നരയോ മണിക്കൂർ തന്റെ ജീവിതം പറഞ്ഞ എംടി പക്ഷേ, എനിക്ക് 'മിതമായ അമിതഭാഷി'യായിരുന്നു.

കോസ്മോസ് ഫ്ളാറ്റിലെ സായാഹ്നങ്ങൾ ജീവിതമെഴുത്തിന്റെ അണിയറയായി. ഓർമ്മകൾ പതിറ്റാണ്ടുകൾക്ക് പിന്നിലേക്ക് നടക്കുമ്പോഴും പ്രായത്തെ വെല്ലുന്ന കൃത്യത എന്നെ അതിശയിപ്പിച്ചു. ആ ജീവിതം കേട്ടെഴുതിയും കാലാനുക്രമത്തിൽ പകർത്തിയെഴുതിയും നോട്ടുപുസ്തകങ്ങൾ പലതും നിറഞ്ഞു. രണ്ടോ മൂന്നോ ദിവസത്തെ ഇടവേള സംസാരത്തിനുണ്ടാവുമ്പോൾ 'ശ്രീകുമാരൻ എന്താ വരാത്തത്' എന്ന് അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൻ സതീശനോ ഡ്രൈവർ സുബിനോ വഴി അന്വേഷിച്ചത് എന്റെ ഉത്സാഹം ഇരട്ടിപ്പിച്ചു. അത് ജീവചരിത്ര രചനയുടെ ഗൗരവം തീർച്ചയായും എന്നിൽ ഉണർത്തി. ദീർഘമൗനങ്ങളും നെടുവീർപ്പുകളും ഇടയ്ക്കെങ്കിലും എന്റെ ആശങ്ക ജനിപ്പിച്ചില്ലെങ്കിലും തുടർന്ന് അനുഭവ വാങ്മയങ്ങളുടെ



*തുഞ്ചൻപറമ്പിൽ നടന്ന പ്രകാശന ചടങ്ങിൽ നിന്നും. എം.മുകുന്ദൻ രാജശ്രീയ്ക്ക് ആദ്യകോപ്പി നൽകി പ്രകാശനം ചെയ്യുന്നു.*

കുത്തൊഴുക്കായി. അപൂർവ്വം ചില വിഷയങ്ങൾ സൂചിപ്പിച്ചപ്പോൾ 'അത് വേണ്ടെ'ന്ന പൂർണവിരാമം ആണ് ഉണ്ടായത്. ജീവിതവും സൗഹൃദ വലയവും സർഗ്ഗകാണ്ഡവും എല്ലാം തികഞ്ഞ വിശ്വാസ്യതയോടെ എനിക്ക് മുന്നിൽ അനാവരണം ചെയ്യപ്പെട്ടു. വ്യക്തതയില്ലാത്ത പല ആരോപണങ്ങൾക്കും സുവ്യക്തമായ വിശദീകരണങ്ങൾ നൽകി. വ്യക്തിജീവിതവുമായി ബന്ധപ്പെട്ട 'സ്നേഹത്തിന്റെ മുഖങ്ങൾ' എന്ന അധ്യായത്തിന്റെ രൂപരേഖ അദ്ദേഹത്തോട് വിശദീകരിച്ചപ്പോൾ, അത് പൂർത്തിയാക്കാൻ അനുവദിക്കാതെ എനിക്ക് നൽകിയത് വിശ്വാസ്യതയുടെ ഒരു സാക്ഷ്യപത്രമാണ് 'ശ്രീകുമാറിന് കാര്യങ്ങൾ അറിയാമല്ലോ. നമ്മൾ വിശദമായി സംസാരിച്ചതും ആണല്ലോ. ധൈര്യമായി എഴുതിക്കോളൂ'.

ആ പ്രതിഭാ ജീവിതത്തിലൂടെ സഞ്ചരിച്ചശേഷം എനിക്ക് തോന്നിയ പല സംശയങ്ങൾക്കും കൃത്യമായ മറുപടി നൽകാനും അദ്ദേഹം തയ്യാറായി. അദ്ദേഹത്തിന്റെ തന്നെ അനുഗ്രഹാശിസ്സുകളോടെ കരടുരൂപം എഴുതാൻ ആരംഭിച്ചു. കോഴിക്കോട്ടെ ഒരു കൊച്ചു വാടക മുറി എം.ടിയുടെ ജീവചരിത്ര മുറിയായി പരാമർശനം ചെയ്തു. അദ്ദേഹത്തിന്റെ മുഴുവൻ കൃതികളും പലവട്ടം വായിച്ചു. എം.ടി പഠനങ്ങളുടെ പാരാവാരം ശ്രദ്ധാപൂർവ്വം പരിശോധിച്ചുമായിരുന്നു രചന. 91-ാം പിറന്നാളിന് കോഴിക്കോട്ടെ കെ.പി. കേശവമേനോൻ ഹാളിലാണ് ജീവചരിത്ര കൃതിയുടെ പ്രഖ്യാപനം നടന്നത്. ആ സമയം ശാരീരികാസ്വാസ്ഥ്യങ്ങൾ മൂലം അദ്ദേഹം ആശുപത്രിയിലായിരുന്നു. ഒരു വർഷക്കാലയളവിനുള്ളിൽ പുസ്തകരചന പൂർത്തിയാകും എന്നും എം.ടി സാറിന്റെ സാന്നിധ്യത്തിൽ തന്നെ അതു പ്രകാശനം ചെയ്യും എന്നും ഞാൻ ഉറച്ചു വിശ്വസിച്ചു. ആ സന്തോഷ മുഹൂർത്തത്തിന്റെ തനിയാവർത്തനങ്ങൾ മനസ്സിൽ കണ്ടു.

എന്റെ ഭയാശങ്കകളുടെ ആഴം വർദ്ധിപ്പിച്ചു കൊണ്ട് 2024 ഒടുവിൽ എം.ടി സാർ വീണ്ടും ആശുപത്രിയിലായി. ചെറിയ ഇടവേളകളിൽ പലതവണ ആശുപത്രിവാസം തുടർന്നു. അഞ്ചാമൂഴത്തിൽ പക്ഷേ കാര്യങ്ങൾ ഗുരുതരമായി. ജീവചരിത്രമെഴുത്ത് അറുപതു ശതമാനത്തോളം പൂർത്തിയായ സമയമായിരുന്നു അത്. എന്റെ മകന്റെ കല്യാണത്തലേന്ന് ഞാൻ അദ്ദേഹത്തെ സ്വപ്നം കണ്ടു. അരുതാത്തതെന്തോ സംഭവിക്കുമെന്ന ഉൾഭയം. പുലർച്ചെ ബേബി മെമ്മോറിയൽ ആശുപത്രിയിൽ എത്തി അത്യാഹിത വിഭാഗത്തിൽ കഴിയുന്ന അദ്ദേഹത്തെ സന്ദർശിച്ചു. ബോധാബോധങ്ങളുടെ നൂൽപ്പാലത്തിലൂടെയുള്ള സഞ്ചാരം. ആ പാദങ്ങളിൽ തൊട്ടു തൊഴുതു മടങ്ങി. മകന്റെ വിവാഹ ചടങ്ങുകളും അനുബന്ധ പരിപാടികളും കഴിഞ്ഞയുടൻ ആ ദുഃഖ വാർത്ത എത്തി. ക്രിസ്മസ് രാവിൽ എം.ടി സാർ ഓർമ്മയായി. സിതാരയിലെ നിലത്ത് നിശ്ചേഷ്ടനായി നീണ്ടു നിവർന്നു കിടന്ന സാറിനെ കണ്ടുമടങ്ങുമ്പോൾ മനസ്സിലുണ്ടായ ശൂന്യത വാക്കുകളിൽ ഒതുക്കാൻ ആവില്ല.

ഞാൻ സാറിനു കൊടുത്ത വാക്കാണ് ജീവചരിത്രം. അത് പൂർത്തിയാക്കി സാറില്ലാത്ത 92-ാം പിറന്നാളിന് തന്നെ പുറത്തിറക്കണം. പക്ഷേ എണ്ണമറ്റ ആശങ്കകൾ മനസ്സിനെ കുത്തിവലിക്കുന്നു. എഴുതിത്തീർക്കാൻ ആവുമോ




**ഡോ. കെ. ശ്രീകുമാർ**

ഡോ. കെ. ശ്രീകുമാർ 1967 ഡിസംബർ 31ന് എറണാകുളം ജില്ലയിലെ കണയന്നൂരിൽ ജനിച്ചു. അച്ഛൻ: കെ.എം. ലക്ഷ്മണൻ നായർ. അമ്മ: എ.എസ്. വിശാലാക്ഷി. മലയാളസാഹിത്യത്തിൽ എം.എ. എം.ഫിൽ, ബി.എഡ്. ബിരുദങ്ങളും പത്രപ്രവർത്തനത്തിൽ പി.ജി.ഡിപ്ലോമയും. മലയാള സംഗീതനാടകങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽനിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടി. കാൽനൂറ്റാണ്ടു നീണ്ട പത്രപ്രവർത്തനത്തിനുശേഷം 2016ൽ മാതൃഭൂമിയിൽനിന്ന് സ്വയം വിരമിച്ചു. ഇപ്പോൾ തിരൂർ തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ കോഓർഡിനേറ്ററാണ്.

ബൃഹദ്ഗ്രന്ഥങ്ങളടക്കം ഇരുനൂറിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ബാലസാഹിത്യം, നാടോടിവിജ്ഞാ നീയം, നാടകപഠനം, ജീവചരിത്രം, ലേഖന പരമ്പര, പുനരാഖ്യാനം, കവിത എന്നീ മേഖലകളിലുള്ളവയാണ് രചനകൾ. കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയുമടക്കം എഴുപതോളം പ്രമുഖ പുരസ്കാരങ്ങൾ ലഭിച്ചു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിലാണ് താമസം. ഇന്ദു ഭാര്യയും വൈശാഖനും നയനതാരയും മക്കളുമാണ്.

വിലാസം: 'ദേവീകൃപ, പി.ഒ. ബാലുശ്ശേരി, കോഴിക്കോട്, പിൻ 673612. ഫോൺ: 9544246473.
e-mail: sreey2002@gmail.com, Website: www. drksreekumar.com

മാതൃഭൂമി ബുക്സ്



എന്ന് എനിക്കുതന്നെ നിശ്ചയമില്ലാത്ത അവസ്ഥ. എവിടെയോ ഒരു പിടിവള്ളി നഷ്ടമായതുപോലെ. തുടർച്ചയായി പല ദിവസങ്ങളിലും എംടി സാർ എന്റെ കനവിൽ വന്നു. വീണ്ടും എഴുത്തിന്റെ കഠിന ശ്രമത്തിലേക്ക് നടന്നു കയറാൻ ആ പ്രചോദനം ധാരാളമായിരുന്നു. എഴുതുന്ന ഓരോ പുറത്തിലും എം.ടി സാറിന്റെ സാന്നിധ്യം ഞാനറിഞ്ഞു. എഴുത്തിന് നേരിട്ട പ്രതിസന്ധി ഘട്ടങ്ങളിൽ അദ്ദേഹമെന്നെ ചേർത്തുനിർത്തുന്നത് അനുഭവപ്പെട്ടു. എവിടെ നിന്നൊക്കെയോ ലഭിച്ച ഈ ധൈര്യമാണ് എന്നെ മുന്നോട്ട് നയിച്ചത്.

'ആരോഗ്യം പണയം വെച്ച് എഴുതിയ പുസ്തകം' എന്ന് അക്ഷരാർത്ഥത്തിൽ ഇതിനെ വിശേഷിപ്പിക്കാം. എഴുത്തിന്റെ പിരിമുറുക്കങ്ങളിൽ ഒരു നാൾ എന്റെ പ്രമേഹസൂചിക 426 തൊട്ടു. ചെസ്റ്റ് ഇൻഫെക്ഷന്റെയും ത്രോട്ട് ഇൻഫെക്ഷന്റെയും മൂന്നാമൂഴങ്ങളും ഉണ്ടായി. എങ്കിലും എഴുത്ത് അടങ്ങാത്ത ഒരാവേശമായി മനസ്സിൽ നിറഞ്ഞു. ആയിരത്തോളം എ ഫോർ കടലാസുകളിൽ ആയി അവസാന വരിയും എഴുതി തീർത്തപ്പോൾ മഷി ഒഴിഞ്ഞത് 86 കറുത്ത ജെൽ പേനകളുടേതാണ്. നാലു ഭാഗങ്ങളായി ബൈൻഡ് ചെയ്ത കയ്യെഴുത്ത് പ്രതി സാറിന്റെ പാദങ്ങളിൽ സമർപ്പിച്ച ശേഷമാണ് മാതൃഭൂമിയിലെ നൗഷാദിന് കൈമാറിയത്. വാക്കുപാലിക്കാൻ ആയതിന്റെ വലിയ സമാധാനം ആ നിമിഷങ്ങളിൽ എന്നെ ചൂഴ്ന്നു നിന്നു. എം.ഡി സാറിന്റെ ജീവചരിവചരിത്രകാരനായി ഞാൻ മാറിയിരിക്കുന്നു. ഈ നിസ്സാര ജന്മത്തിൽ ഇതിനു മേലേ ആയി എനിക്കൊന്നും സാധിക്കാൻ ഇല്ല എന്നും തിരിച്ചറിയുന്നു.

ഏറെ ആഘോഷിക്കപ്പെട്ടവരുടെ ജീവചരിത്ര രചന അത്രയധികം ക്ലേശകരമാണെന്ന് ഞാൻ അനുഭവിച്ചറിയുന്നു. അതും കഥാപുരുഷൻ ഭൗതികമായി ജീവചരിത്രകാരൻ ഒപ്പം ഇല്ലാത്ത സാഹചര്യത്തിൽ. പലതും പലരാലും ചോദ്യം ചെയ്യപ്പെടും. ജീവിത സായാഹ്നത്തിൽ പകർന്നു തന്ന ഓർമ്മകളിൽ അവ്യക്തത ആരോപിക്കപ്പെടും. പറയാത്ത പലതും എഴുതി വെച്ചാലോ എന്നു സംശയിക്കും. ഇങ്ങനെയെല്ലാം പറഞ്ഞു എന്നതിന് രേഖകൾ കൈവശമുണ്ടോ എന്ന് നെറ്റിചുളിക്കും. ജീവചരിത്രത്താളുകളിൽ തങ്ങളെ പ്രതിഷ്ഠിച്ചതിനെ ചൊല്ലി വേവലാതിപ്പെടും. ആകെക്കൂടി ഒരു അവിശ്വാസ കമ്പളം ജീവചരിത്രകാരനു മേൽ നീട്ടി വിരിക്കും. അതിനെയെല്ലാം അതിജീവിച്ചു വേണം ജീവചരിത്ര രചന പൂർത്തീകരിക്കാൻ.

എഴുതി തുടങ്ങുന്നത് മുതൽ ആ മഹാ ജീവിതത്തിന് അടിവരയിടുന്നതു വരെ ഭീതിദമായ ഒരേകാന്തതയാണ് എനിക്ക് അനുഭവപ്പെട്ടത്. കഥാപുരുഷന്റെ വേർപാടോടെ അത് അസഹ്യമായ ഒരു അവസ്ഥയിലേക്ക് വളർന്നു. പ്രതീക്ഷിച്ച ഇടങ്ങളിൽ നിന്നൊന്നും യാതൊരു പിന്തുണയും എനിക്ക് ലഭിച്ചില്ല. കുൽസിതവും സംശയകരവും ആയ ഒരു പ്രവൃത്തി ചെയ്യുന്നു എന്ന തോന്നലിലേക്ക് വരെ കാര്യങ്ങൾ എത്തിച്ചേർന്നു. ധൈര്യം പകർന്നു കൂടെ നിന്നവർ വിരളമായിരുന്നു. അപ്പോഴും എന്നെ ചേർത്തുനിർത്തിയ ഒരു കൈത്തലം അരൂപിയായി എനിക്ക് താങ്ങായി.

ഇരട്ടത്താപ്പുകൾ പലതും കണ്ട നാളുകൾ കൂടിയായി അത്. ഞാൻ മനസ്സിൽ രൂപപ്പെടുത്തിയ ജീവചരിത്രം എഴുത്ത് നീ തട്ടിയെടുത്തുവെന്ന് മുതിർന്ന ഒരു എഴുത്തുകാരൻ കളി പറയുന്നു എന്ന നാട്യത്തിൽ പരിഭവിച്ചു. ഇതെഴുതാൻ ശ്രീകുമാർ മാത്രമാണ് അർഹൻ എന്ന് പറഞ്ഞ് അരമണിക്കൂറിലേറെ സംസാരിച്ച, ഞാൻ ആദരിക്കുന്ന ഒരു വ്യക്തി മറ്റൊരാളോട് പുരികം ചുളിച്ച് ചോദിച്ചത് ഇങ്ങനെ. ആ ബാലകഥകൾ എഴുതി നടക്കുന്നയാൾ എം.ടി സാറിനെ പോലെ ഒരാളുടെ ജീവചരിത്രം എഴുതിയാൽ ശരിയാകുമോ. ജീവചരിത്രത്തിൽ നിസ്സാരമായ ഒരു തെറ്റു പോലും ഉണ്ടാവരുതെന്ന് ഉപദേശിച്ചവരും ഈ പുസ്തകം ഒരു കാലത്തും ഇറങ്ങാൻ പോകുന്നില്ലെന്ന് അടുപ്പമുള്ളവരോട് തീർത്തു പറഞ്ഞവരും ഉണ്ട്. ജീവചരിത്ര രചനയിൽ എനിക്കുള്ള അർഹതയെക്കുറിച്ച് രണ്ട് അവസരങ്ങളിൽ എം.ടി സാർ തന്ന സാക്ഷ്യപത്രങ്ങൾ മാത്രം മതിയാവും ഇതിനു മറുപടിയായി.

'ഡോക്ടർ കെ ശ്രീകുമാർ രചിച്ച സെബാസ്റ്റ്യൻ കുഞ്ഞു കുഞ്ഞു ഭാഗവതർ എന്ന ജീവചരിത്രം അപൂർവ്വ ചാരുതയുള്ള കൃതിയാണ്. പഴയ ഫോട്ടോഗ്രാഫുകൾ, ഭാഗവതരുടെ ഓർമ്മക്കുറിപ്പുകൾ, ആ കാലഘട്ടം ഓർമിക്കുന്ന പലരുമായി നടത്തിയ സംഭാഷണങ്ങളിൽ നിന്നും നേടിയ അറിവുകൾ, ജീവചരിത്ര ഗവേഷണം എങ്ങനെ നടത്തണമെന്ന് ഈ വഴിക്ക് ചിന്തിക്കുന്നവർക്ക് മാതൃക കാണിക്കുകയാണ് ഈ കൃതി'.

'ആരാധകന്റെ വിനയവും ചരിത്രകാരന്റെ സമചിത്തതയും പത്രപ്രവർത്തകന്റെ അന്വേഷണ ബുദ്ധിയും ശ്രീകുമാറിൽ ഒന്നിച്ച് ചേർന്നത് കൊണ്ടാണ് ഈ ജീവിത ചിത്രങ്ങൾ സജീവമായി തീർന്നത്'.

ഇന്നീ പുസ്തകം പ്രകാശിതമായ വേദി എം.ടിയുടെ ഓർമ്മകൾ നിറയുന്ന ഒന്നാണ്. തുഞ്ചൻപറമ്പിനോളം അദ്ദേഹം നെഞ്ചോട് ചേർത്ത മറ്റൊന്നുമില്ല. തുഞ്ചൻപറമ്പിനെ ഇന്ന് കാണുന്ന സാംസ്കാരിക തീർത്ഥാടന കേന്ദ്രമാക്കി മാറ്റിയതിന് പിന്നിൽ അദ്ദേഹത്തിന്റെ ആത്മാർപ്പണമല്ലാതെ മറ്റൊന്നുമല്ല. പുസ്തക പ്രകാശനത്തിന് മറ്റു പലയിടങ്ങളും മാതൃഭൂമി പരിഗണിച്ചെങ്കിലും ഏറ്റവും ഒടുവിൽ ഇവിടം തന്നെ വേദി ആയതിലും ഒരു കാവ്യനീതിയുണ്ട്. തുഞ്ചൻപറമ്പിൽ തുഞ്ചത്ത് ആചാര്യന്റെ അനുഗ്രഹം ഉണ്ട്. ഇവിടുത്തെ ഓരോ മണൽത്തരിയിലും എംടിയുടെ സജീവ സാന്നിധ്യം ഉണ്ട്.

ജീവചരിത്രം മുഴുവനും എം.ടി വായിച്ചു കേട്ട് അംഗീകരിച്ചതാണോ എന്ന് ചോദിച്ചവരുണ്ട്. വ്യക്തിപരമായ കാര്യങ്ങൾ അടങ്ങിയ അധ്യായത്തിന്റെ രൂപരേഖ ഒഴികെ മറ്റൊന്നും അദ്ദേഹം വായിച്ചിട്ടില്ല എന്നാണ് മറുപടി. എന്നാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളെ അച്ചടി ഭാഷയിലേക്കാക്കിയിട്ടുണ്ട്. പറയാത്തതായതൊന്നും ഒരിടത്തും ചേർത്തിട്ടുമില്ല. പ്രകാശനവുമായി ബന്ധപ്പെട്ട് വല്ലാത്ത ഒരു മാനസികാവസ്ഥയിലായിരുന്നു ഇന്നലെ മുതൽ ഞാൻ. തുഞ്ചൻപറമ്പിലെ കോട്ടേജിൽ രാത്രി ഏറെ വൈകി ഉറങ്ങിയപ്പോഴും എം.ടി എന്റെ മുന്നിലെത്തി. തടിച്ച പുസ്തകം ഒന്ന് മറിച്ചു നോക്കി എന്നെ ചേർത്തുനിർത്തി വാത്സല്യത്തോടെ പറയുന്നതായി തോന്നി 'നന്നായി ശ്രീകുമാരാ'.

എം.ടിയെ നെഞ്ചോട് ചേർക്കുന്ന പുരുഷാരമാണ് ഈ പ്രകാശനത്തിന് സാക്ഷ്യം വഹിക്കാൻ എത്തിയിരിക്കുന്നത്. ഞാൻ അറിയുന്നതും അറിയാത്തതുമായ ഒരുപാട് പേരുണ്ട് ഇതിൽ. എന്റെ നാട്ടിൽ നിന്നും ഇതിനായി ബസ് വാടകയ്ക്ക് എടുത്ത് നാല്പതോളം പേരടങ്ങുന്ന സർഗ്ഗ വേദി പ്രവർത്തകർ ഉണ്ട്. ആരോഗ്യം അനുവദിക്കാതിരുന്നിട്ടും ദീർഘദൂരം യാത്ര ചെയ്ത് മകന്റെ പുസ്തക പ്രകാശനം കാണാൻ എത്തിയ അമ്മയും അനുജനും എന്റെ ഭാര്യയും മക്കളും ഒക്കെയുണ്ട്. നിശ്ചയമായും ഉണ്ടാവേണ്ടതെന്ന് ഞാൻ കരുതുന്ന, എന്നാൽ പല കാരണങ്ങൾ കൊണ്ടും എത്താനാവാതെ പോയ പ്രിയപ്പെട്ടവർ മനസ്സുകൊണ്ട് ഇവിടെയുണ്ട്. എല്ലാവരോടും കടപ്പാട്.

മാതൃഭൂമി ബുക്സിന്, നൗഷാദിന്റെയും ശ്രീകുമാറിന്റെയും സിദ്ധാർത്ഥന്റെയും സുജിത്കുമാറിന്റെയും വിമലിന്റെയും വലിയ സഹകരണത്തിന് നന്ദി. ഈ പരിപാടി തുഞ്ചൻപറമ്പിന്റെ സ്വന്തം പരിപാടിയായി ഏറ്റെടുത്ത എന്റെ സഹപ്രവർത്തകരോട് അഭ്യുദയകാംക്ഷികളോട് ഒതുക്കാനാവാത്ത നന്ദി. തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ അളവറ്റ പിന്തുണയ്ക്ക് നന്ദി. ഈ പുസ്തകത്തിന് വഴിയൊരുക്കിയ എം എം ബഷീർ മാഷിനും എംടിയുടെ കുടുംബാംഗങ്ങൾക്കും നന്ദി.

എം ടി വാസുദേവൻ നായർ എന്ന ജീവചരിത്ര പുസ്തകം വായനക്കാരിലേക്ക് എത്തുകയാണ്. തീർത്തും സത്യസന്ധമായി എഴുതിയ പുസ്തകം എന്നല്ലാതെ മറ്റൊരു അവകാശ വാദവും എനിക്കില്ല. സിനിമയുടെ റിലീസ് ദിവസം കാണികളുടെ പ്രതികരണങ്ങളെ ആശങ്കയോടെ കാത്തിരിക്കുന്ന ഒരു സംവിധായകന്റെ മനസ്സാണ് ഇപ്പോൾ. പുസ്തകം വായിച്ചു വിലയിരുത്തുക. ഇഷ്ടമായെങ്കിൽ കൂടെ ഉണ്ടാവുക. ഇതിന്റെ നന്മകൾ വായനക്കാർക്ക് പകുത്ത് നൽകുന്നു. പിഴവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പാപഭാരം നിരുപാധികം ഞാൻ ഏൽക്കുന്നു. നന്ദി.

www.timesofamericanmalayali.com

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താപത്രിക

ഫിച്ചർ, സ്മരണ, കഥ, കവിത തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ക്ഷണിക്കുന്നു.

പ്രശസ്തരുടെ സ്മരണകൾ അമേരിക്കൻ മലയാളികൾക്ക് ഈ പംക്തിയിലൂടെ ജീവിതാനുഭവങ്ങൾ അവതരിപ്പിക്കാം.

കൂടുതൽ വിവരങ്ങൾക്ക് + 94473 55710, 89215 87848 georgethazhakara@gmail.com

## കോടതിക്കഥകൾ - 30

# അമ്മച്ചിയുടെ പിൻവിളി കേൾക്കാൻ കൊതിയോടെ കാത്തിരിക്കാം

അഡ്വ.വർഗീസ് പി. തോമസ്



മുത്തശ്ശിയായാലും വല്യമ്മച്ചിയായാലും എക്കാലവും പേരക്കുട്ടികൾ സ്നേഹവും വാത്സല്യവും അവരോടു കാണിക്കും. ഇവർ തമ്മിലുള്ള സ്നേഹത്തിനു വ്യവസ്ഥകളില്ല, സമ്മർദങ്ങളില്ല. സ്നേഹിച്ചു കൊതിതീരുന്നതിനു മുൻപു കടന്നുപോയ ഒരമ്മച്ചിക്ക് പേരക്കുട്ടി ഏകിയ സമ്മാനങ്ങൾക്കു നേർ സാക്ഷിയാകാൻ ഞാൻ നിയോഗിതനാകേണ്ടിവന്നു. ആ സമ്മാനങ്ങൾ അവരുടെ മരണം പ്രാപിപ്പാനുള്ള അദൃശ്യ അറിയിപ്പായിരുന്നോ എന്നു സന്ദേഹിക്കുന്നു. ചില കാര്യങ്ങളിൽ ഒരു അദൃശ്യ ശക്തിയുടെ പ്രവൃത്തിയും നിയോഗവും നമുക്കനുഭവപ്പെടും.

ആമിമോൾ എന്റെ മകളുടെ മകളാണ്. എന്റെ ഭാര്യയുടെ ദേഹവിയോഗശേഷം ജനിച്ച ആദ്യത്തെ കൊച്ചുമകൾ. ഇവളെ പ്രസവിക്കുന്ന സമയം, മരുമകന്റെ അമ്മ വിദേശത്തുനിന്നും ഓടിയെത്തി. എന്റെ സഹധർമിണിയുടെ അഭാവം മാറ്റുവാൻ അതു സഹായിച്ചു. മകൾക്കും അത് ആശ്വാസമായി. തുടർന്ന് എന്റെ മകന്റെ വിവാഹസമയത്തും അവരുടെ ആ വരവ് ഏറെ സഹായമായി. അവരുടെ മൂത്തമകന്റെ രണ്ടു ചെറു പെൺമക്കളെ സംരക്ഷിച്ചു വളർത്താനാണ് വിദേശത്തു പോയത്. ഞാൻ ചിന്തിച്ചു, ഭാഗ്യമുള്ള കൊച്ചുപെൺമക്കൾ.

ആമിയുടെ ഓരോ വളർച്ചയിലും ഈ അമ്മച്ചിയുടെ പരിപാലനവും പരിലാളനവും ഞാൻ കണ്ടുകൊണ്ടിരുന്നു. എൽ.കെ.ജിയിലും യു.കെ.ജിയിലും തുടർന്നുള്ള ഓരോ ക്ലാസുകളിലും അവളെ ഒരുക്കിവിടുന്നതും തിരികെ എത്തുംവരെ ആകാംക്ഷയോടെ കാത്തിരുന്നു സ്വീകരിക്കുന്നതും നിത്യസംഭവമാണ്. ചില സന്ദർഭങ്ങളിൽ ഇരുവരും വഴക്കിട്ടു പിണങ്ങുന്നത്, അവർക്കിടയിലെ സ്നേഹവാത്സല്യത്തിന്റെ ഊഷ്മളത കൂട്ടിക്കൊണ്ടിരുന്നു.

ആമിക്ക് വയസ്സ് ഏതാണ്ട് ആറോളമായി. ടെലിവിഷൻ ചാനലിലൂടെ മിക്കപ്പോഴും അവൾ കണ്ട ഫാഷൻ പരേഡുകളും സൗന്ദര്യമത്സരങ്ങളും സമ്മാനദാന ചടങ്ങുകളും അവളെ നന്നെ ആകർഷിച്ചിരുന്നു. തൽഫലമായി ലോകസുന്ദരിയെ തിരഞ്ഞെടുക്കുന്ന ഒരു ഏകാംഗ നാടകം, അവളുടെ സങ്കൽപത്തിൽ വീടിനുള്ളിലെ നീണ്ട ഹാളിൽ സ്വയം സംഘടിപ്പിച്ചു. അവളുടെ അപ്പച്ചനെയും അമ്മച്ചിയെയും രണ്ടു കസേരകളിൽ സൗന്ദര്യമത്സരം കാണാനെത്തിയവരെപ്പോലെ നിർബന്ധിച്ചിരുത്തി. അവർക്കഭിമുഖമായി നീണ്ട ഹാൾ മത്സരവേദിയാക്കി. മറ്റൊരു വല്യപ്പനായ എന്നെ വിധികർത്താവായും കോമ്പയർ ആയും ഇരിക്കുവാൻ നിർബന്ധിച്ചു. ഞങ്ങൾ മൂന്നു പേർക്കും അവളെ അനുസരിക്കുകയല്ലാതെ മറ്റു മാർഗങ്ങൾ അപ്പോൾ ഇല്ലായിരുന്നു.

അവളുടേതുൾപ്പെടെ, അഞ്ചു പേരുകൾ ആമി മത്സരാർത്ഥികൾക്കു നൽകി. ആമിയേയും, സാങ്കല്പിക പേരുകൾ ഇട്ടവരെയും ഓരോരുത്തരായി വേദിയിലേക്കു മത്സരത്തിനു വിളിച്ചു. അവൾ തന്നെ മത്സരവേദിയായ റാമ്പിൽ എത്തി അഞ്ചു വ്യത്യസ്ത സൗന്ദര്യഭാവങ്ങൾ കാട്ടി.

ആ മത്സരത്തിൽ വിധികർത്താവിന്റെ ജോലി എന്നെ ഏല്പിച്ചതിനാൽ ലോകസുന്ദരിയെ പ്രഖ്യാപിക്കുന്നതിനു മുൻപ് അവൾ ഓടി എന്റെ അരികിലെത്തി, രഹസ്യത്തിൽ എന്റെ ചെവിയിൽ പറഞ്ഞു:

"അപ്പാ ലോകസുന്ദരി ആമിയാണെന്നു പ്രഖ്യാപിക്കണം. ആ സന്തോഷത്തിൽ ഞാൻ നിൽക്കുമ്പോൾ എന്റെ അമ്മച്ചി സ്റ്റേജിൽ കയറി വരണമെന്ന് ആവശ്യപ്പെടണം. സുന്ദരിപട്ടം കിട്ടാനുണ്ടായ കാരണം വിശദീകരിക്കാമോ എന്ന് എന്നോടു ചോദിക്കണം."

അവൾ ആഗ്രഹിച്ച പ്രകാരം ഈ മൂന്നു കാര്യങ്ങളും ഞാൻ സാങ്കല്പിക മൈക്കിൽ കൂടി അഭിനയിച്ചു പറഞ്ഞു. അവളുടെ അമ്മച്ചിയെ നിർബന്ധിച്ച് സ്റ്റേജിൽ കയറ്റി, അവളുടെ അരികിൽ നിർത്തി. ആമി എന്റെ കൈയിൽനിന്നും മൈക്ക് വാങ്ങി അഭിനയിച്ച് പറഞ്ഞു:

"എനിക്ക് ലോകസുന്ദരിപട്ടം കിട്ടാൻ ഏക കാരണക്കാരി എന്റെ ഈ അമ്മച്ചിയാണ്. ചെറുപ്പം മുതൽ നല്ല ആഹാരം തരികയും വൃത്തിയായി വസ്ത്രങ്ങൾ ധരിപ്പിച്ച്, തലമുടി ചീകിക്കെട്ടി സ്കൂളിൽ വിട്ടിരുന്നത് അമ്മച്ചിയാണ്. എന്റെ സൗന്ദര്യം നിലനിർത്താൻ അമ്മച്ചി ഏറെ പണിപ്പെട്ടിട്ടുണ്ട്. പല സൗന്ദര്യമത്സരങ്ങൾക്കും കൊണ്ടുപോയിരുന്നത് അമ്മച്ചിയാണ്. ഈ സമ്മാനം എന്റെ അമ്മച്ചിക്കുള്ളതാണ്."

സ്റ്റേജിൽ ഈ കൊച്ചുമകൾ പറയുന്ന ഓരോ വാക്കും ശ്രദ്ധയോടെ കൺകുളിർക്കെ കാണുകയും കേൾക്കുകയും ചെയ്ത അമ്മച്ചിയുടെ കണ്ണുകളിൽനിന്നും ആനന്ദക്കണ്ണീർ ധാരധാരയായി പൊഴിഞ്ഞുകൊണ്ടിരുന്നു. മാത്രമല്ല ആ കൊച്ചുമകളെ അവർ വാരിപ്പുണർന്ന് ഇടവും വലവും ഉമ്മകൊടുത്തു പറഞ്ഞു:

"എടീ മോനെ! നീ എനിക്കു നൽകാവുന്നതിലും ഏറ്റവും വലിയ സമ്മാനം തന്നു. ഇനിയും അമ്മച്ചിക്കു മരിച്ചാൽ മതി."

പെട്ടെന്നവൾ അടുത്ത കുസൃതിയിലേക്കു കടന്നു.

അടുത്ത സംഭവം മറ്റൊരു വേദിയിലാണു നടന്നത്. ആമിയുടെ അമ്മച്ചിയും അപ്പച്ചനും ഞാനും എറണാകുളം പനമ്പിള്ളി നഗറിലെ ക്രസന്റ് ഹോട്ടലിൽ ഒരു വിവാഹവിരുന്നിൽ പങ്കെടുത്തു. അപ്പോൾ പല അതിഥികളും മുന്തിയ കാറുകളിൽ സൽക്കാരത്തിൽ പങ്കെടുക്കുന്നു. ഭക്ഷണസമയത്തും ഇടയ്ക്കും കുറുമ്പും കുസൃതിയും കാട്ടിയിരുന്ന ആമിയെ, അവളുടെ അമ്മച്ചി സ്നേഹം കൈവിടാതെ ശകാരിക്കുന്നതു കണ്ടു. സൽക്കാരം കഴിഞ്ഞ് അവളെ വൃത്തിയാക്കി പുറത്തു കൊണ്ടുവന്നു. പെട്ടെന്ന് ഒരു മുന്തിയ ഇനം കാർ അവളുടെ ശ്രദ്ധയിൽ പെട്ടു. പെട്ടെന്ന് അമ്മച്ചിയെ തോണ്ടി ചോദിച്ചു:

"അമ്മച്ചീ... ആ കാറു കണ്ടോ, അടിപൊളിയല്ലേ? അമ്മച്ചിക്ക് ഇഷ്ടമായോ?"

"അമ്മച്ചിക്ക് ഇഷ്ടമായി" അവർ മറുപടി നൽകി.

"ആ കാറിൽ അമ്മച്ചിക്കു കേറാൻ ആഗ്രഹമുണ്ടോ?"

"നമുക്ക് അതേൽ കയറാനൊക്കുമോ? പോരാഞ്ഞ് പത്തൻപതു ലക്ഷം രൂപ വിലയുള്ള വണ്ടിയല്ലേ? അതു വാങ്ങാനുള്ള നിവൃത്തി നമുക്കില്ല കുഞ്ഞേ." അമ്മച്ചി തമാശയോടെ മറുപടി നൽകി.

"എന്നാൽ അമ്മച്ചി കണ്ടോണം. ഞാൻ പഠിച്ചു വലുതായി ഇതുപോലെ ഒരു കാറു വാങ്ങും. അമ്മച്ചിയെ ഞാൻ ആ കാറിൽ കൊണ്ടുനടക്കും."

"എന്റെ പൊന്നുമോളെ! ഇപ്പോൾത്തന്നെ ആ കാറിൽ കേറിയതുപോലെ എനിക്കു തോന്നുന്നു. ഇനിയും അമ്മച്ചിക്കു മരിച്ചാൽ മതി." പരിപൂർണ സംതൃപ്തിയോടെ അമ്മച്ചി മറുപടി പറഞ്ഞു.

"അമ്മച്ചി മരിച്ചാലും അടക്കിയ കല്ലറയുടെ അരികിൽ ഞാൻ ആ കാറുമായി വരും. എന്നിട്ട് അമ്മച്ചിയെ കാറു കാണിച്ച്, അതിൽ കയറാൻ പറയും."

ആ കൊച്ചുമകളുടെ കരുതലോടെയുള്ള വാക്കുകൾ കേട്ട്, അവരുടെ കണ്ണുകളിൽനിന്നും വീണ്ടും ആനന്ദക്കണ്ണുനീർ വന്നു. അവർ ആമിയുടെ തലയിൽ തഴുകി ഇറുക്കിപ്പിടിച്ച്, പ്രവഹിക്കുന്ന സ്നേഹത്തോടെ ഉമ്മകൊടുത്തു. അല്പം തമാശകലർത്തി പറഞ്ഞു:

"എന്റെ പൊന്നുമോളെ! നീ കല്ലറ പൊളിച്ച് എന്നെ എടുത്ത് കാറിൽ കയറ്റുന്നവളാ. എന്നാലും എനിക്കു വേണ്ടിയല്ലേ നീ ഇതൊക്കെ പറയുന്നത്. അമ്മച്ചിക്കു മതിയായി... മതിയായി മോളെ."

അവളുടെ അമ്മച്ചിക്ക് അധികം താമസിയാതെ വയറിനുള്ളിലെ അസ്വസ്ഥതയ്ക്കു സ്കാൻ ചെയ്തു. കാൻസർ അതിന്റെ കഠിനരൂപത്തിലെത്തിയതായി കണ്ടു. എന്റെ മകളും അവളുടെ കുടുംബാംഗങ്ങളും ആകെ അസ്വസ്ഥരായി. സ്നേഹമുള്ള അവർ അവശതയിലേക്കു നീങ്ങിയപ്പോഴും മറ്റുള്ളവരുടെ ക്ഷേമവും സൗഖ്യവും പരിഗണിച്ചുകൊണ്ടിരുന്നു.

എന്റെ മകൾക്ക് താങ്ങാവുന്നതിലധികമായി ആ മാതാവിനെ പരിചരിച്ചുകൊണ്ടിരുന്നു. ബന്ധുക്കാരിയുടെ മൂത്തമകനും ഭാര്യയും രണ്ടു പെൺകുഞ്ഞുങ്ങളും അമേരിക്കയിൽനിന്നും എത്തിക്കഴിഞ്ഞു. ഈ സമയത്ത് എന്റെ മകന്റെ ജോലിസ്ഥലമായ ന്യൂസീലൻഡിലേക്കു പോകുവാനുള്ള വിസാ എനിക്കെത്തി. ഈ അവസ്ഥയിൽ എന്തു ചെയ്യണമെന്നറിയാതെ വ്യഥയോടെ ഓരോ കാര്യങ്ങളും ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നു.

എന്റെ ഭാര്യ കാൻസർ മൂലം അകാലങ്ങളിൽ കടന്നുപോയത്, എന്റെ മകളെ വല്ലാതെ തളർത്തിയിരുന്നു. എന്നാൽ ഈ അമ്മയുടെ സാമീപ്യത്താൽ കാലക്രമേണ അവളുടെ അനാഥത്വം കുറച്ചൊക്കെ മാറിയതാണ്. അമ്മയില്ലാത്ത ദുഃഖം മാറിവന്നപ്പോൾ, ഈ അമ്മയ്ക്കും അതാ കാൻസർ മറ്റൊരു രൂപത്തിൽ വന്നിരിക്കുന്നു. ദുഃഖം സഹിക്കവയ്യാതെ വിങ്ങിവിങ്ങിക്കരഞ്ഞ് എന്നോട് ഉത്തരംമുട്ടുംവിധം മകൾ ചോദിച്ചു:

"അപ്പാ! എനിക്കും എന്റെ ആമിക്കും ആരുണ്ട്? ഈ മമ്മിയും പോയിക്കഴിഞ്ഞാൽ ഞാൻ എന്തു ചെയ്യും?"

പലതും പറഞ്ഞു സമാധാനപ്പെടുത്താൻ ശ്രമിച്ചു. എന്റെ യാത്രയ്ക്കുള്ള ദിവസം അടുത്തുകൊണ്ടിരുന്നു. ഇടയ്ക്കു യാത്ര ഉപേക്ഷിക്കാൻ വരെ തയാറായി. ഞാൻ അവിടെയായിരിക്കുമ്പോൾ ദുഃഖമുള്ള കാര്യം ബന്ധുക്കാരിക്കു സംഭവിച്ചാൽ, എന്തു ചെയ്യും. പോയിവരുന്നതു വരെ ഒന്നും സംഭവിക്കില്ലെന്നു ബന്ധുക്കളും മരുമകനും മോളും പറഞ്ഞു. ആ ഉറപ്പിൽ പോയിവരാൻ തീരുമാനിച്ചു.

ബന്ധുക്കാരിയോടു യാത്രചോദിക്കാൻ അതിയായ വിഷമമുണ്ടായിരുന്നു. പോകുന്ന ദിവസമെത്തി. വിമാനയാത്ര രാത്രിയിലായതിനാൽ, സന്ധ്യയോടെ ബന്ധുക്കാരിയുടെ അരികിലെത്തി. ആ മുഖത്തേക്കു നോക്കി, പോയിവരട്ടെ എന്നു പറയാൻ ഞാനേറെ വിഷമിച്ചു. പക്ഷേ എന്റെ ആഗമനോദ്ദേശ്യം മനസ്സിലാക്കി, യാത്രചോദിക്കും മുൻപ് അവർ എന്നെ ആശ്വസിപ്പിച്ചു പറഞ്ഞു:

"അച്ചായൻ പോയിട്ടുവാ, എനിക്കു നല്ല കുറവുണ്ട്."

ഞാൻ യാത്രചൊല്ലി. എന്റെ കൊച്ചുമകൾ ആമിയെ ഒന്നു നോക്കി. അവൾ എന്തോ പിണക്കത്തിലാണ്. അമ്മച്ചിയുടെ അവസ്ഥയും എന്റെ അഭാവവും അവളുടെ കൊച്ചുമനസ്സിനെ അലട്ടിയിരുന്നു. ഞാൻ അവൾക്ക് ഒരു ഉമ്മ കൊടുത്തു പിരിഞ്ഞു.

ന്യൂസീലൻഡിൽ എത്തിക്കഴിഞ്ഞു, ബന്ധുക്കാരിയുടെ ശാരീരികനില തിരക്കിക്കൊണ്ടിരുന്നു. അവരെ അപ്പോഴേക്കും ഹോസ്പിറ്റലിലാക്കി. അവിടെ രണ്ടു മരുമക്കളും അല്ല രണ്ടു പെൺമക്കളും അവരുടെ ഇടവും വലവും നിന്നു പരിചരിച്ചു.

ഒരു ദിവസം ആ ദുഃഖവാർത്ത മോള് കരഞ്ഞുകൊണ്ട് വിളിച്ചറിയിച്ചു:

"അപ്പാ... മമ്മി ഞങ്ങളെ വിട്ട്, സ്വർഗത്തിലേക്കു പോയി."

അവളെ സാന്ത്വനപ്പെടുത്താൻ പല വാക്കുകളിൽ ശ്രമിച്ചിട്ടും അവൾ പൂരിപ്പിക്കാത്ത വാക്കുകളിൽ ഇത്രയും പറഞ്ഞു:

"ഈ മമ്മിയും പോയി... ഇനിയും..."

പൂരിപ്പിക്കാത്ത ഭാഗം എന്തെന്ന് എനിക്കറിയാമായിരുന്നു. പിന്നീട് കൊച്ചുമക്കളെപ്പറ്റി തിരക്കി, പ്രത്യേകിച്ച് ആമിയെ. അവർ മൂവരും മൗനതയിലാണെന്നറിഞ്ഞു. അമ്മച്ചിയുടെ വേർപാട് അവരെ വല്ലാതെ ഉലച്ചു.

ഞാൻ മൂന്നു മാസങ്ങൾക്കു ശേഷം തിരികെ നാട്ടിലെത്തി. ആദ്യം ബന്ധുക്കാരിയുടെ കല്ലറയ്ക്കൽ പോയി. ആ യാത്രയിൽ മരുമകനും മകളും ആമിയും ബന്ധുക്കാരനും ഉണ്ടായിരുന്നു. എന്റെ സങ്കടം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ആമിയെ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അവൾ അതീവ ദുഃഖിതയായിരുന്നു. മൗനമായി നിന്ന് അവൾ എന്തോ പിറുപിറുക്കുന്നതുപോലെ തോന്നി. കൂടെ എത്തിയവർ പ്രാർത്ഥന കഴിഞ്ഞ് തിരികെ ഓരോരുത്തരായി പിരിയാൻ തുടങ്ങി. ഞാൻ ആമിയുടെ മാനസികനില അറിയാൻ ചോദിച്ചു:

"മോളെ! ആമീ, അമ്മച്ചിയോട് വല്ലതും പറഞ്ഞോ?"

"വേണ്ട, അമ്മച്ചിയോട് ഞാൻ പിണങ്ങിയാ, എന്നെ ഇട്ടേച്ചു പോയില്ലേ?" അവളുടെ സ്നേഹമുള്ള പിണക്കം എന്നു തീരും? ആർക്കറിയാം. എന്നാൽ അവളുടെ മനസ്സു ഞാൻ വായിച്ചെടുത്തു.


ഇനിയും കൊതിയോടെ കാത്തിരിക്കാം ഞാൻ
അമ്മച്ചിയുടെ മടിയിലുറങ്ങാൻ
ഇനിയും കാതോർത്തു ദൂരെ നിൽക്കാം ഞാൻ
അമ്മച്ചിയുടെ പിൻവിളികേൾക്കാൻ
കൊച്ചരിപ്രാവായ് പറക്കാം ഞാൻ
അമ്മച്ചി ആ കൈകൊണ്ടു തലോടിയാൽ
വൃശ്ചികപൂവായ് എന്നെ വിളിച്ചാൽ ഞാൻ
പിച്ചകപൂവായ് ഉണർന്നിടാം
അമ്മച്ചിയുടെ മടിയിൽ കുഞ്ഞായി ഞാനൊന്നുറങ്ങട്ടേ
കൊതിയോടെ പിൻവിളികേൾക്കാൻ കാത്തിരിക്കുന്നു
ചന്ദനത്തിരിപോലെ എന്റെ സങ്കടം എരിയുന്നൂ, അമ്മച്ചീ...

# സെപ്റ്റംബർ


## ജനനം



01 കെ.പി.കേശവമേനോൻ (1886)
03 ബ്രഹ്മാനന്ദശിവയോഗി
കാർട്ടൂണിസ്റ്റ് കുട്ടി (പി.കെ.ശങ്കരൻകുട്ടി) 1921-2011
05 ഡോ.എസ്.രാധാകൃഷ്ണൻ (1888-1975)
06 വാഴേങ്കട കുഞ്ഞുനായർ (1909)
വിഷ്ണു ഭാരതീയൻ (1892)
പുത്തൻകാവ് മാത്തൻ തരകൻ (1903)



07 ഇടമറുക് (ജോസഫ് ടി.സി) 1934-2006
08 പുളിമാന പരമേശ്വരൻപിള്ള 1915
പ്രൊഫ.ബി.ഹൃദയകുമാരി (1930-2014)
09 കെ.കേളപ്പൻ (1889)
ശീവൊള്ളി നാരായണൻ നമ്പൂതിരി (1868)
രാമചന്ദ്രൻ വടക്കേടത്ത് (1928- 2012)
10 പാറേമാക്കൽ തോമാ കത്തനാർ (1736)
വള്ളംകുളം പി.ജി.പിള്ള (1926)



12 ഡോ.കെ.അയ്യപ്പപ്പണിക്കർ (1930-2006)
പ്രൊഫ.കെ.ഗോപാലകൃഷ്ണൻ (1932-2012)
13 എസ്.കെ.മാരാർ (1930-2005)
14 ഇ.വി.കൃഷ്ണപിള്ള (1894)
ബിഷപ്പ് പൗലോസ് മാർ പൗലോസ് (1941)
ചെമ്പൈ വൈദ്യനാഥഭാഗവതർ (1896-1974)
ജി.ഭാർഗ്ഗവൻപിള്ള (1933-2009)
15 ചെമ്പകരാമൻപിള്ള (1891-1934)
എം.എസ്.മേനോൻ (1925)
വിശ്വേശരയ്യ (1861-1962)
മേലൂർ ദാമോദരൻ (1934-2006)
ബി.മാധവമേനോൻ (1922-2010)



16 പ്രൊഫ.ഏറ്റുമാനൂർ സോമദാസൻ (1950-2011)
എൻ.കോയിത്തട്ട (1916)
18 എം.ഗോവിന്ദൻ (1919-1989)
19 കുഞ്ഞിക്കുട്ടൻ തമ്പുരാൻ (1864)
21 ജോസഫ് ചെറുവത്തൂർ (1906)
എൻ.കൃഷ്ണൻനായർ (1938)
പി.വി.കുര്യാക്കോസ് (1933-2007)
പവിത്രൻ (1950-2006)



22 എൻ.കൃഷ്ണപിള്ള (1916)
23 പ്രേംജി (1908)
എൻ.ഡി.കൃഷ്ണനുണ്ണി (1906)
25 ജോർജ് മാത്തൻ (1819)
26 പട്ടിയ്ക്കാംതൊടി രാവുണ്ണിമേനോൻ (1860)
27 കൈനിക്കര കുമാരപിള്ള (1900)
29 ആറ്റൂർ കൃഷ്ണപിഷാരടി (1875)
ഡോ.സി.പി.ശിവദാസൻ (1940-2010)
30 നാലാങ്കൽ കൃഷ്ണപിള്ള (1910)



## 100 വർഷം മുമ്പ്

**സെപ്റ്റംബർ** - 07
തിരുവല്ലയിൽ നിന്ന് പൗരപ്രഭാഷകൻ എന്ന പ്രതിവാര പത്രം ആരംഭിച്ചു.

**സെപ്റ്റംബർ** - 10
തിരുവനന്തപുരത്തിന് സമീപമുള്ള മുടയ്ക്കം കുന്നിൽ പാറക്ഷേത്രം അതിന്റെ സകലമാന ഉടമസ്ഥാവകാശത്തോടും കൂടി ശ്രീനാരായണ ഗുരുവിനെ ഏൽപ്പിച്ചുകൊടുത്തു.

**സെപ്റ്റംബർ** - 15
നിർബന്ധ പ്രാഥമിക വിദ്യാഭ്യാസം കോഴിക്കോട് നഗരത്തിൽ ഒക്ടോബർ ഒന്നു മുതൽ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു.

**സെപ്റ്റംബർ** - 16
തലശ്ശേരിയിൽ രാമബാണം എന്ന പ്രതിവാര പത്രം പ്രസിദ്ധീകരണം ആരംഭിച്ചു.

**സെപ്റ്റംബർ** - 18
ക്രിസ്ത്യാനികളല്ലാത്ത വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ പഠനസമയത്ത് ക്രൈസ്തവ പ്രാർത്ഥനകൾ നടത്തരുതെന്ന് കൊച്ചി വിദ്യാഭ്യാസ ഡയറക്ടർ കല്പിച്ചു.

**സെപ്റ്റംബർ** - 27
നമ്പൂതിരി യോഗക്ഷേമസഭയുടെ സംസ്ഥാന സഭ പാഞ്ഞാൾ ക്ഷേത്രത്തിൽ ചേർന്ന് മലബാർ കുടിയാൻ ബില്ലിനെക്കുറിച്ച് സെലക്ടു കമ്മിറ്റിയുടെ തീർപ്പുകളിൽ, പ്രത്യേകിച്ച് കാണക്കുടിയാന്മാർക്കും മറ്റും ഭൂമിയിന്മേൽ സ്ഥിരാവകാശം നൽകിയതിൽ പ്രതിഷേധിച്ചു കൊണ്ടുള്ള പ്രമേയങ്ങൾ പാസാക്കി.
ശ്രീനാരായണഗുരു വൈക്കം സത്യാഗ്രഹാശ്രമം സ്ഥാപിച്ചു.


**സെപ്റ്റംബർ** - 28
ശ്രീനാരായണഗുരുവിന്റെ പിൻഗാമിയായി അദ്ദേഹത്തിന്റെ ശിഷ്യൻ സ്വാമി ബോധാനന്ദനെ ഗുരു തന്നെ നിയമിച്ചു.
മഹാത്മഗാന്ധിയുടെ ദീർഘായുസ്സിനായി പ്രാർത്ഥിക്കാൻ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ വൈക്കം സത്യഗ്രഹാശ്രമത്തിൽ പ്രാർത്ഥനായോഗം കൂടി.

## ചരമം

01 പി.പി.ഉമ്മർകോയ (1922-2000)
സി.ബി.കുമാർ (1910-1972)
02 ജഗതി എൻ.കെ.ആചാരി (1924-1997)




03 കെ.സി.കേശവപിള്ള (1868-1913)
സി.കെ.കരിം (1929-2000)
കെ.എസ്.നാരായണപിള്ള (1930-2006)
06 പോഞ്ഞിക്കര റാഫി (1924-1992)
കല്ലന്മാർതൊടി രാവുണ്ണിമേനോൻ (1900-1947)
07 ഗോവിന്ദപൈ (മഞ്ചേശ്വരം) 1883-1963
ഒ.ചന്തുമേനോൻ (1847-1899)
വി.എസ്.കേരളീയൻ (1913-1990)



09 കടത്തനാട്ട് ഉദയവർമ്മതമ്പുരാൻ (1865-1906)
രാജ് തോമസ് (2001)
10 ബ്രഹ്മാനന്ദശിവയോഗി (1852-1929)
വക്കം അബ്ദുൾഖാദർ (1943)
11 സുബ്രഹ്മണ്യഭാരതി (1882-1921)
12 എ.ഡി.ഹരിശർമ്മ (1893-1972)
13 സഞ്ജയൻ (എം.ആർ.നായർ) 1903-1943
കോന്നിയൂർ നരേന്ദ്രനാഥ് 2008
14 പുന്നശ്ശേരി നമ്പീനീലകണ്ഠശർമ്മ (1858-1935)
എം.കുട്ടികൃഷ്ണൻ (1939-2004)
പി.കെ.ഗോപാലകൃഷ്ണൻ (1924-2009)
15 മുതുകുളം പാർവ്വതിയമ്മ (1904-1977)
കെ.വി.അനൂപ് (1972-2014)



16 മാവേലിക്കര ഉദയവർമ്മതമ്പുരാൻ (1844-1920)
എസ്.എൽ.പുരം സദാനന്ദൻ (1927-2005)
17 ജി.കുമാരപിള്ള (1923-2000)
പട്ടിക്കാംതൊടി രാവുണ്ണിമേനോൻ (1860-1946)
ജോസ് ചിറമ്മൽ (2006)
18 എ.ടി.കോവൂർ (അബ്രഹാം തോമസ്) 1898-1978
പി.വി.കുര്യാക്കോസ് (1933-2007)
19 ചങ്ങരംകോതകൃഷ്ണൻ കർത്താവ് (1881-1962)
20 കെടാമംഗലം പപ്പുക്കുട്ടി (1901-1974)
ടി.കെ.വേലുപ്പിള്ള (1882-1950)
ആനി ബസന്റ് (1847-1938)
22 കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1845-1915)
മുൻഷി രാമക്കുറുപ്പ് (1848-1897)
പുത്തേഴത്തു രാമൻമേനോൻ (1891-1973)
23 ജഗതി വേലായുധൻനായർ (1928-2000)
24 എം.ആർ.വേലുപ്പിള്ളശാസ്ത്രി (1897-1956)
കടവിൽ ശശി (1946-2006)



27 കല്ലേൽ പൊക്കുടൻ (1937-2015)
രാജാ റാം മോഹൻ റായ് (1772-1833)
28 സി.എച്ച്.മുഹമ്മദ് കോയ (1929-1983)
29 ബാലാമണിയമ്മ (1909-2004)
30 കാരൂർ നീലകണ്ഠപിള്ള (1898-1775)
മേലങ്ങത്ത് അച്യുതമേനോൻ (1887-1968)




## തുടക്കം


05 മലയാളരാജ്യം ദിനപത്രം (1928)
06 ദേശാഭിമാനി പത്രം (1942)
14 കേരള ഗ്രന്ഥശാലാദിനം
(കേരള ഗ്രന്ഥശാലാസംഘം തുടക്കം 1945)
16 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടക്കം 1968
കുഞ്ചൻ നമ്പ്യാർ സ്മാരകം അമ്പലപ്പുഴ 1967
18 കേസരി പത്രം (പത്രാധിപർ എ.ബാലകൃഷ്ണപിള്ള) 1930
22 കേരള സാഹിത്യ അക്കാദമിയുടെ
ആസ്ഥാനം തിരുവനന്തപുരത്തുനിന്നും തൃശൂരിലേക്ക് മാറ്റി 1957
23 ചിന്താ പബ്ലിക്കേഷൻസ് (1973)


## ചിത്രശാല



*ബാലാമണിയമ്മയും മകൾ മാധവിക്കുട്ടിയും.*















*'തൊട്ടുകൂടാത്തവർ തീണ്ടികൂടാത്തവർ*
*ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ*
*കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-*
*യൊട്ടല്ലഹോ! ജാതിക്കോമരങ്ങൾ'*

ശ്ലോകത്തിന്റെ അർത്ഥംകൂടി പറഞ്ഞുകൊണ്ട് ശ്രീനാരായണ ധർമപരിപാലനയോഗം ജാതിക്കെതിരെയാണ് പ്രവർത്തിക്കുന്നതെന്നു പറഞ്ഞതോടെ ശ്രീനാരായണ ഗുരുസ്വാമിയും കുമാരനാശാനും ടി.കെ.മാധവനും സാനുവിന്റെ മനസ്സിൽ തെളിഞ്ഞു നിന്നു.

കണ്ടയാശാന്റെ സ്കൂളിൽ ചേർന്നതോടെ കൂടുതൽ കൂട്ടുകാരെയും അദ്ധ്യാപകരെയും കിട്ടി. രണ്ടാംക്ലാസിലെ മാധവൻസാറിനെ ഭയമായിരുന്നു. മൂന്നാം ക്ലാസിലെ ഗോവിന്ദൻ സാറിനോട് ബഹുമാനമായി. ഒന്നാം ക്ലാസിൽ പഠിപ്പിച്ചിരുന്ന സുഗതൻ സാറിനെ ഏറെ ഇഷ്ടപ്പെട്ടു. ആ സാറു വല്യച്ചന്റെയും അച്ഛന്റെയും സുഹൃത്തായിരുന്നു. വീട്ടിലും അച്ഛന്റെ ജൗളിക്കടയിലും വന്നിരുന്നു സംസാരിക്കുന്നത് കണ്ടിട്ടുണ്ട്. ആ സുഗതൻസാറായിരുന്നു പിൽക്കാലത്ത് അറിയപ്പെട്ട സഖാവ് ആർ.സുഗതൻ.

**രായണഗുരു രണ്ടുപ്രാവശ്യം ആ വീട്ടിൽ വന്നിട്ടുണ്ടായിരുന്നു. തെക്കേമുറി അദ്ദേഹത്തിനായി ഒരുക്കിയിരുന്നു. വിള ക്കുതെളിച്ചാണ് അദ്ദേഹത്തെ സ്വീകരിച്ചത്. ആ മുറിയിലായിരുന്നു അദ്ദേഹം വിശ്രമിച്ചിരുന്നത്. സ്വാമിയെ കാണുവാനായി ചുറ്റുപാടുമുള്ളവർ വരുമായിരുന്നു. രോഗങ്ങൾ കേട്ട് വൈദ്യനെപ്പോലെ ചി കിത്സ നിശ്ചയിച്ചിരുന്നു. ശുചിത്വത്തെക്കുറിച്ചും അക്ഷരജ്ഞാനത്തെക്കുറിച്ചും അവരോടു സംസാരിച്ചിരുന്നു. അതിനെ തുടർന്നാണ് മൂപ്പീന് വീടിനോടു ചേർന്ന് മുതിർന്നവർക്കായി പാഠശാല ആരംഭിച്ചത്. പിൽക്കാലത്ത് മൂപ്പീനു യോഗത്തിന്റെ ചുമതലക്കാരനായപ്പോൾ പാഠശാല ശ്രീനാരായണ ധർമ പരിപാലന യോഗം ഏറ്റെടുക്കുകയുണ്ടായി.**

മംഗലത്തെ മൂപ്പീനിന്റെ കാലത്ത് ശ്രീനാരായണഗുരു രണ്ടുപ്രാവശ്യം ആ വീട്ടിൽ വന്നിട്ടുണ്ടായിരുന്നു. തെക്കേമുറി അദ്ദേഹത്തിനായി ഒരുക്കിയിരുന്നു. വിളക്കുതെളിച്ചാണ് അദ്ദേഹത്തെ സ്വീകരിച്ചത്. ആ മുറിയിലായിരുന്നു അദ്ദേഹം വിശ്രമിച്ചിരുന്നത്. സ്വാമിയെ കാണുവാനായി ചുറ്റുപാടുമുള്ളവർ വരുമായിരുന്നു. രോഗങ്ങൾ കേട്ട് വൈദ്യനെപ്പോലെ ചികിത്സ നിശ്ചയിച്ചിരുന്നു. ശുചിത്വത്തെക്കുറിച്ചും അക്ഷരജ്ഞാനത്തെക്കുറിച്ചും അവരോടു സംസാരിച്ചിരുന്നു. അതിനെ തുടർന്നാണ് മൂപ്പീന് വീടിനോടു ചേർന്ന് മുതിർന്നവർക്കായി പാഠശാല ആരംഭിച്ചത്. പിൽക്കാലത്ത് മൂപ്പീനു യോഗത്തിന്റെ ചുമതലക്കാരനായപ്പോൾ പാഠശാല ശ്രീനാരായണ ധർമ പരിപാലന യോഗം ഏറ്റെടുക്കുകയുണ്ടായി. അച്ഛനും പിൽക്കാലത്ത് യോഗത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. ഗുരുസ്വാമിയുമായി ബന്ധപ്പെട്ട കഥകളൊക്കെ വീട്ടിലുള്ളവരിൽ നിന്നും മുതിർന്നവരിൽ നിന്നും പല പ്രാവശ്യം കേട്ടിരുന്നു. ആ വീടിന്റെ തെക്കേമുറിയിൽ ഗുരുസ്വാമിയുടെ സാന്നിധ്യം ഉണ്ടെന്ന തോന്നലാണ് സാനുവിലുണ്ടായിരുന്നത്. ഇതു സൃഷ്ടിച്ച ഒരു ആത്മീയാനുഭവത്തിലൂടെയാണ് കുട്ടിക്കാലം കടന്നുപോയത്.

അദ്ധ്യാത്മരാമായണം, ശ്രീമഹാഭാഗവതം, ഹരിനാമകീർത്തനം, മഹാഭാരതം തുടങ്ങിയ വേദകൃതികളെല്ലാം നെല്ലറയുടെ മുന്നിലുള്ള മുറിയിൽ സൂക്ഷിച്ചിരുന്നു. അവയ്ക്കൊപ്പമായിരുന്നു കുമാരനാശാന്റെ സമ്പൂർണ്ണകൃതികളുടെ സ്ഥാനവും. സന്ധ്യാസമയത്ത് രാമകീർത്തനം ചൊല്ലും. തുടർന്ന് ഗുരുസ്വാമിയുടെ 'ദൈവദശകം'. പിന്നാലെ കുമാരനാശാന്റെ സ്തോത്രകൃതികളും. ഇതിന്റെ കേൾവിയും പാരായണവും മനസ്സിലാകെ കാവ്യാത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. പല പ്രായക്കാർ മംഗത്ത് അക്ഷരശ്ലോകം ചൊല്ലുന്നതിനായി കൂടുമായിരുന്നു. അവർ ചൊല്ലുന്നത് കേട്ടതോടെ മലയാളത്തിലെ മിക്ക കവികളെക്കുറിച്ചും അറിയുവാനുള്ള അവസരം ഉണ്ടായി.

കഥകളുടെ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോയത് അച്ഛനായിരുന്നു. സാനുവിന്റെ പത്താംവയസ്സിലാണ് അച്ഛൻ മരിക്കുന്നത്. കഥപറഞ്ഞു പറഞ്ഞദ്ദേഹം കഥയില്ലായ്മയുടെ ലോകത്തിലേക്കു കടന്നുപോയി. സാനുവിന് അതൊരു ആഘാതം തന്നെയായിരുന്നു. മാനസികമായ ഒറ്റപ്പെടലിന്റെ കാലം കൂടിയായിരുന്നു അത്. സമപ്രായക്കാരുമായി ഇടപഴകുമ്പോഴും ഒരുതരം ഏകാന്തത ഒപ്പമുണ്ടായിരുന്നു. വ്യക്തമാകാത്ത ശോകം മനസ്സിലാകെ തിങ്ങിനിന്നു.



ഈശോസഭയുടെ നേതൃത്വത്തിലുള്ള ലിയോ തേർട്ടീൻത് ഹൈസ്കൂളിലാണ് തുടർപഠനത്തിനായി ചേർന്നത്. എട്ടാംക്ലാസ് വിദ്യാർത്ഥികളോടായി എന്താകാനാണ് താല്പര്യം എന്ന് അദ്ധ്യാപകന്റെ ചോദ്യം. കുട്ടികൾ തന്റെ താല്പര്യം പേപ്പറിൽ കുറിച്ചു. സാനു എഴുതിയത് രണ്ടുവരി കവിതയായിരുന്നു.

*'അന്യജീവനുതകി വിവേകികൾ*
*ധന്യമാക്കുമമലേ വിവേകികൾ'*

ശകാരം കേൾക്കേണ്ടിവന്ന സാനുവിന് അത് തന്നെയല്ലായെന്ന ഭാവത്തിൽ കേട്ടിരുന്നു. കുമാരനാശാന്റെ വരികൾ അത്രമേൽ ആ കാലത്തും പിൽ ക്കാലത്തും സ്പർശിച്ചിരുന്നു. വിദ്യാർത്ഥികളിൽ അച്ചടക്കം നിലനിർത്തുന്നതിനായി വൈദീകരും അദ്ധ്യാപകരും കർശന ശിക്ഷണനടപടികൾ സ്വീകരിച്ചിരുന്നു. വൈകിയെത്തിയതിന്റെ പേരിൽ പലപ്പോഴും സാനുവിന് അടിയേൽക്കേണ്ടിവന്നിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമരം അതിന്റെ ഉച്ചസ്ഥായിലായ ഘട്ടം. സാനു ഗാന്ധിഭക്തനായി മാറി.

ഏറെ വിദ്യാർത്ഥികളുടെയും താല്പര്യം സ്പോർട്സിലും ഗെയിംസിലുമായിരുന്നു. സാനുവിന്റെ താല്പര്യം വായിക്കുക എന്നതായിരുന്നു. എന്നാൽ വേണ്ടത്ര, ഭേദപ്പെട്ട പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ ഉണ്ടായിരുന്നില്ല. ശവക്കോട്ട പറമ്പിനടുത്തുള്ള റിക്ഷാ സ്റ്റാന്റിലൊരാൾ ഒഴിവുസമയങ്ങളിൽ പുസ്തകം വായിക്കുന്നത് ശ്രദ്ധിച്ചിരുന്നു. വീടിനടുത്തുള്ളതിനാൽ മുൻപരിചയം ഉണ്ടായിരുന്നു. ഒരു ദിവസം അയാൾ 'ദേവിന്റെ കഥകൾ' വായിക്കാൻ കൊടുത്തു. സ്കൂളിന്റെ പുളിമരച്ചോട്ടിലിരുന്നു കൂട്ടുകാരുമായി ചേർന്ന് ആ കഥകൾ വായിച്ചു. ചുറ്റുപാടുമുള്ള ജീവിതവും അവരുടെ പ്രതിസന്ധികളുമായിരുന്നു കഥയിലെ വിഷയം. അവർ ചേർന്ന് 'പുരോഗമന സാഹിത്യസദസ്സ്' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. എം.കെ.സാനുവായിരുന്നു സെക്രട്ടറി. ആഴ്ചയിലൊരിക്കൽ സമ്മേളനം. 'യുവാവ്' എന്നൊരു കൈയെഴുത്ത് മാസികയും സംഘടന പ്രസിദ്ധീകരിച്ചിരുന്നു. വാർഷികത്തിന് നാഗവള്ളി ആർ.എസ്. കുറുപ്പ് പ്രസംഗിച്ചു. അക്കാലത്തെ പ്രശസ്തരായ പല സാഹിത്യകാരന്മാർക്കും, അവരെ ക്ഷണിച്ചു കൊണ്ട് കത്തുകൾ എഴുതിയെങ്കിലും അവരാരും ഈ കുട്ടിക്കൂട്ടങ്ങളെ പരിഗണിച്ചില്ല.



ഒരു വാരികയിൽ നിന്നാണ് ചങ്ങമ്പുഴയുടെ 'രമണൻ' എന്ന കാവ്യത്തെക്കുറിച്ച് അറിയുന്നത്. ആത്മഹത്യ ചെയ്ത സുഹൃത്തിനെക്കുറിച്ചുള്ള ഒരു കവിയുടെ സങ്കടം എന്ന രീതിയിലാണ് അതിനെ മനസ്സിലാക്കിയത്. ഏതാണ്ട് എട്ടുപത്തു കിലോമീറ്റർ അകലെയുള്ള ലൈബ്രറിയിൽ പുസ്തകം ഉണ്ടെന്നറിഞ്ഞ് സുഹൃത്തിനെക്കൂട്ടി സൈക്കിൾ ചവിട്ടി ചെന്ന് അവിടെയിരുന്നു അതു മുഴുവൻ പകർത്തിയെഴുതി. ഉച്ചയ്ക്കുള്ള ഇടവേളകളിൽ പുളിമരച്ചോട്ടിൽ ഇരുന്നു കൂട്ടുകാരുമായി ചേർന്ന് വായിക്കുകയും അതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

നാട്ടിലൊരു വായനശാല തുടങ്ങുവാൻ തീരുമാനിച്ചു. എട്ടുപത്തുപേർ ചേർന്ന് കമ്മിറ്റി രൂപീകരിച്ചു. വല്ല്യച്ഛനോടു പറഞ്ഞപ്പോൾ സന്തോഷത്തോടെ ഇരുപതു രൂപ നൽകി. വീടുകൾ തോറും കയറിയിറങ്ങി. വേണ്ടത്ര പ്രയോജനം ഉണ്ടായില്ല. കടകളിൽ പോയി. കോൺഗ്രസ് നേതാവ് ഇ.ജെ. ജോൺ ഫീലിപ്പോസിന്റെ വീട്ടിൽ ചെന്നപ്പോൾ സ്വീകരണമുറിയിൽ വിളിച്ചിരുത്തി ചായ നൽകി സ്വീകരിക്കുകയും അമ്പതു രൂപ സംഭാവന നൽകുകയും ചെയ്തു. മുളയും ഓലയും ചുമന്ന് അവർ ഒരു ചെറിയ വായനശാല കെട്ടിയുണ്ടാക്കി. ഒരു ഇംഗ്ലീഷ് പത്രവും ഒരു മലയാളം പത്രവും മാതൃഭൂമി



ആഴ്ചപ്പതിപ്പുമായിരുന്നു അവിടെയുണ്ടായിരുന്നത്. വായിക്കുന്നവരുടെ എണ്ണം കൂടിത്തുടങ്ങി. സംഭാവനയായി പുസ്തകങ്ങളും ലഭിച്ചുതുടങ്ങി.

മുല്ലക്കൽ ക്ഷേത്രോത്സവത്തിന്റെ ഭാഗമായിട്ടാണ് ചെമ്പൈ വൈദ്യനാഥ ഭാഗവതർ, എം.എസ്.സുബ്ബലക്ഷ്മി, മധുരൈ മണി അയ്യർ എന്നിവരുടെ സംഗീതക്കച്ചേരികൾ കേൾക്കുന്നത്. ഇവരുടെ നാദലയം തന്റെ ഭാഷയെ സ്വാധീനിച്ചിട്ടുണ്ടെന്ന് പിൽക്കാലത്ത് എം.കെ.സാനു പറഞ്ഞിട്ടുണ്ട്.

ഇന്റർമീഡിയേറ്റിനു ചേർന്നത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലായിരുന്നു. അച്ഛന്റെ മരണത്തെ തുടർന്ന് അമ്മ സാമ്പത്തികമായി ബുദ്ധിമുട്ടിലായി. ഇംഗ്ലീഷും ജീവശാസ്ത്രവും പഠിപ്പിച്ച രാമസ്വാമി അയ്യർ പ്രിയപ്പെട്ട അദ്ധ്യാപകനായി. ശിഷ്യന്റെ സാഹിത്യ വാസന തിരിച്ചറിഞ്ഞ അദ്ദേഹം ഉപന്യാസമോ കഥകളോ എഴുതണമെന്ന് നിർദ്ദേശിച്ചു. ആനി ബെസന്റെ 'ഭഗവത്ഗീത' പരിഭാഷ, ഒലിവർ ഗോൾഡ് സ്മിത്തിന്റെ 'വികാർ ഓഫ് വെയിൽഫീൽഡ്', ടോൾസ്റ്റോയിയുടെ 'കൺഫെഷൻസ് ആന്റ് വാട്ട് ഐ ബിലീവ്' തുടങ്ങിയ കൃതികൾ വായിക്കുവാനായി നൽകി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരെ കാണുവാൻ അദ്ദേഹത്തിന്റെ ഭവനത്തിലേക്കു പോകുന്നത്. സിമന്റ് തിണ്ണയിൽ, നീരുവച്ച കാലും നീട്ടി, താളിയോലകളും പുസ്തകങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുമ്പോഴാണ് സാനു ആ സവിധത്തിലെത്തുന്നത്. 'കണ്ണടയ്ക്കും മുമ്പേ എഴുതി തീർക്കണം; മറ്റാരാണ് ഇതെഴുതുക' എന്നു പറഞ്ഞു. കേരള സാഹിത്യചരിത്രത്തെക്കുറിച്ചാണ് മഹാകവി സൂചിപ്പിച്ചത്.

**ഇന്ത്യ സ്വതന്ത്രമായി. സി.പി.രാമസ്വാമി സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപിച്ചു. എസ്.എൻ.ഡി.പി തിരുവിതാംകൂർ വാദത്തെ അംഗീകരിച്ചു. അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ആലപ്പുഴയിൽ യോഗം കൂടി. യുവാക്കൾ ഇതിനെതിരായിരുന്നു. അവരുടെ അഭിപ്രായംകൂടി കേൾക്കുവാൻ സംഘാടകർ തീരുമാനിച്ചു. ഒരാൾ ക്ക് പ്രസംഗിക്കുവാനുള്ള അവസരം നൽകി. സമയമായപ്പോൾ ആ ആൾ തയ്യാറാകാത്തതിനെ തുടർന്ന് എം.കെ.സാനു ആ ദൗത്യം ഏറ്റെടുത്തു. എസ്.എൻ.ഡി.പി യോഗ തിരുമാനത്തിനെതിരെയുള്ള ആശയങ്ങളായിരുന്നു എം.കെ.സാനു അവതരിപ്പിച്ചതെങ്കിലും ആ പ്രസംഗം ഏറേപ്പേർക്കും ഇഷ്ടമായി. കോളജ് അദ്ധ്യാപകനായിരുന്ന കാലത്തും ശിഷ്ടജീവിതത്തിലും എത്രയധികം പ്രസംഗങ്ങൾ നടത്തിയിരുന്നു.**

പ്രശസ്തരായ സാഹിത്യ സാംസ്കാരിക പ്രവർത്തകരെ കാണുവാനും അവരുടെ പ്രഭാഷണങ്ങൾ കേൾക്കുവാനും ഇക്കാലത്ത് കഴിഞ്ഞു. പിൽക്കാലത്ത് പ്രശസ്തമായ പല നാടകങ്ങളുടെയും അരേങ്ങറ്റം കാണുവാനും അവസരം ഉണ്ടായി. നാടകം ഇഷ്ടപ്പെട്ട വിഷയമാകുവാൻ ഇത് സഹായകമായി. ഡിഗ്രിക്ക് ആലപ്പുഴയിൽ തന്നെ പഠിക്കുവാനായി തീരുമാനിച്ചു തിരുവനന്തപുരത്തോടു യാത്ര പറഞ്ഞു.

ശ്രീരാമകൃഷ്ണാശ്രമത്തിലെ സന്ദർശനവും; അരുവിപ്പുറം യാത്രയും സന്യസിക്കണം എന്ന ആഗ്രഹത്തിലേക്കു നയിച്ചു. അരുവിപ്പുറത്തുവച്ച് അന്തേവാസിയായ ഒരു സുഹൃത്തിനെ ലഭിച്ചു. ആ സുഹൃത്താണ് യോഗാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങൾ പകർന്നു നൽകിയത്. പിൽക്കാലത്ത് ആ സുഹൃത്ത് അറിയപ്പെടുന്ന ആത്മീയാചാര്യനായി മാറി. പോത്തൻകോട്ടെ കരുണാകര ഗുരുവായിരുന്നു ആ സുഹൃത്ത്.

ഡിഗ്രി പഠനത്തിനായി തെരഞ്ഞെടുത്ത വിഷയം സുവോളജിയായിരുന്നു. സോഷ്യലിസ്റ്റ് ആശയങ്ങളാൽ ആലപ്പുഴയുടെ രാഷ്ട്രീയാന്തരീക്ഷത്തിനു പ്രകടമായ മാറ്റം തുടങ്ങിയ കാലം. തൊഴിലാളി യൂണിയനുകൾ സാംസ്കാരിക പരിപാടികളും നടത്തിയിരുന്നു. പി.കേശവദേവായിരുന്നു അതിനു നേതൃത്വം വഹിച്ചിരുന്നത്. ജോസഫ് മുണ്ടശ്ശേരി, കുറ്റിപ്പുഴ കൃഷ്ണപിള്ള, തകഴി എന്നിവരെയൊക്കെ പരിപാടിയിൽ പങ്കെടുക്കുന്നതിനായി വന്നിരുന്നു. അവരെയൊക്കെ പരിചയപ്പെടുകയും അവരിൽ നിന്നും കേൾക്കുകയും ചെയ്തു. 'സ്പന്ദിക്കുന്ന അസ്ഥിമാടങ്ങൾ' വായിച്ചതിന്റെ ആഹ്ലാദത്തിൽ ചങ്ങമ്പുഴക്ക് കത്തെഴുതി. നിരൂപണസ്വഭാവത്തിലുള്ള ആ കത്ത് ചങ്ങമ്പുഴയ്ക്ക് നന്നേ പിടിച്ചു. കത്തിനെ മാനിച്ചുകൊണ്ട് അദ്ദേഹം മറുപടി മറുപടിയെഴുതി. അതോടെ അവരുടെ സൗഹൃദത്തിനു തുടക്കമായി. തകഴി പ്രസംഗിച്ച വേദിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചപ്പോൾ സന്തോഷിച്ചു. എം.പി.പോൾ, കൈനിക്കര കുമാരപിള്ള എന്നിവരെ കോളജിലേക്കു പ്രസംഗിക്കാൻ ക്ഷണിച്ചതും സാനുവായിരുന്നു. പാശ്ചാത്യസാഹിത്യ കൃതികളെ ഏറെ വായിക്കുവാനും സോഷ്യലിസ്റ്റ് ആശയങ്ങൾ ഉൾക്കൊള്ളുവാനും കഴിഞ്ഞതോടെ എം.കെ.സാനുവിലെ ചിന്തകനും പ്രഭാഷകനും വിദ്യാർത്ഥിയായിരിക്കവെതന്നെ ഉണർന്നു.



പഠനത്തിൽ മികച്ച വിജയം നേടാൻ കഴിഞ്ഞുവെങ്കിലും തുടർന്നു പഠിക്കാൻ സാമ്പത്തികം അനുവദിക്കാത്തതിനാൽ തല്ക്കാലം ഒരു ജോലി ലഭിക്കുന്നതിനായി ശ്രമിച്ചു. നെയ്യാറ്റിൻകരയിലുള്ള നെല്ലിമൂട് ഹൈസ്കൂളിൽ അദ്ധ്യാപകനായി. തിരുവനന്തപുരത്തെ സാഹിത്യാന്തരീക്ഷത്തോടു വീണ്ടും ചേരുവാൻ ഇത് സാഹചര്യമൊരുക്കി. 'സ്വദേശാഭിമാനി സാംസ്കാരികവേദി' എന്ന സംഘടന രൂപീകരിച്ച് നേതൃത്വം വഹിച്ചു. സമ്മേളനത്തിന് ക്ഷണിക്കുന്നതിന്റെ ഭാഗമായിട്ടാണ് മഹാകവി വള്ളത്തോളിനെ നേരിൽ കാണുന്നതും പരിചയപ്പെടുന്നതും.

**ആദ്യപ്രസംഗം**

ഇന്ത്യ സ്വതന്ത്രമായി. സി.പി.രാമസ്വാമി സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപിച്ചു. എസ്.എൻ.ഡി.പി തിരുവിതാംകൂർ വാദത്തെ അംഗീകരിച്ചു. അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ആലപ്പുഴയിൽ യോഗം കൂടി. യുവാക്കൾ ഇതിനെതിരായിരുന്നു. അവരുടെ അഭിപ്രായംകൂടി കേൾക്കുവാൻ സംഘാടകർ തീരുമാനിച്ചു. ഒരാൾക്ക് പ്രസംഗിക്കുവാനുള്ള അവസരം നൽകി. സമയമായപ്പോൾ ആ ആൾ തയ്യാറാകാത്തതിനെ തുടർന്ന് എം.കെ.സാനു ആ ദൗത്യം ഏറ്റെടുത്തു. എസ്.എൻ.ഡി.പി യോഗ തിരുമാനത്തിനെതിരെയുള്ള ആശയങ്ങളായിരുന്നു എം.കെ.സാനു അവതരിപ്പിച്ചതെങ്കിലും ആ പ്രസംഗം ഏറേപ്പേർക്കും ഇഷ്ടമായി. കോളജ് അദ്ധ്യാപകനായിരുന്ന കാലത്തും ശിഷ്ടജീവിതത്തിലും എത്രയധികം പ്രസംഗങ്ങൾ നടത്തിയിരുന്നു.



സി.കേശവൻ ഒരു മാതൃകയായിരുന്നു. അദ്ദേഹത്തെ ആദ്യമായി കാണുന്നത് പിതാവിന്റെ തോളിലിരുന്നുകൊണ്ടായിരുന്നു. കോഴഞ്ചേരി പ്രസംഗത്തിന്റെ പേരിൽ അറസ്റ്റു വരിച്ചു ജയിൽശിക്ഷ അനുഭവിച്ച്, മോചിതനായ സി.കേശവന് കിടങ്ങാംപറമ്പ് ക്ഷേത്രമൈതാനത്ത് നൽകിയ സ്വീകരണത്തിൽ വച്ചായിരുന്നു ആദ്യമായി അദ്ദേഹത്തെ കാണുന്നത്. തിരു കൊച്ചിയുടെ മുഖ്യമന്ത്രിയും തിരുവിതാംകൂർ രാഷ്ട്രീയ ചിന്തയുടെ ചാലകശക്തിയും സമുദായ പ്രവർത്തകനുമായ സി.കേശവൻ മാതൃകയായിരുന്നു. ക്ഷീണാവസ്ഥയിൽ, രോഗാവസ്ഥയിൽ അന്ത്യകാലത്ത് എം.കെ.സാനു സി.കേശവനെ കാണുവാൻ പോയിരുന്നു. 'കുഞ്ഞേ, മരിക്കുന്നില്ലല്ലോ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

**കോളജ് അദ്ധ്യാപകനും ഗ്രന്ഥകാരനും**

ഒരു വർഷത്തെ അദ്ധ്യാപനത്തിനുശേഷം കഷ്ടിച്ച് തുടർപഠനത്തിനുള്ള തുക കൈമുതലാക്കിക്കൊണ്ട് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ ചേർന്നു. അദ്ധ്യാപകന്റെ നിർദ്ദേശപ്രകാരം സയൻസ് പഠനത്തിൽ നിന്നും സാഹിത്യ പഠനത്തിലേക്കു മനസ്സു മാറി. വലിയ ലൈബ്രറിയും സാഹിത്യാന്തരീക്ഷം നിറഞ്ഞു നിൽക്കുന്ന തലസ്ഥാനവും. ഉയർന്ന മാർക്കോടെ ബിരുദാനന്തരബിരുദമെടുത്തു.

കൊല്ലം എസ്.എൻ.കോളജിൽ അദ്ധ്യാപകന്റെ ഒഴിവുണ്ടെന്ന് അറിഞ്ഞു അപേക്ഷിച്ചു. ആർ.ശങ്കറായിരുന്നു പ്രധാനമായും ഇന്റർവ്യൂ നടത്തിയത്. ഇതിനിടയിൽ മറ്റൊരു ജോലി തരമാകുവാനുള്ള സാധ്യത തെളിഞ്ഞു. മൂന്നിരട്ടി ശമ്പളം കൂടുതൽ കിട്ടും. എന്തു ചെയ്യണമെന്ന് അറിയാത്ത സാഹചര്യം. താണു അയ്യർ സാറിന്റെ അടുക്കലെത്തി. 'സാനു അദ്ധ്യാപകനാകേണ്ടവനാണ്' എന്ന ഉപദേശം സ്വീകരിച്ചു.

ഇന്റർവ്യൂ കഴിഞ്ഞെങ്കിലും വിവരമൊന്നും അറിയാത്ത സാഹചര്യത്തിൽ കോളജിൽ പോയി അന്വേഷിക്കാമെന്നായി. അവിടെ എത്തിയപ്പോഴേക്കും വൈകി. ഓഫീസ് അടച്ചിരുന്നു. തിരികെ ആലപ്പുഴയിലേക്കു പോകുവാനായി ബസ് സ്റ്റാന്റിലേക്കു നടക്കവെ ഫാത്തിമ കോളജിൽ പഠിപ്പിക്കുന്ന




സുഹൃത്തിനെ അവിചാരിതമായി കണ്ടു. അന്ന് അദ്ദേഹത്തോടൊപ്പം താമസിച്ചു. പിറ്റേദിവസം കോളജിലെത്തി. നിയമന ഉത്തരവ് അയച്ചിട്ടുണ്ടെന്നും മനസ്സിലാക്കി. പ്രിൻസിപ്പലിനെ കണ്ട് നന്ദി അറിയിക്കാമെന്നു കരുതി ചെന്നപ്പോൾ ഡിപ്പാർട്ട്മെന്റിൽ ചെന്ന് വകുപ്പ് അദ്ധ്യക്ഷനെ കാണുവാനും ഇന്നു തന്നെ പഠിപ്പിച്ചു തുടങ്ങുവാനും നിർദ്ദേശിച്ചു. പ്രൊഫ.എം.പി. ബാലകൃഷ്ണൻ നായരുടെ താല്പര്യവും അതുതന്നെയായിരുന്നു. മുഷിഞ്ഞ വസ്ത്രവും കുറ്റിരോമം തെളിഞ്ഞ മുഖവുമായി ക്ലാസിലേക്കു പോയി. ആ ക്ലാസിൽ തന്നെ കുട്ടികളുടെ മതിപ്പു നേടി. അദ്ധ്യാപകന്റെ സമീപനം കുട്ടികളെ ആകർഷിച്ചു. ഒരു വർഷം അവിടെ പഠിപ്പിച്ചു.

**മനസ്സിൽ നിറഞ്ഞ രൂപം ശ്രീനാരായണഗുരുവിന്റേതായിരുന്നു. ജീവിതമൂല്യങ്ങൾ നിലനിർത്തുവാനും ആത്മാനേഷണത്തിനു ചാരുതയേകുവാനും ഗുരുസങ്കല്പം വഴികാട്ടിയായി. ഗുരുവിനെക്കുറിച്ച് എണ്ണപ്പെട്ട ലേഖനങ്ങളും പഠനങ്ങളും തയ്യാറാക്കി. ശിവഗിരി തീർത്ഥാടനം, ഗുരുദേവ ജയന്തി, സമാധി, ധർമ്മമീമാംസ പരിഷത്ത് തുടങ്ങിയവയിലെ പ്രഭാഷണങ്ങളിലൂടെ ഗുരുദർശനത്തെ സുവ്യക്തമാക്കുവാൻ കഴിഞ്ഞു. ടി.എസ്.എലിയറ്റ്, വൈ. ഡബ്ല്യു. യേറ്റ്സ്, ബൽസാക്ക്, ഇബസൻ, കാമു, കാഫ്ക, സമുവൽ ബക്കറ്റ്, വെർജീനിയ വൂൾഫ്, സിൽവിയാ പ്ലാത്ത്, ഐ.എ. റിച്ചാർഡ്സ് എന്നിവരുടെ ചിന്തകൾ പ്രഭാഷണങ്ങളിൽ കടന്നുവരുമായിരുന്നു. നാടകമായിരുന്നു ഇഷ്ടവിഷയം. പ്രത്യേകിച്ചും ദുരന്തസ്വഭാവമുള്ള യവനനാടകങ്ങൾ.**

**എറണാകുളം മഹാരാജാസ് കോളജിൽ**

1937ലാണ് എറണാകുളം മഹാരാജാസ് കോളജിൽ എം.എ.മലയാളം ആരംഭിക്കുന്നത്. ആ വർഷം തന്നെ എം.കെ.സാനു അവിടെ അദ്ധ്യാപകനായി. രണ്ടുവർഷമൊഴികെ വിരമിക്കുന്നതുവരെ അവിടെത്തന്നെ തുടർന്നു. വളരെ പെട്ടെന്നു തന്നെ സാനുമാഷിനെ വിദ്യാർത്ഥികൾ സ്നേഹിച്ചു. പാഠഭാഗത്തിനു പുറത്തുള്ള വിഷയങ്ങളും സാഹിത്യവും മറ്റുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെയും ആ ക്ലാസുകളിലേക്ക് ആകർഷിച്ചു. അയ്യപ്പപ്പണി



ക്കരും ജി.കുമാരപിള്ളയും പ്രൊഫ.എൻ.കൃഷ്ണപിള്ള, സി.ജെ.തോമസ് തുടങ്ങിയവർ അംഗങ്ങളായുള്ള 'കാവ്യസമിതി'യുമായി ബന്ധപ്പെടുകയുണ്ടായി.

അടിയാന്തിരാവസ്ഥ കാലത്ത് പൊലീസ് മർദ്ദനത്തിൽ പരിക്കേറ്റ വിദ്യാർത്ഥികളെ സഹായിക്കാൻ ഫണ്ട് രൂപീകരിക്കുന്നതിനും കുട്ടികൾക്കൊപ്പം നിന്നു. ഇതിന്റെ പേരിൽ മഹാരാജാസിൽ നിന്നും തലശ്ശേരി ബ്രണ്ണൻ കോളജിലേക്ക്, ശിക്ഷണ നടപടിയുടെ ഭാഗമായി സ്ഥലം മാറ്റമുണ്ടായി.

മനസ്സിൽ നിറഞ്ഞ രൂപം ശ്രീനാരായണഗുരുവിന്റേതായിരുന്നു. ജീവിതമൂല്യങ്ങൾ നിലനിർത്തുവാനും ആത്മാനേഷണത്തിനു ചാരുതയേകുവാനും ഗുരുസങ്കല്പം വഴികാട്ടിയായി. ഗുരുവിനെക്കുറിച്ച് എണ്ണപ്പെട്ട ലേഖനങ്ങളും പഠനങ്ങളും തയ്യാറാക്കി. ശിവഗിരി തീർത്ഥാടനം, ഗുരുദേവ ജയന്തി, സമാധി, ധർമ്മമീമാംസ പരിഷത്ത് തുടങ്ങിയവയിലെ പ്രഭാഷണങ്ങളിലൂടെ ഗുരുദർശനത്തെ സുവ്യക്തമാക്കുവാൻ കഴിഞ്ഞു. ടി.എസ്.എലിയറ്റ്, വൈ.ഡബ്ല്യു. യേറ്റ്സ്, ബൽസാക്ക്, ഇബസൻ, കാമു, കാഫ്ക, സമുവൽ ബക്കറ്റ്, വെർജീനിയ വൂൾഫ്, സിൽവിയാ പ്ലാത്ത്, ഐ.എ. റിച്ചാർഡ്സ് എന്നിവരുടെ ചിന്തകൾ പ്രഭാഷണങ്ങളിൽ കടന്നുവരുമായിരുന്നു. നാടകമായിരുന്നു ഇഷ്ടവിഷയം. പ്രത്യേകിച്ചും ദുരന്തസ്വഭാവമുള്ള യവനനാടകങ്ങൾ.

കുമാരനാശാൻ തുടങ്ങിവച്ച 'വിവേകോദയം' മാസിക പുനഃപ്രസിദ്ധീകരിക്കാൻ സി.ആർ.കേശവവൈദ്യൻ തയ്യാറായപ്പോൾ അക്കാര്യത്തിൽ അദ്ദേഹത്തെ സഹായിച്ചത് എം.കെ.സാനുവും യുക്തിവാദി എം.സി.ജോസഫുമായിരുന്നു. വിവേകോദയം എന്ന പേരിൽ ഒരു പുസ്തക പ്രസാധനവും ആരംഭിച്ചു. ഇതിലൂടെയാണ് പിൽക്കാലത്ത് പ്രശസ്തമായിത്തീർന്ന പല കൃതികളും പ്രസിദ്ധീകരിച്ചിരുന്നത്.

**നിരൂപകനും ഗ്രന്ഥകാരനും**

ഗൗരവമായ രചന ആരംഭിക്കുന്നത് അമ്പതു വയസ്സിനുശേഷമാണ്. പെട്ടെന്നു തന്നെ മികച്ച പ്രഭാഷകൻ എന്ന പേരിലും അറിയപ്പെട്ടു.

തിരുവനന്തപുരത്തു നടന്ന ഒരു സാഹിത്യസമ്മേളനത്തിലെ എം.കെ. സാനുവിന്റെ ആശയം ഏറെ അംഗീകാരം നേടി. ആശയത്തിനാണ് പ്രാധാന്യം എന്നതിലൂന്നിയാണ് ഇ.എം.എസ് വിഷയം അവതരിപ്പിച്ചത്. എം.പി. പോൾ അതിനോടു വിയോജിച്ചു. അതിനെ തുടർന്ന് സംസാരിച്ചത് എം. കെ.സാനുവാണ്. 'രൂപനിർമ്മാണം തന്നെയാണ് സാഹിത്യനിർമ്മിതിക്ക് അനുഗുണം' എന്ന് തന്റെ വായനാസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ വിവരിച്ചു. പ്രസംഗത്തിന്റെ ഗൗരവം മനസ്സിലാക്കിയ കൗമുദി ബാലകൃഷ്ണൻ ആ പ്രസംഗം മൂന്നു ലക്കങ്ങളിലായി ലേഖനരൂപത്തിൽ പ്രസിദ്ധീകരിച്ചതോടെ പ്രൊഫ.എം.കെ.സാനു അറിയപ്പെട്ട പ്രബന്ധ രചയിതാവായി. ഇ.എം.എസ്സിന്റെ ശ്രദ്ധ ഉണ്ടാകുന്നതും ഇതിനെത്തുടർന്നാണ്. പുരോഗമന കലാ സാഹിത്യ സംഗത്തിലെ പ്രവർത്തനങ്ങളാണ് അതിനുള്ള അവസരങ്ങൾ കൂടുതലായി സൃഷ്ടിച്ചത്. വൈലോപ്പിള്ളിയും പി.ഗോവിന്ദപ്പിള്ളയുമായിരുന്നു അതിനു പ്രേരണയായത്. പുരോഗമന കലാസാഹിത്യ സംഗത്തിന്റെ ആലപ്പുഴ സമ്മേളനത്തിൽ വൈലോപ്പിള്ളി പ്രസിഡന്റ് സ്ഥാനത്തു നിന്നും ഒഴിയുകയും എം.കെ.സാനു പ്രസിഡന്റാകുകയും ചെയ്തു. ജനങ്ങളിൽ സ്വാധീനം ചെലുത്തുന്ന സജീവപ്രസ്ഥാനമായി മാറ്റുവാൻ ശ്രമിച്ചു. മോസ്കോയിൽ നടന്ന ലോക കലാകാരന്മാരുടെ സമ്മേളനത്തിൽ പങ്കെടുക്കുവാൻ പ്രസിഡന്റു സ്ഥാനം സഹായകമായി. ലോക കലാകാരന്മാരെ നേരിട്ടു കാണുവാനും അവരുടെ ആശയങ്ങൾ മനസ്സിലാക്കുവാനും ഇതവസരം നൽകി. മോസ്കോ യൂണിവേഴ്സിറ്റി ചരിത്രവിഭാഗം അദ്ധ്യാപികയിൽ നിന്നും റഷ്യയുടെ സാസ്കാരിക ചരിത്രം നേരിട്ടു മനസ്സിലാക്കുവാനും കഴിഞ്ഞു. ബാലെ, ഓപ്പെറ, നാടകം തുടങ്ങിയ കലാപരിപാടികൾ കണ്ടു. റഷ്യൻ യാത്ര 'പുതിയ ലോകവും പുതിയ കാഴ്ചകളു'മായിരുന്നു.

കേസരി ബാലകൃഷ്ണപിള്ള, കുട്ടിക്കൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, എം.പി.പോൾ, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയ നിരൂപണ പ്രതിഭകൾ തെളിച്ചിട്ട വഴികളിലൂടെയുള്ള സഞ്ചാരം. സുകുമാർ അഴീക്കോട്, എൻ.വി. കൃഷ്ണവാരിയർ, എം.ലീലാവതി, എം.എൻ.വിജയൻ തുടങ്ങിയ സമകാലീനർ. ഈ രണ്ടു ഘട്ടങ്ങളിലെയും നിരൂപണസാഹിത്യത്തിൽ പ്രൊഫ. എം.കെ.സാനുവിന്റെ നിരൂപണങ്ങൾ തെളിമയോടെ, പ്രകടമായി നിന്നു.

**നിയമസഭാ സാമാജികൻ**


1987ലെ നിയമസഭ തെരഞ്ഞെടുപ്പിൽ എം.കെ.സാനു മത്സരിച്ചു വിജയിച്ചു. എറണാകുളം മണ്ഡലത്തിൽ ഇടതുപക്ഷത്തിന്റെ സ്വതന്ത്രസ്ഥാനാർത്ഥിയായിട്ടാണ് മത്സരിച്ചത്. സിറ്റിംഗ് എം.എൽ.എ. എൽ ജേക്കബിനെതിരെയായിരുന്നു മത്സരം. കോൺഗ്രസ് വിമത സ്ഥാനാർത്ഥിയായി എവറസ്റ്റ് ചമ്മിണിയും മത്സര രംഗത്തുണ്ടായിരുന്നു. സാംസ്കാരിക പ്രവർത്തകരും ശിഷ്യന്മാരും പാർട്ടിചിന്ത വെടിഞ്ഞ് പ്രവർത്തിച്ചു. ടി.കെ.രാമകൃഷ്ണനും ഇ.കെ.നായനാരുംകൂടിയാണ് മത്സരിക്കണമെന്ന് നിർദ്ദേശിച്ചത്. എം.എ.ലോറൻസ് ഉൾപ്പെടെയുള്ള നേതാക്കളും പ്രേരിപ്പിച്ചു. ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ഇ.എം.എസ്. ഫോണിൽ വിളിച്ചതോടെ വഴങ്ങി. തോൽക്കുമെന്നും; തോറ്റാൽ വീടിനു മുമ്പിൽ എതിർസ്ഥാനാർത്ഥികളുടെ അനുയായികൾ മുദ്രാവാക്യം വിളിക്കുമെന്നും അതിൽ സങ്കടപ്പെടരുതെന്നും പത്നിയോടു പറഞ്ഞു. തോപ്പിൽ ഭാസി, മലയാറ്റൂർ രാമകൃഷ്ണൻ ഉൾപ്പെടെയുള്ളവർ പ്രചരണത്തിനെത്തി. 10,032 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് പ്രൊഫ. എം.കെ.സാനു വിജയിച്ചത്. എം.എൽ.എ സ്ഥാനവുമായി ബന്ധപ്പെട്ട സാഹിത്യേതരമായ പ്രവർത്തനിങ്ങളിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും കൂടുതലായി സമയം ചെലവഴിക്കേണ്ടിവന്നു. അക്കാലം രസകരമായിരുന്നുവെങ്കിലും അതൊന്നും എഴുതാൻ അദ്ദേഹം ശ്രമിച്ചു. വീണ്ടും മത്സരിക്കുമോ




എന്ന ചോദ്യത്തിനുത്തരമായി 'ഇല്ലാ'യെന്നു പറയുകയും ചെയ്തു. രാഷ്ട്രീയവുമായി പൊരുത്തപ്പെടാൻ കഴിയുന്നില്ലായെന്ന തോന്നൽ ഈ പ്രസ്താവത്തോടെ പ്രചരിക്കുകയും ചെയ്തു.

**സാംസ്കാരികേതര പ്രവർത്തനം**

അന്യജീവിക്ക് ഉപകരപ്പെടുന്നതായിരിക്കണം ജീവിതം എന്ന സന്ദേശം എം.കെ.സാനുവിന്റെ ചിന്തയിലും പ്രവർത്തനത്തിലും എപ്പോഴുമുണ്ടായി







## സാനുമാഷിന്റെ സമ്പൂർണ്ണ കൃതികൾ



*മാഷ്നോടൊപ്പം ജോർജ് തഴക്കര*



*വിഷ്ണു മാന്നാറിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നും*

രുന്നു. അതിനുള്ള ഒരു സാഹചര്യവും ഒഴിവാക്കിയിരുന്നില്ല. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ഫൗണ്ടേഷനിൽ പ്രവർത്തിക്കുവാനും; കൊച്ചിൻ കാൻസർ സെന്റർ യാഥാർത്ഥ്യമാകുന്നതിനു പിന്നിൽ പ്രവർത്തിക്കുവാനും; ഇന്റർനാഷണൽ ബോഡി ഫോർ ഹ്യുമെൻ റൈറ്റ്സിലും അംഗമാകുവാനും; 'മിത്രം' പോലുള്ള ഭിന്നശേഷി കുട്ടികളുടെ പുനരധിവാസപദ്ധതിയുടെ ഭാഗമാകുവാനും പ്രേരണയായത് പരോപകാരപ്രദമായത് എന്തെങ്കിലും ചെയ്യണം എന്ന ലക്ഷ്യത്തോടെയായിരുന്നു.

### ജീവചരിത്രകാരൻ

എം.കെ.സാനു മികച്ച ജീവചരിത്രകാരനായിരുന്നു. ജീവചരിത്ര സാഹിത്യശാഖയെ അദ്ദേഹം പരിപോഷിപ്പിച്ചു. എഴുതിയ ജീവചരിത്രമെല്ലാം ഉൾക്കാഴ്ചയോടെയുള്ള വിശകലനമായിരുന്നു. ശ്രീനാരായണഗുരു, കുമാ



*റെജി പാറപ്പുറത്തിന്റെ നേതൃത്വത്തിൽ.................*

രനാശാൻ, ചങ്ങമ്പുഴ, എം.ഗോവിന്ദൻ, വൈക്കം മുഹമ്മദ് ബഷീർ, വൈലോപ്പിള്ളി ശ്രീധരമേനോൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവരുടെ ജീവചരിത്ര രചനയിലൂടെ മലയാള ജീവചരിത്രശാഖയെ സമ്പന്നമാക്കി. ആഫിക്കൻ ജനവിഭാഗങ്ങൾക്കിടയിൽ മിഷനറിപ്രവർത്തകനായ ജീവകാരുണ്യ പ്രവർത്തനം നടത്തിയ ആൽബർട്ട് ഷ്വീറ്റ്സറിക്കുറിച്ചുള്ളതായിരുന്നു ആദ്യ ജീവചരിത്രം. ഒരു പത്രവാർത്തയിലൂടെയാണ് ഷ്വീറ്റ്സറെ ആദ്യമായി അറിയുന്നത്. കൂടുതൽ അറിയണമെന്ന താല്പര്യത്തിൽ അദ്ദേഹത്തെക്കുറിച്ചുള്ള കൃതികളെല്ലാം സമാഹരിച്ചു. 'അസ്തമിക്കാത്ത വെളിച്ചം' എന്ന പേരിൽ മലയാളത്തിൽ ഷ്വീറ്റ്സറിന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ചു. ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം എഴുതുന്നതിനും എത്രയോ മുമ്പു തന്നെ ഒരു ജീവചരിത്രം എഴുതുന്നതിനുള്ള നോട്ടുകൾ എഴുതിവച്ചിരുന്നു. നാലു പതിറ്റാണ്ടുകാലത്തെ ഗുരുവിന്റെ കർമ്മജീവിതം കേരളത്തെ ആശയപരമായും പ്രായോഗികമായും എത്രമാത്രം രൂപാന്തരപ്പെടുത്തിയെന്നതിന്റെ സാക്ഷ്യമാണ് 'നാരായണഗുരു' എന്ന ജീവചരിത്രം. അതിനുശേഷം എഴുതിയത് 'സഹോദരൻ അയ്യപ്പന്റെ' ജീവചരിത്രമായിരുന്നു. ഒടുവിൽ പൂർത്തീകരിച്ചതും മറ്റൊരു ജീവചരിത്രമായിരുന്നു. അത് ഒരു സന്യാസിനി അമ്മയുടെ ജീവിതമായിരുന്നു. 'തപസ്വിനി അമ്മ; അബലകൾക്കു ശരണമായി ജീവിച്ച പുണ്യവതി'. അത് പ്രസിദ്ധീകരിച്ചത് മരണത്തിന് മുമ്പുള്ള ജൂൺ മാസത്തിലായിരുന്നു.

### സമ്പൂർണ്ണകൃതികൾ

എൺപതിൽപ്പരം കൃതികളിൽ നിന്നുള്ള 500 ലേറെ ലേഖനങ്ങൾ, പ്രധാന പ്രഭാഷണങ്ങൾ, പ്രസംഗങ്ങൾ, അഭിമുഖങ്ങൾ, ഏക നോവൽ 'കുന്തിദേവി' എന്നിവ വ്യത്യസ്ത തലകെട്ടുകളിലായി, 12 വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. എറണാകുളം ആസ്ഥാനമായ സാമൂഹിക സംരംഭ സഹകരണസംഘം, 'സമൂഹ്' ആയിരുന്നു പ്രസാധകർ. 79 വീഡിയോകൾ, 115 കവിതാലാപനം, 5 നാടകശകലങ്ങൾ. 10,347 പേജുകളുള്ള 12 വാല്യങ്ങളും ഒന്നിച്ചാണ് പ്രകാശനം ചെയ്തത്. ക്യു ആർ കോഡ് സ്കാൻ ചെയ്താൽ കാണാനും കേൾക്കാനും കഴിയുന്ന സംവിധാനവും പുസ്തകത്തിൽ ഒരുക്കിയിട്ടുണ്ട്. ചലച്ചിത്ര സംവിധായകൻ ഷാജി എൻ. കരുണാണ് എല്ലാ വോള്യങ്ങൾക്കും കവർ ചിത്രം രൂപ കല്പന ചെയ്തത്. ശിഷ്യനും നിരൂപകനുമായ പ്രൊഫ. എം.തോമസ് മാത്യുവാണ് കൃതികളുടെ ജനറൽ എഡിറ്റർ. കുമാരനാശാന്റെ പ്രരോദനത്തെക്കുറിച്ചും, നളിനിയെക്കുറിച്ചും, മോഹൻലാലിന്റെ അഭിനയ കലയുടെ ഇതിഹാസം, തപസ്വിനി അമ്മ എന്നീ കൃതികൾ സമ്പൂർണ്ണ കൃതികൾക്കുശേഷമാണ് പ്രസിദ്ധീകരിച്ചത്.

### ശിഷ്യസമ്പത്ത്

രാഷ്ട്രീയ നേതൃനിരയിലെത്തിയ വയലാർ രവി, എ.കെ.ആന്റണി, വൈക്കം വിശ്വൻ; സിനിമമേഖലിലെ പ്രശസ്തരായ മമ്മൂട്ടി, ജോൺപോൾ, അദ്ധ്യാപകശ്രേഷ്ഠരായ എസ്.കെ.വസന്തൻ; പ്രൊഫ.എം.തോമസ് മാത്യു, മാധ്യമപ്രവർത്തകരായ ടി.വി.ആർ.ഷേണായി, കെ.എം.റോയി തുടങ്ങിയ ശിഷ്യസമ്പത്താൽ അനുഗൃഹീതനായിരുന്നു.

തൊണ്ണൂറു പിന്നിട്ടശേഷം സാനുമാഷ് അദ്ധ്യാപകന്റെ കുപ്പായമിട്ടു. പൂർവ്വ വിദ്യാർത്ഥികളുടെ താല്പര്യമായിരുന്നു അതിനവസരം ഒരുക്കിയത്. 2023 ഒക്ടോബർ 18ന്, 96–ാം വയസ്സിലും; 2025 ജനുവരി 23ന്, 98–ാം വയസ്സിലും നാലു പതിറ്റാണ്ടു മുമ്പ് പഠിപ്പിച്ച അതേ ക്ലാസിൽ നിന്നുകൊണ്ട് മാഷ് ക്ലാസെടുത്തു.

### ശിഷ്യ ആരംഭിച്ച സാംസ്കാരിക കേന്ദ്രം

തുമ്പോളിയിൽ മംഗലത്ത് എം.കെ.സാനുവിന്റെ പേരിൽ ഒരു സാംസ്കാരിക കേന്ദ്രമുണ്ട്. പ്രൊഫ.സൂസൻ ജോർജിന്റെ നേതൃത്വത്തിലാണ് അതിനു തുടക്കമായത്. മഹാരാജാസ് കോളേജിലെ വിദ്യാർത്ഥി കോളേജ് അദ്ധ്യാപികയായി മംഗലത്ത് സ്ഥലം വാങ്ങി വീടു വച്ചപ്പോൾ അതിന്റെ ഒരു ഭാഗം സാംസ്കാരിക കേന്ദ്രമാക്കുകയായിരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങളായിട്ടാണ് അതിനു തുടക്കം കുറിച്ചത്. എം.കെ.സാനു തന്നെയായിരുന്നു അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്.

### പദവികൾ

കേരള ഹിസ്റ്ററി അസോസിയേഷൻ നിർവ്വാഹക സമിതി അംഗം, സമസ്ത കേരള സാഹിത്യപരിഷത്ത് നിർവ്വാഹസമിതി അംഗം, കുങ്കുമം വാരികയുടെ മുഖ്യപത്രാധിപർ, എം.ജി.യൂണിവേഴ്സിറ്റിയുടെ ശ്രീനാരായണ ചെയറിന്റെ ഡയറക്ടർ, കാലടി സംസ്കൃത സർവകലാശാല വിസിറ്റിങ് പ്രൊഫസർ, എറണാകുളം കാൻസർ സർവീസസ് സൊസൈറ്റി ചെയർമാൻ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു.

മുപ്പത്തിയഞ്ച് വർഷത്തെ അദ്ധ്യാപകജീവിതം. വിരമിച്ചതിനുശേഷവും സജീവമായിരുന്നു. മൂന്നു പതിറ്റാണ്ടുകാലം പ്രഭാഷകനായും ഗ്രന്ഥകാരനായും എഴുത്തുകാരനായും ജീവിച്ചു.

### കുടുംബം

തിരു കൊച്ചിയിലെ എ.ജെ.ജോൺ മന്ത്രിസഭയിൽ അംഗമായിരുന്ന പി. മാധവന്റെ മകൾ രത്നമ്മയാണ് ഭാര്യ. മക്കൾ: എം.എസ്.രഞ്ജിത് (റിട്ട. ഡപ്യൂട്ടി ചീഫ് മെക്കാനിക്കൽ എഞ്ചിനീയർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്), എം. എസ്.രേഖ, ഡോ.എം.എസ്.ഗീത (ഹിന്ദി വകുപ്പ് റിട്ട.മേധാവി, സെന്റ് പോൾസ് കോളജ് കളമശ്ശേരി), എം.എസ്.സീത (സാമൂഹിക ക്ഷേമ വകുപ്പ് റിട്ട. ഉദ്യോഗസ്ഥ), എം.എസ്.ഹാരിസ് (മാനേജർ, എനർജി മാനേജ്മെന്റ് സർവീസസ്, ദുബായ്).

മരുമക്കൾ: സി.വി.മായ, സി.കെ.കൃഷ്ണൻ (റിട്ട. മാനേജർ, ഇന്ത്യൻ അലൂമിനിയം കമ്പനി), അഡ്വ.പി.വി.ജ്യോതി (റിട്ട. മുനിസിപ്പൽ സെക്രട്ടറി), ഡോ. പ്രശാന്ത് കുമാർ (ഇംഗ്ലീഷ് വകുപ്പ് മുൻ മേധാവി, കാലടി സംസ്കൃത സർവകലാശാല), മിനി (ഇലക്ട്രിക്കൽ എഞ്ചിനീയർ ദുബായ്).

### അന്ത്യകാലം

2025 ജൂലൈ 24ന് വസതിയിലെ ശുചിമുറിയിൽ വീണു. ഇടുപ്പെല്ലിനു പരിക്കേറ്റു. 25ന് ശസ്ത്രക്രിയയ്ക്കു വിധേയനായി. ശരീരത്തിലെ ഓക്സിജന്റെ അളവ് കുറഞ്ഞതോടെ തീവ്രപരിചരണ യൂണിറ്റിലേക്കു മാറ്റി. ന്യൂമോണിയ ബാധിതനായതിനാൽ ആരോഗ്യം വീണ്ടെടുക്കാൻ കഴിഞ്ഞില്ല. 2025 ആഗസ്റ്റ് 2ന് വൈകിട്ട് 5.30ന് തൊണ്ണൂറ്റിയെട്ടാം വയസ്സിൽ എം.കെ.സാനു അന്തരിച്ചു. വാക്കുകളുടെ താഴ്വരയെ ആശയങ്ങളുടെ പർവ്വതശിഖരത്തോളമെത്തിച്ച നിരൂപക പ്രതിഭയായിരുന്നു എം.കെ.സാനു.




ഞാൻ എല്ലാവരോടും പറയും. സ്പോട്സിലൂടെ വ്യക്തികൾക്ക് ഒരുപാട് മുന്നോട്ട് പോകാൻ കഴിയും. സ്പോർട്സ് എന്നാൽ കളി തന്നെയാണ്, പക്ഷേ അത് ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും ആരോഗ്യകരമായി നിലനിർത്തുന്നു. സ്പോർട്സ് മുന്നോട്ട് കൊണ്ടുപോയി ഭാരതത്തിനായി മെഡലുകൾ നേടേണ്ടത് നമ്മുടെ കടമയാണ് സർ.

പ്രധാനമന്ത്രി: ശരി, രശ്മിതാ, എനിക്ക് ഇത് ശരിക്കും ഇഷ്ടപ്പെട്ടു, നിങ്ങൾക്ക് ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ. നിങ്ങളുടെ അച്ഛനെയും എന്റെ ആശംസകൾ അറിയിക്കട്ടെ, കാരണം നിരവധി ബുദ്ധിമുട്ടുകൾക്കിടയിലും, ഒരു മകൾക്ക് മുന്നോട്ട് പോകാൻ അദ്ദേഹം വളരെയധികം പ്രോത്സാഹനം നൽകി, എന്റെ ആശംസകൾ. നന്ദി.

രശ്മിതാ: നന്ദി സർ.

പ്രധാനമന്ത്രി: ജയ് ജഗന്നാഥ്.

രശ്മിതാ: ജയ് ജഗന്നാഥ് സർ.

പ്രധാനമന്ത്രി: മൊഹ്സിൻ അലി, നമസ്തേ!

മൊഹ്സിൻ അലി: നമസ്തേ സർ!

പ്രധാനമന്ത്രി: മൊഹ്സിൻ, നിങ്ങൾക്ക് ഒത്തിരിയൊത്തിരി അഭിനന്ദനങ്ങൾ, നിങ്ങളുടെ ശോഭനമായ ഭാവിക്ക് ആശംസകൾ.

മൊഹ്സിൻ അലി: നന്ദി സർ.

പ്രധാനമന്ത്രി: മൊഹ്സിൻ, ആദ്യത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെ സ്റ്റിവലിൽ ആദ്യമായി സ്വർണ്ണ മെഡൽ നേടിയത് നിങ്ങളാണ്, നിങ്ങൾക്ക് എന്തു തോന്നുന്നു?

മൊഹ്സിൻ അലി: സർ, എനിക്ക് വളരെ സന്തോഷമുണ്ട്, ഖേലോ ഇന്ത്യയിൽ കാശ്മീരിനെ പ്രതിനിധീകരിച്ച് ആദ്യ സ്വർണ്ണ മെഡൽ നേടിയതിൽ, എനിക്ക് അതിയായ സന്തോഷമുണ്ട്.

പ്രധാനമന്ത്രി: ആളുകൾക്കിടയിൽ എന്താണ് ചർച്ച?

മൊഹ്സിൻ അലി: ധാരാളം ചർച്ചകൾ നടക്കുന്നുണ്ട് സർ, എന്റെ കുടുംബവും സന്തോഷത്തിലാണ്.

പ്രധാനമന്ത്രി: നിങ്ങളുടെ സ്കൂളിലുള്ളവരും സഹപാഠികളും?

മൊഹ്സിൻ അലി: സ്കൂളിലുള്ളവരും സഹപാഠികളും സന്തോഷത്തിലാണ്, കശ്മീരിലെ എല്ലാവരും എന്നോട് പറയുന്നത് നിങ്ങൾ ഒരു സ്വർണ്ണ മെഡൽ ജേതാവാണെന്ന്.

പ്രധാനമന്ത്രി: നിങ്ങൾ ഇപ്പോൾ ഒരു വലിയ സെലിബ്രിറ്റിയായി മാറിയിരിക്കുന്നു.

മൊഹ്സിൻ അലി: അതെ സർ!

പ്രധാനമന്ത്രി: നിങ്ങൾ എങ്ങനെയാണ് ജല കായിക വിനോദങ്ങളിൽ താൽപ്പര്യം വളർത്തിയെടുത്തത്, അതിന്റെ ഗുണങ്ങൾ എന്തൊക്കെയാണ്?

മൊഹ്സിൻ അലി: എന്റെ കുട്ടിക്കാലത്ത്, ദാൽ തടാകത്തിലാണ് ഞാൻ ആ ബോട്ട് ആദ്യമായി കണ്ടത്, എന്റെ അച്ഛൻ എന്നോട് നീ ഓടിക്കുന്നോ എന്ന് ചോദിച്ചു, അതെ എനിക്കും അതിൽ താൽപ്പര്യമുണ്ട് എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം എന്നെ സെന്ററിലെ മാഡത്തിന്റെ അടുത്തേക്ക് കൊണ്ടുപോയി, പിന്നെ ബിൽക്വിസ് മാഡം എന്നെ പഠിപ്പിച്ചു.

പ്രധാനമന്ത്രി: ശരി, മൊഹ്സിൻ, രാജ്യമെമ്പാടുമുള്ള ആളുകൾ എത്തിയിരുന്നല്ലോ. ശ്രീനഗറിലും ദാൽ തടാകത്തിലും ആദ്യമായി ഒരു ജലവിനോദ പരിപാടി നടന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി ആളുകൾ എത്തിയിരുന്നു. ആ അനുഭവം എങ്ങനെയുണ്ടായിരുന്നു?

മൊഹ്സിൻ അലി: സർ, ഞങ്ങൾ വളരെ സന്തോഷത്തിലാണ്. എല്ലാവരും പറയുന്നത് ഇതൊരു നല്ല സ്ഥലമാണെന്നും ഇവിടെ എല്ലാം നല്ലതാണെന്നും സൗകര്യങ്ങൾ നല്ലതാണെന്നും ആണ്. ഖേലോ ഇന്ത്യയിൽ ഇവിടെ എല്ലാം നല്ലതായിരുന്നു.

പ്രധാനമന്ത്രി: നിങ്ങൾ എപ്പോഴെങ്കിലും കശ്മീരിന് പുറത്ത് കളിക്കാൻ പോയിട്ടുണ്ടോ?

മൊഹ്സിൻ അലി: അതെ സർ, ഞാൻ ഭോപ്പാൽ, ഗോവ, കേരളം, ഹിമാചൽ എന്നിവിടങ്ങളിൽ പോയിട്ടുണ്ട്.

പ്രധാനമന്ത്രി: അപ്പോൾ നിങ്ങൾ ഭാരതം മുഴുവൻ കണ്ടിട്ടുണ്ട്.

മൊഹ്സിൻ അലി: അതെ സർ

പ്രധാനമന്ത്രി: ശരി, അത്രയധികം കളിക്കാർ അവിടെ വന്നിരുന്നു; അല്ലേ.

മൊഹ്സിൻ അലി: അതെ സർ.

പ്രധാനമന്ത്രി: നിങ്ങൾക്ക് പുതിയ സുഹൃത്തുക്കളെ ലഭിച്ചില്ലേ?

മൊഹ്സിൻ അലി: സർ, ഞങ്ങൾക്ക് ധാരാളം സുഹൃത്തുക്കളെ ലഭിച്ചു. ദാൽ തടാകത്തിലും ലാൽ ചൗക്കിലും ഞങ്ങൾ ഒരുമിച്ച് ചുറ്റിക്കറങ്ങി. ഞങ്ങൾ പഹൽഗാമിലേക്കും പോയി, അതെ സർ, മുഴുവൻ സ്ഥലവും ചുറ്റിക്കണ്ടു.

പ്രധാനമന്ത്രി: അതെ, ജമ്മു കശ്മീരിലെ കായിക പ്രതിഭ വളരെ അത്ഭുതകരമാണ്.

മൊഹ്സിൻ അലി: അതെ സർ.

പ്രധാനമന്ത്രി: ജമ്മു കശ്മീരിലെ യുവാക്കൾക്ക് വളരെയധികം കഴിവുകളുണ്ട്, അവർ രാജ്യത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കുന്നവരാണ്.

**നിങ്ങൾ യുപിഎസ്സി എന്ന പേര് കേട്ടിട്ടുണ്ടാകും. രാജ്യത്തെ ഏറ്റവും കഠിനമായ പരീക്ഷകളിൽ ഒന്നായ സിവിൽ സർവീസസ് പരീക്ഷയും ഈ സ്ഥാപനം നടത്തുന്നു. സിവിൽ സർവീസസിലെ ഉന്നത വിജയം നേടിയവരുടെ പ്രചോദനാത്മകമായ വാക്കുകൾ നമ്മളെല്ലാവരും പലതവണ കേട്ടിട്ടുണ്ട്. ഈ യുവാക്കൾ ദുഷ്കരമായ സാഹചര്യങ്ങളിൽ പഠിക്കുകയും അവരുടെ കഠിനാധ്വാനത്തിലൂടെ ഈ സർവീസിൽ ഇടം നേടുകയും ചെയ്യുന്നു എന്നാൽ സുഹൃത്തുക്കളേ, യുപിഎസ്സി പരീക്ഷയെക്കുറിച്ച് മറ്റൊരു സത്യമുണ്ട്. ആയിരക്കണക്കിന് കഴിവുള്ള ഉദ്യോഗാർത്ഥികളുണ്ട്, അവരുടെ കഠിനാധ്വാനവും മറ്റാരെക്കാളും കുറവല്ല, പക്ഷേ അവർക്ക് ചെറിയ വ്യത്യാസത്തിൽ അന്തിമ പട്ടികയിൽ എത്താൻ കഴിയുന്നില്ല.**

മൊഹ്സിൻ അലി: സർ, ഒളിമ്പിക്സിൽ ഒരു മെഡൽ നേടുക എന്നതാണ് എന്റെ സ്വപ്നം.

പ്രധാനമന്ത്രി: വളരെ നന്നായി.

മൊഹ്സിൻ അലി: അതാണ് എന്റെ സ്വപ്നം സർ.

പ്രധാനമന്ത്രി: നോക്കൂ, നിങ്ങളുടെ വാക്കുകൾ എന്നിൽ രോമാഞ്ചം ഉളവാക്കുന്നു.

മൊഹ്സിൻ അലി: സർ, അതാണ് എന്റെ സ്വപ്നം, ഒളിമ്പിക്സിൽ ഒരു മെഡൽ നേടുക. രാജ്യത്തിനുവേണ്ടി ദേശീയഗാനം ആലപിക്കുക എന്നത് എന്റെ ഒരേയൊരു സ്വപ്നമാണ്.

പ്രധാനമന്ത്രി: എന്റെ രാജ്യത്തെ ഒരു തൊഴിലാളി കുടുംബത്തിലെ മകൻ ഇത്ര വലിയ സ്വപ്നം കാണുന്നു, നമ്മുടെ രാജ്യം പുരോഗതിയുടെ പാതയിൽ അതിവേഗം മുന്നേറുകയാണ്.

മൊഹ്സിൻ അലി: സർ, ഇത് വളരെയധികം പുരോഗമിക്കാൻ പോകുന്നു. ഖേലോ ഇന്ത്യ ഇവിടെ ഇത്രയധികം കാര്യങ്ങൾ ചെയ്ത ഭാരത സർക്കാരിനോട് ഞങ്ങൾ നന്ദിയുള്ളവരാണ്, ഇത് ഇവിടെ ആദ്യമായാണ് സംഭവിച്ചത് സർ.

പ്രധാനമന്ത്രി: അതുകൊണ്ടാണ് നിങ്ങളുടെ സ്കൂളിലും പ്രോത്സാഹനം നൽകുന്നത്.

മൊഹ്സിൻ അലി: അതെ സർ.

പ്രധാനമന്ത്രി: ശരി മൊഹ്സിൻ, നിങ്ങളോട് സംസാരിക്കാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്, നിങ്ങളുടെ പിതാവിന് നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം അദ്ദേഹം നിങ്ങളുടെ ജീവിതം പടുത്തുയർത്തിയത് കഠിനാധ്വാനം ചെയ്താണ്, നിങ്ങളുടെ പിതാവിന്റെ വാക്കുകൾക്ക് വില കല്പിച്ച് 10 വർഷം നിങ്ങൾ കഠിനാധ്വാനം ചെയ്തിട്ടുണ്ട്. ഇത് ഒരു കളിക്കാരന് ലഭിക്കാവുന്ന ഏറ്റവും വലിയ പ്രചോദനമാണ്, നിങ്ങളുടെ പിന്നിൽ കഠിനാധ്വാനം ചെയ്ത നിങ്ങളുടെ പരിശീലകനെയും ഞാൻ അഭിനന്ദിക്കുന്നു. എന്റെ ആശംസകൾ, ഒത്തിരി അഭിനന്ദനങ്ങൾ സഹോദരാ.

മൊഹ്സിൻ അലി: താങ്ക്യൂ സർ, നമസ്കാരം സർ, ജയ് ഹിന്ദ്!

സുഹൃത്തുക്കളേ, ഏക് ഭാരത്ശ്രേഷ്ഠ ഭാരത് എന്ന വികാരം, രാജ്യത്തിന്റെ ഐക്യം, രാജ്യത്തിന്റെ വികസനത്തിന് വളരെ പ്രധാനമാണ്, തീർച്ചയായും സ്പോർട്സ് അതിൽ വലിയ ഒരു പങ്കു വഹിക്കുന്നു, അതുകൊണ്ടാണ് കളിക്കുന്നവൻ അഭിവൃദ്ധി പ്രാപിക്കുന്നുവെന്ന് ഞാൻ പറയുന്നത്. നമ്മുടെ രാജ്യം കൂടുതൽ ടൂർണമെന്റുകൾ കളിക്കുന്തോറും കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്നു. നിങ്ങൾ രണ്ടുപേർക്കും നിങ്ങളുടെ സഹതാരങ്ങൾക്കും എന്റെ ആശംസകൾ.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നിങ്ങൾ യുപിഎസ്സി എന്ന പേര് കേട്ടിട്ടുണ്ടാകും. രാജ്യത്തെ ഏറ്റവും കഠിനമായ പരീക്ഷകളിൽ ഒന്നായ സിവിൽ സർവീസസ് പരീക്ഷയും ഈ സ്ഥാപനം നടത്തുന്നു. സിവിൽ സർവീസസിലെ ഉന്നത വിജയം നേടിയവരുടെ പ്രചോദനാത്മകമായ വാക്കുകൾ നമ്മളെല്ലാവരും പലതവണ കേട്ടിട്ടുണ്ട്. ഈ യുവാക്കൾ ദുഷ്കരമായ സാഹചര്യങ്ങളിൽ പഠിക്കുകയും അവരുടെ കഠിനാധ്വാനത്തിലൂടെ ഈ സർവീസിൽ ഇടം നേടുകയും ചെയ്യുന്നു എന്നാൽ സുഹൃത്തുക്കളേ, യുപിഎസ്സി പരീക്ഷയെക്കുറിച്ച് മറ്റൊരു സത്യമുണ്ട്. ആയിരക്കണക്കിന് കഴിവുള്ള ഉദ്യോഗാർത്ഥികളുണ്ട്, അവരുടെ കഠിനാധ്വാനവും മറ്റാരെക്കാളും കുറവല്ല, പക്ഷേ അവർക്ക് ചെറിയ വ്യത്യാസത്തിൽ അന്തിമ പട്ടികയിൽ എത്താൻ കഴിയുന്നില്ല. ഈ ഉദ്യോഗാർത്ഥികൾ മറ്റ് പരീക്ഷകൾക്കായി പുതുതായി തയ്യാറെടുക്കണം. ഇതിൽ അവരുടെ സമയവും പണവും നഷ്ടമാകുന്നു. അതിനാൽ, ഇപ്പോൾ അത്തരം മിടുക്കരായ വിദ്യാർത്ഥികൾക്കായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചിട്ടുണ്ട്, അതിന്റെ പേര് പ്രതിഭ സേതു എന്നാണ്. യുപിഎസ്സിയുടെ വിവിധ പരീക്ഷകളുടെ എല്ലാ ഘട്ടങ്ങളിലും വിജയിച്ച ഉദ്യോഗാർത്ഥികളുടെ ഡാറ്റ പ്രതിഭ സേതുവിലുണ്ട്, പക്ഷേ അവരുടെ പേര് അന്തിമ മെറിറ്റ് ലിസ്റ്റിൽ പ്രത്യക്ഷപ്പെട്ടില്ല. ഈ പോർട്ടലിൽ പതിനായിരത്തിലധികം മിടുക്കരായ യുവാക്കളുടെ ഒരു ഡാറ്റാബാങ്ക് ഉണ്ട്. ചിലർ സിവിൽ സർവീസിന് തയ്യാറെടുക്കുകയായിരുന്നു, ചിലർ എഞ്ചിനീയറിംഗ് സർവീസുകളിൽ ചേരാൻ ആഗ്രഹിച്ചു, ചിലർ മെഡിക്കൽ സർവീസുകളുടെ എല്ലാ ഘട്ടങ്ങളും പാസായി, പക്ഷേ ഒടുവിൽ തിരഞ്ഞെടുക്കപ്പെട്ടില്ല അത്തരം എല്ലാ ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ ഇപ്പോൾ പ്രതിഭ സേതു പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പോർട്ടലിൽ നിന്ന്, സ്വകാര്യ കമ്പനികൾക്ക് ഈ സമർത്ഥരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ നേടാനും അവരെ നിയമിക്കാനും കഴിയും. സുഹൃത്തുക്കളേ, ഈ ശ്രമത്തിന്റെ ഫലങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. ഈ പോർട്ടലിന്റെ സഹായത്തോടെ നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് ഉടനടി ജോലി ലഭിച്ചു, ചെറിയ വ്യത്യാസത്തിൽ കുടുങ്ങിപ്പോയ യുവാക്കൾ ഇപ്പോൾ പുതിയ ആത്മവിശ്വാസത്തോടെ മുന്നേറുകയാണ്.




എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഇന്ന് ലോകം മുഴുവൻ ഭാരതത്തിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഭാരതത്തിലെ മറഞ്ഞിരിക്കുന്ന സാധ്യതകളിലേക്ക് ലോകം മുഴുവൻ ഉറ്റുനോക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഒരു മനോഹരമായ അനുഭവം നിങ്ങളുമായി പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാലത്ത് പോഡ്കാസ്റ്റുകൾ വളരെ ഫാഷനാണെന്ന് നിങ്ങൾക്കറിയാം. വ്യത്യസ്ത വിഷയങ്ങളുമായി ബന്ധപ്പെട്ട പോഡ്കാസ്റ്റുകൾ വ്യത്യസ്ത ആളുകൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. അടുത്തിടെ, ഞാനും ചില പോഡ്കാസ്റ്റുകളിൽ പങ്കെടുത്തിരുന്നു. ലോകത്തിലെ വളരെ പ്രശസ്തനായ പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ്മാനുമൊത്തുള്ള അത്തരമൊരു പോഡ്കാസ്റ്റ് ഉണ്ടായിരുന്നു. ആ പോഡ്കാസ്റ്റിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു, ലോകമെമ്പാടുമുള്ള ആളുകൾ അത് ശ്രദ്ധിച്ചു. പോഡ്കാസ്റ്റ് ചർച്ച ചെയ്യപ്പെടുമ്പോൾ, ഞാൻ സംഭാഷണത്തിൽ ഒരു വിഷയം ഉന്നയിച്ചിരുന്നു. ഒരു ജർമ്മൻ കളിക്കാരൻ ആ പോഡ്കാസ്റ്റ് ശ്രദ്ധിച്ചു, ഞാൻ അതിൽ പരാമർശിച്ച കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. ആ വിഷയവുമായി അദ്ദേഹം വളരെയധികം ആഴത്തിൽ ഇടപെട്ടു, ആദ്യം അതിനെക്കുറിച്ച് ഗവേഷണം നടത്തി, തുടർന്ന് ജർമ്മനിയിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടുകയും ആ വിഷയത്തിൽ ഭാരതവുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഒരു കത്ത് എഴുതുകയും ചെയ്തു. മോദിജി പോഡ്കാസ്റ്റിൽ എന്തു വിഷയത്തെക്കുറിച്ചാണ് സംസാരിച്ചതെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും ഒരു ജർമ്മൻ കളിക്കാരന് പ്രചോദനമായ ഈ വിഷയം എന്തായിരുന്നുവെന്ന് മധ്യപ്രദേശിലെ ഷഹഡോളിന്റെ ഫുട്ബോൾ ആവേശവുമായി ബന്ധപ്പെട്ട ഒരു ഗ്രാമത്തെക്കുറിച്ച് പോഡ്കാസ്റ്റിൽ വിവരിച്ചിരുന്നുവെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. വാസ്തവത്തിൽ, രണ്ട് വർഷം മുമ്പ് ഞാൻ ഷഹഡോളിൽ പോയി അവിടെയുള്ള ഫുട്ബോൾ കളിക്കാരെ കണ്ടുമുട്ടിയിരുന്നു. പോഡ്കാസ്റ്റിനിടെ, ഒരു ചോദ്യത്തിന് മറുപടിയായി, ഷഹഡോളിലെ ഫുട്ബോൾ കളിക്കാരെക്കുറിച്ചും ഞാൻ പരാമർശിച്ചിരുന്നു. ജർമ്മൻ ഫുട്ബോൾ കളിക്കാരനും പരിശീലകനുമായ ഡയറ്റ്മർ ബെയേഴ്സ്ഡോർഫർ ഇക്കാര്യം കേൾക്കുകയും ഷഹഡോളിലെ യുവ ഫുട്ബോൾ കളിക്കാരുടെ ജീവിതയാത്ര അദ്ദേഹത്തെ വളരെയധികം ആകർഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. വാസ്തവത്തിൽ, അവിടെ നിന്നുള്ള കഴിവുള്ള ഫുട്ബോൾ കളിക്കാർ മറ്റ് രാജ്യങ്ങളുടെ ശ്രദ്ധ ആകർഷിക്കുമെന്ന് ആരും കരുതിയിരുന്നില്ല. ഇപ്പോൾ ഈ ജർമ്മൻ പരിശീലകൻ ജർമ്മനിയിലെ ഒരു അക്കാദമിയിൽ ഷഹഡോളിലെ ചില കളിക്കാരെ പരിശീലിപ്പിക്കാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനുശേഷം, മധ്യപ്രദേശ് സർക്കാരും അദ്ദേഹത്തെ ബന്ധപ്പെട്ടു. ഷഹഡോളിൽ നിന്നുള്ള ഞങ്ങളുടെ ചില യുവ സുഹൃത്തുക്കൾ താമസിയാതെ പരിശീലന കോഴ്സിനായി ജർമ്മനിയിലേക്ക് പോകും. ഭാരതത്തിൽ ഫുട്ബോളിന്റെ ജനപ്രീതി നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കാണുന്നതിലും എനിക്ക് വളരെ സന്തോഷമുണ്ട്. സമയം ലഭിക്കുമ്പോഴെല്ലാം ഷഹഡോൾ സന്ദർശിക്കാനും അവിടെ നടക്കുന്ന കായിക വിപ്ലവം അടുത്തറിയാനും ഞാൻ ഫുട്ബോൾ പ്രേമികളോട് അഭ്യർത്ഥിക്കുന്നു.

**ഭഗവാൻ വിശ്വകർമയെ ആരാധിക്കുന്ന പുണ്യവേളയും സെപ്റ്റംബറിൽ വരുന്നു. വിശ്വകർമ്മ ജയന്തി സെപ്റ്റംബർ 17 ന് ആണ്. പരമ്പരാഗത കരകൗശല വസ്തുക്കൾ, കഴിവുകൾ, അറിവ് എന്നിവ ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് തുടർച്ചയായി കൈമാറുന്ന നമ്മുടെ വിശ്വകർമ്മ സഹോദരന്മാർക്കും ഈ ദിവസം സമർപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ആശാരിമാർ, കമ്മാരന്മാർ, സ്വർണ്ണപ്പണിക്കാർ, കുശവന്മാർ, ശിൽപികൾ, എന്നിവർ എല്ലായ്പ്പോഴും ഭാരതത്തിന്റെ സമൃദ്ധിയുടെ അടിത്തറയാണ്. നമ്മുടെ ഈ വിശ്വകർമ്മ സഹോദരന്മാരെ സഹായിക്കുന്നതിനായി, സർക്കാർ വിശ്വകർമ്മ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

സൂറത്തിൽ താമസിക്കുന്ന ജിതേന്ദ്ര സിംഗ് റാത്തോഡിനെക്കുറിച്ച് അറിയുമ്പോൾ നിങ്ങൾക്ക് വളരെ സന്തോഷം തോന്നും. നിങ്ങളുടെ ഹൃദയം അഭിമാനത്താൽ നിറയും. ജിതേന്ദ്ര സിംഗ് റാത്തോഡ് ഒരു സുരക്ഷാ ഉദ്യോഗസ്ഥനാണ്. അദ്ദേഹം അത്ഭുതകരമായ സംരംഭം ഏറ്റെടുത്തിട്ടുണ്ട്, അത് ഓരോ ദേശസ്നേഹിക്കും വലിയ പ്രചോദനമാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഭാരതമാതാവിന്റെ സംരക്ഷണത്തിനായി ജീവൻ ബലിയർപ്പിച്ച എല്ലാ സൈനികരെയും കുറിച്ചുള്ള വിവരങ്ങൾ അദ്ദേഹം ശേഖരിച്ചുവരികയാണ്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം രക്തസാക്ഷികളായ ആയിരക്കണക്കിന് ധീര സൈനികരെക്കുറിച്ചുള്ള വിവരങ്ങൾ ഇന്ന് അദ്ദേഹത്തിന്റെ പക്കലുണ്ട്. രക്തസാക്ഷികളുടെ ആയിരക്കണക്കിന് ഫോട്ടോഗ്രാഫുകളും അദ്ദേഹത്തിന്റെ പക്കലുണ്ട്. ഒരിക്കൽ, ഒരു രക്തസാക്ഷിയുടെ പിതാവിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു. രക്തസാക്ഷിയുടെ പിതാവ് പറഞ്ഞു, എന്റെ മകൻ പോയാൽ എന്ത്, രാജ്യം സുരക്ഷിതമായിരിക്കും, അല്ലേ? ഇ ൗ ഒരു കാര്യം ജിതേന്ദ്ര സിങ്ങിന്റെ ഹൃദയത്തിൽ ദേശസ്നേഹത്തോടുള്ള അതിശയകരമായ അഭിനിവേശം നിറച്ചു. ഇന്ന് അദ്ദേഹം നിരവധി രക്തസാക്ഷികളുടെ കുടുംബങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏകദേശം രണ്ടായിരത്തിയഞ്ഞൂറ് രക്തസാക്ഷികളുടെ മാതാപിതാക്കളുടെ പാദം സ്പർശിച്ച മണ്ണ് കൊണ്ടുവന്നു. സായുധ സേനകളോടുള്ള അദ്ദേഹത്തിന്റെ അഗാധ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ജീവിക്കുന്ന ഉദാഹരണമാണിത്. ജിതേന്ദ്രയുടെ ജീവിതം നമ്മെ ദേശസ്നേഹത്തിന്റെ യഥാർത്ഥ പാഠം പഠിപ്പിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഇക്കാലത്ത് വീടുകളുടെ മേൽക്കൂരകളിലും വലിയ കെട്ടിടങ്ങളിലും സർക്കാർ ഓഫീസുകളിലും സോളാർ പാനലുകൾ പലപ്പോഴും തിളങ്ങുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകും. ആളുകൾ ഇപ്പോൾ അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും തുറന്ന മനസ്സോടെ അത് സ്വീകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാജ്യം സൂര്യദേവനാൽ അനുഗ്രഹിക്കപ്പെട്ടതാണ്. എങ്കിൽ പിന്നെ, അദ്ദേഹം നൽകുന്ന ഊർജ്ജം എന്തുകൊണ്ട് പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൂടാ? സുഹൃത്തുക്കളേ, സൗരോർജ്ജം കർഷകരുടെ ജീവിതത്തെയും മാറ്റിമറിക്കുന്നു. അതേ വയലുകൾ, അതേ കഠിനാധ്വാനം, അതേ കർഷകർ, പക്ഷേ ഇപ്പോൾ അധ്വാനത്തിന് വളരെ വലിയ ഫലം ലഭിക്കുന്നു. സോളാർ പമ്പിൽ നിന്നും സോളാർ റൈസ് മില്ലുകളിൽ നിന്നുമാണ് ഈ മാറ്റം വരുന്നത്. ഇന്ന് രാജ്യത്തെ പല സംസ്ഥാനങ്ങളിലും നൂറുകണക്കിന് സോളാർ റൈസ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സോളാർ റൈസ് മില്ലുകൾ കർഷകരുടെ വരുമാനവും അവരുടെ മുഖത്തെ തിളക്കവും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഹൃത്തുക്കളേ, ബിഹാറിലെ ദേവ്കി സോളാർ പമ്പിലൂടെ ഒരു ഗ്രാമത്തിന്റെ വിധി തന്നെ മാറ്റിമറിച്ചു. മുസാഫർപൂരിലെ രത്തൻപുര ഗ്രാമത്തിലെ താമസക്കാരിയായ ദേവ്കിയെ ഇപ്പോൾ ആളുകൾ സ്നേഹപൂർവ്വം സോളാർ ദീദിഎന്ന് വിളിക്കുന്നു. ദേവ്കിയുടെ ജീവിതം സുഖകരമായിരുന്നില്ല. ചെറുപ്പത്തിൽ തന്നെ അവർ വിവാഹിതയായി. ഒരു ചെറിയ കൃഷിയിടം, നാല് കുട്ടികളുടെ ഉത്തരവാദിത്തം ഭാവിയെക്കുറിച്ച് വ്യക്തമായ ചിത്രം ഇല്ലായിരുന്നു. പക്ഷേ അവരുടെ ധൈര്യം ഒരിക്കലും തകർന്നില്ല. അവർ ഒരു സ്വയം സഹായ സംഘത്തിൽ ചേർന്നു, അവിടെ അവർക്ക് സോളാർ പമ്പിനെക്കുറിച്ച് വിവരങ്ങൾ ലഭിച്ചു. സോളാർ പമ്പിനുള്ള ശ്രമങ്ങൾ അവർ ആരംഭിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. ഇതിനുശേഷം സോളാർ ദീദിയുടെ സോളാർ പമ്പ് ഗ്രാമത്തിന്റെ ചിത്രം മാറ്റി. മുമ്പ് കുറച്ച് ഏക്കർ ഭൂമിക്ക് മാത്രമേ ജലസേചനം നൽകാൻ കഴിയുമായിരുന്നുള്ളൂ, ഇപ്പോൾ 40 ഏക്കറിലധികം പ്രദേശത്തിന് സോളാർ ദീദിയുടെ സോളാർ പമ്പിൽ നിന്ന് വെള്ളം ലഭിക്കുന്നു. ഗ്രാമത്തിലെ മറ്റ് കർഷകരും സോളാർ ദീദിയുടെ പ്രചാരണത്തിൽ പങ്കുചേർന്നു. അവരുടെ വിളകൾ പച്ചപിടിക്കാൻ തുടങ്ങി, അവരുടെ വരുമാനം വർദ്ധിച്ചു തുടങ്ങി. സുഹൃത്തുക്കളേ, മുമ്പ് ദേവ്കിയുടെ ജീവിതം നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിയിരുന്നു. എന്നാൽ ഇന്ന് അവർ പൂർണ്ണ ആത്മവിശ്വാസത്തോടെ തന്റെ ജോലി ചെയ്യുന്നു, ഒരു സോളാർ ദീദിയായി മാറുന്നതിലൂടെ പണം സമ്പാദിക്കുന്നു. ഏറ്റവും രസകരമായ കാര്യം അവർ പ്രദേശത്തെ കർഷകരിൽ നിന്ന് യുപിഐ വഴി പണം വാങ്ങുന്നു എന്നതാണ്. ഇപ്പോൾ ഗ്രാമം മുഴുവൻ അവരെ വളരെ ബഹുമാനത്തോടെയാണ് കാണുന്നത്. സൗരോർജ്ജം വൈദ്യുതിയുടെ ഒരു ഉറവിടം മാത്രമല്ല, എല്ലാ ഗ്രാമങ്ങളിലേക്കും പുതിയ വെളിച്ചം കൊണ്ടുവരുന്ന ഒരു പുതിയ ശക്തി കൂടിയാണെന്ന് അവരുടെ കഠിനാധ്വാനവും ദീർഘവീക്ഷണവും തെളിയിച്ചിട്ടുണ്ട്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

സെപ്റ്റംബർ 15 ഭാരതത്തിന്റെ മഹാനായ എഞ്ചിനീയർ മോക്ഷഗുണ്ടം വിശ്വേശ്വരയ്യയുടെ ജന്മദിനമാണ്. ആ ദിവസം നമ്മൾ എഞ്ചിനീയേഴ്സ് ദിനമായി ആഘോഷിക്കുന്നു. എഞ്ചിനീയർമാർ യന്ത്രങ്ങൾ നിർമ്മിക്കുന്നവർ മാത്രമല്ല, സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്ന കർമ്മയോഗികളാണ്. ഭാരതത്തിലെ ഓരോ എഞ്ചിനീയർക്കും ഞാൻ നന്ദി പറയുന്നു. അവർക്ക് എന്റെ ആശംസകൾ.

സുഹൃത്തുക്കളേ,

ഭഗവാൻ വിശ്വകർമയെ ആരാധിക്കുന്ന പുണ്യവേളയും സെപ്റ്റംബറിൽ വരുന്നു. വിശ്വകർമ്മ ജയന്തി സെപ്റ്റംബർ 17 ന് ആണ്. പരമ്പരാഗത കരകൗശല വസ്തുക്കൾ, കഴിവുകൾ, അറിവ് എന്നിവ ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് തുടർച്ചയായി കൈമാറുന്ന നമ്മുടെ വിശ്വകർമ്മ സഹോദരന്മാർക്കും ഈ ദിവസം സമർപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ആശാരിമാർ, കമ്മാരന്മാർ, സ്വർണ്ണപ്പണിക്കാർ, കുശവന്മാർ, ശിൽപികൾ, എന്നിവർ എല്ലായ്പ്പോഴും ഭാരതത്തിന്റെ സമൃദ്ധിയുടെ അടിത്തറയാണ്. നമ്മുടെ ഈ വിശ്വകർമ്മ സഹോദരന്മാരെ സഹായിക്കുന്നതിനായി, സർക്കാർ വിശ്വകർമ്മ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

അപ്പോൾ ഞാൻ സംസ്ഥാനങ്ങൾക്കായി ചെയ്തതോ അല്ലെങ്കിൽ നമ്മുടെ സർക്കാർ ഹൈദരാബാദിനായി ചെയ്തതോ ആയ കാര്യങ്ങൾ നിങ്ങൾ സർട്ടിഫിക്കറ്റിൽ എഴുതിയത് നന്നായിരുന്നു. പക്ഷേ, ഹൈദരാബാദിന്റെ കഥ ഇങ്ങനെയാണെന്ന് നിങ്ങൾക്കറിയാം. അത് ചെയ്യുന്നതിൽ ഞങ്ങൾ എത്രമാത്രം ബുദ്ധിമുട്ടുകൾ നേരിട്ടു. ഒരു രാജകുമാരനോ രാജാവിനോ വേണ്ടി ഞങ്ങൾ തെറ്റായ തീരുമാനം എടുക്കില്ലെന്ന് എല്ലാ സം

# Importance Days in September

1st September - **National Nutrition Week :** National Nutrition Week is observed from 1st September to 7th September to provide knowledge among people about the importance of nutrition and its importance for the human body, for better health.

2nd September - **World Coconut Day :** World Coconut Day is observed on 2nd September every year to make people aware of the importance of this crop in poverty reduction. This day also commemorates the formation day of the Asian Pacific Coconut Community (APCC).

3rd September - **Skyscraper Day :** Skyscraper Day is observed on 3rd September. Skyscrapers are very tall buildings that define a city's skyline. The day marks the ability of a man to construct an industrial masterpiece.

4 September **Eid Milad-Un-Nabi :** Eid Milad un-Nabi is an important Islamic festival. Also known as Mawlid al-Nabi, the day commemorates the birth of Prophet Muhammad. Eid Milad un-Nabi on the 12th day of Rabi' al-Awwal in the Islamic lunar calendar reminds the teaching of the Prophet. It motivates people to pray and perform acts of charity.

5 September - **International Day of Charity :** International Day of Charity is observed on 5 September every year to eradicate poverty in all its forms and dimensions to achieve sustainable development goals.

5 September - **Teachers' Day (India) :** Teachers' Day in India is celebrated on 5 September every year to mark the birth anniversary of India's second President, Dr. Sarvapalli Radhakrishnan. On this day we appreciate and acknowledge the efforts of teachers in making responsible individuals.

5 September - **Onam :** India celebrates Onam, which is a colourful and joyful celebration that commemorates the return of the mythical King Mahabali. There are lavish feasts, traditional boat races, and vibrant floral carpets during this ten-day festival. Onam will be observed on September 5 this year.

6 September- **Ananta Chaturdashi :** Ananta Chaturdashi is a famous Hindu Festival. The annual celebration marks the end ten-day-long Ganesh Chaturthi festivity. It symbolizes the natural cycle of life, where endings lead to new beginnings. People celebrating the day tie sacred threads called 'Ananta Dhara' as a mark of unwavering faith and commitment to the divine.

7 September - **Brazilian Independence Day :** Brazilian Independence Day is celebrated on 7 September every year to commemorate the birth of the nation. On 7 September 1822, Brazil got its independence from the Portuguese. In 1889 Brazil ended up with the monarchical system and became a republic but kept 7 September as its Independence Day.

8 September - **International Literacy Day :** International Literacy Day is observed on 8 September every year to make people aware of the importance of literacy which no doubt is a matter of dignity and human rights. Let us tell you that it is a key component of the UN's Sustainable Developmental Goals.

8 September - **World Physical Therapy Day :** World Physical Therapy Day is observed on 8 September every year to provide an opportunity for physical therapists from all over the world to raise awareness about the important contribution of the profession in improving the well-being and health of people.

8 September - **Grandparents' Day :** This year it is observed on September 8. This day is celebrated on the first Sunday of September following the Labour Day. It is also celebrated in various other countries on different dates. As the name suggests, the day celebrates the beautiful bond between grandparents and grandchildren.

10 September - **World Suicide Prevention Day (WSPD):** World Suicide Prevention Day (WSPD) is observed on 10 September every year to raise awareness to prevent cases of suicide. This day is organised by the International Association for Suicide Prevention (IASP). And this day is co-sponsored by WHO.

11 September - **9/11 Remembrance Day:** This year the 20th anniversary of National Day of Service and Remembrance or 9/11 Day is observed. The day provides a chance to help others in tribute to those killed and injured on September 11, 2001

11 September - **National Forest Martyrs Day:** The date 11 September has historical significance and due to this, the date was chosen as National Forest Martyrs Day. In 1730, on this day, over 360 people of the Bishnoi tribe led by Amrita Devi, objected to the felling of trees. Due to their protest of saving the trees, they were killed in Khejarli, Rajasthan on the orders of the king.

11 September - **World First Aid Day:** It is observed on the second Saturday of September and this year it falls on 11 September. The day raises awareness among the public about how first aid can save lives in case of crises. According to the International Federation, first aid should be accessible to all people and should be an important part of developmental societies.

11 September- **Digvijay Diwas:** Digvijay Diwas is observed annually on September 11 to mark the historic speech of Swami Vivekananda in Chicago. In 1893, he attended the Parliament of the World's Religions as a representative of India and Hinduism. The inaugural World's Parliament of Religions took place from September 11 to September 27 1893.

13 September- **International Chocolate Day:** International Chocolate Day is celebrated on September 13 annually. The day was established by the U.S. National Confectioners Association. It commemorates the birth of Milton S. Hershey. He was an American chocolatier, businessman, and philanthropist.

14 September - **Hindi Diwas:** Hindi Diwas is celebrated on 14 September as on this day the Constituent Assembly of India adopted Hindi written in Devanagri script in 1949 as the official language of the Republic of India.

15 September - **Engineer's Day (India):** Engineer's Day is celebrated in India on 15 September every year to mark the tribute to the Indian Engineer Bharat Ratna Mokshagundam Visvesvaraya.

15 September - **International Day of Democracy:** International Day of Democracy is observed on 15 September to remind people that democracy is about people. This day provides an opportunity to make people understand the importance of democracy and the effective realization of Human Rights.

16 September - **Malaysia Day:** Malaysia Day is celebrated on 16 September and is also known as 'Hari Malaysia'. On 16 September 1963, the former British colony of Singapore and the East Malaysian states of Sabah and Sarawak joined the Federation of Malaya to generate the Malaysian Federation.

16 September - **World Ozone Day:** World Ozone Day is observed on 16 September annually. On this day in 1987, the Montreal Protocol was signed. Since 1994, World Ozone Day has been celebrated which was established by the United Nations General Assembly. This day reminds people about the depletion of the Ozone Layer and to find solutions to preserve it.

17 September- **Vishwakarma Puja:** Vishwakarma Jayanti is a day of celebration for Vishwakarma, a Hindu god, and the divine architect. The festival is observed primarily in factories and industrial areas, often on the shop floor. As a mark of reverence, the day of worship is marked not only by the engineering and architectural community but also by artisans, craftsmen, mechanics, smiths, welders, industrial workers, factory workers and others. They pray for a better future, safe working conditions and, above all, success in their respective fields. Workers also pray for the smooth functioning of various machines.

17 September - **World Patient Safety Day:** The day is observed on 17 September. It was established by the 72nd World Health Assembly in May 2019, following the adoption of resolution WHA72.6 on ' Global action on patient safety'.

17 September- **PM Narendra Modi's Birthday:** Prime Minister Narendra Modi is celebrating his 73rd birthday on September 17, 2023. He is the leader of the Bharatiya Janata Party (BJP) and the 15th Prime Minister of India. He was born on September 17, 1950, in Gujarat's Vadnagar.

18 September - **World Bamboo Day:** The day is observed on 18 September to increase awareness about bamboo globally.

19 September - **International Talk Like a Pirate Day:** International Talk Like a Pirate Day is celebrated on 19 September annually. The day encourages people to talk and dress like the sea plunderers of yesteryears.

20 September (Third Saturday) - **International Red Panda Day:** It is observed on the third Saturday of September month. This year it falls on 20 September. The day raises awareness of their urgent need for conservation of red pandas.

21 September - **International Day of Peace (UN):** International Day of Peace (UN) is observed on 21 September around the world. For the first time it was observed in September 1982 and in 2001, the General Assembly adopted a resolution 55/282, which established 21 September as International Day of Peace of non-violence and cease-fire.

21 September - **World Alzheimer's Day:** World Alzheimer's Day is observed on 21 September to raise awareness among people about the challenges that patient faces due to dementia. In 2012, World Alzheimer's Month was launched.

22 September - **Rose Day (Welfare of Cancer patients):** Rose Day is observed on 22 September for the welfare of cancer patients or we can say that this day marks the hope for cancer patients that cancer is curable. This day is celebrated in memory of 12-year-old Melinda Rose of Canada, who when diagnosed with a rare form of blood cancer did not give up hope.

22 September - **Navratri:** Navratri is an annual festival celebrated to honour Goddess Durga and occurs twice a year, known as Chaitra Navratri and Sharad Navratri. In 2025, Sharad Navratri will begin on 3rd October.

22 September - **World Rhino Day:** It is observed on 22 September every year. The day raises awareness and builds a safe natural habitat for this incredible species.

23 September - **International Day of Sign Languages:** On 23rd September, the UN General Assembly proclaimed the day as International Day of Sign Languages. The day provides a unique opportunity to support and protect the linguistic identity and cultural diversity of all deaf people and other sign language users.

25 September - **World Pharmacists Day:** It is observed on 25th September annually. In 2009, the International Pharmaceutical Federation (FIP) Congress in Istanbul, Turkey designated 25th September as the annual World Pharmacists Day (WPD).

25 September - **Antyodaya Diwas:** In 2014, on 25th September 'Antyodaya Diwas' was declared in honour of Pandit Deen Dayal Upadhyaya's 98th Birth Anniversary.

26 September - **European Day of Languages:** European Day of Languages is celebrated on 26 September annually to promote awareness among the public about the importance of language learning and protecting the heritage of the language.

Starts last week of September and ends on the last Sunday of September - The day of the Deaf Day of Deaf or International Week of Deaf starts on the last week of September and ends on the last Sunday of the month. It is also known as the World Day of the Deaf. The day draws attention not only to the affected person but also to the general people, politicians, and development authorities towards the achievements and challenges faced by the community of deaf people.

26 September - **World Contraception Day:** World Contraception Day is observed on 26 September annually. It is a global campaign to improve awareness about the contraceptive methods available and enable young people to make informed decisions regarding their sexual and reproductive health.

26 September - World Environmental Health Day

The day has been declared by the International Federation of Environmental Health.




സ്ഥാനങ്ങൾക്കും, എല്ലാ രാജകുമാരന്മാർക്കും ഞങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. എല്ലാവർക്കും ഒരേ പരിഗണന ലഭിക്കും, എല്ലാവർക്കും എന്ത് സംഭവിക്കുന്നോ, അവർക്കും അത് തന്നെ സംഭവിക്കും. പക്ഷേ അവർക്ക് വേണ്ടി ഞങ്ങൾ ഒരു പ്രത്യേക കരാർ ഉണ്ടാക്കി.

സുഹൃത്തുക്കളേ,
ഇത് ഉരുക്കുമനുഷ്യൻ സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ ശബ്ദമാണ്. ഹൈദരാബാദിലെ സംഭവങ്ങളെ തുടർന്ന് അദ്ദേഹത്തിന്റെ ശബ്ദത്തിലുള്ള വേദന നിങ്ങൾക്ക് അനുഭവപ്പെട്ടല്ലോ. അടുത്ത മാസം, സെപ്റ്റംബറിൽ നമ്മൾ ഹൈദരാബാദ് ലിബറേഷൻ ഡെ ആഘോഷിക്കും. ഓപ്പറേഷൻ പോളോയിൽ പങ്കെടുത്ത എല്ലാ വീരന്മാരുടെയും ധൈര്യത്തെ നമ്മൾ ഓർക്കുന്ന മാസമാണിത്. 1947 ഓഗസ്റ്റിൽ ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, ഹൈദരാബാദ് വ്യത്യസ്തമായ ഒരു സാഹചര്യത്തിലായിരുന്നുവെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. നൈസാമിന്റെയും റസാക്കർമാരുടെയും അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു. ത്രിവർണ്ണ പതാക ഉയർത്തിയതിനോവന്ദേമാതരം ചൊല്ലിയതിനോപോലും ആളുകൾ കൊല്ലപ്പെട്ടു. സ്ത്രീകളും ദരിദ്രരും പീഡിപ്പിക്കപ്പെട്ടു. അക്കാലത്ത് ഈ പ്രശ്നം വളരെ വലുതായിക്കൊണ്ടിരിക്കുകയാണ് എന്ന് ബാബാ സാഹിബ് അംബേദ്കർ മുന്നറിയിപ്പ് നൽകിയിരുന്നു. ഒടുവിൽ, സർദാർ പട്ടേൽ ഇക്കാര്യം സ്വയം ഏറ്റെടുത്തു. ഓപ്പറേഷൻ പോളോ ആരംഭിക്കാൻ അദ്ദേഹം സർക്കാരിനെ സജ്ജമാക്കി. റെക്കോർഡ് സമയംകൊണ്ട് നമ്മുടെ സൈന്യം ഹൈദരാബാദിനെ നൈസാമിന്റെ സ്വേച്ഛാധിപത്യത്തിൽ നിന്ന് മോചിപ്പിക്കുകയും അതിനെ ഭാരതത്തിന്റെ ഭാഗമാക്കുകയും ചെയ്തു. രാജ്യം മുഴുവൻ ഈ വിജയം ആഘോഷിച്ചു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
നിങ്ങൾ ലോകത്തിൽ എവിടെ പോയാലും, ഭാരത സംസ്കാരത്തിന്റെ സ്വാധീനം നിങ്ങൾക്ക് തീർച്ചയായും അവിടെ കാണാൻ കഴിയും, ഈ സ്വാധീനം ലോകത്തിലെ വലിയ നഗരങ്ങളിൽ മാത്രമല്ല, ചെറിയ നഗരങ്ങളിലും കാണാം. ഇറ്റലിയിലെ ഒരു ചെറിയ നഗരമായ ക്യാമ്പ്റൊത്തോൻണ്ടോയിലും സമാനമായ ഒന്ന് കാണാനിടയായി. മഹർഷി വാൽമീകിയുടെ പ്രതിമ അവിടെ അനാച്ഛാദനം ചെയ്യപ്പെട്ടു. സ്ഥലത്തെ മേയർ ഉൾപ്പെടെ പ്രദേശത്തെ നിരവധി പ്രധാന വ്യക്തികളും ഈ പരിപാടിയിൽ പങ്കെടുത്തു. ക്യാമ്പ് റൊത്തോൻണ്ടോയിൽ താമസിക്കുന്ന ഭാരതീയ വംശജരായ ആളുകൾ മഹർഷി വാൽമീകിയുടെ പ്രതിമ സ്ഥാപിച്ചതിൽ വളരെ സന്തുഷ്ടരാണ്. മഹർഷി വാൽമീകിയുടെ സന്ദേശങ്ങൾ നമുക്കെല്ലാവർക്കും പ്രചോദനം നൽകുന്നു.

സുഹൃത്തുക്കളേ,
ഈ മാസം ആദ്യം, കാനഡയിലെ മിസിസാഗയിൽ 51 അടി ഉയരമുള്ള ശ്രീരാമന്റെ പ്രതിമയും അനാച്ഛാദനം ചെയ്യപ്പെട്ടു. ഈ പരിപാടിയിൽ ആളുകൾ വളരെ ആവേശത്തിലായിരുന്നു. ശ്രീരാമന്റെ മഹത്തായ പ്രതിമയുടെ വീഡിയോകൾ സോഷ്യൽ മീഡിയയിൽ ധാരാളം ഷെയർ ചെയ്തു.

സുഹൃത്തുക്കളേ,
രാമായണത്തോടും ഭാരത സംസ്കാരത്തോടുമുള്ള ഈ സ്നേഹം ഇപ്പോൾ ലോകത്തിന്റെ എല്ലാ കോണുകളിലേക്കും എത്തുന്നു. റഷ്യയിൽ പ്രശസ്തമായ ഒരു സ്ഥലമുണ്ട് വ്ലാഡിവോസ്റ്റോക്ക്. ശൈത്യകാലത്ത് താപനില 20 (മൈനസ് ഇരുപത്) മുതൽ 30 (മൈനസ് മുപ്പത്) ഡിഗ്രി സെൽഷ്യസ് വരെ താഴുന്ന സ്ഥലമായി പലരും ഇതിനെ അറിയുന്നു. ഈ മാസം വ്ലാഡിവോസ്റ്റോക്കിൽ ഒരു അതുല്യ പ്രദർശനം നടന്നു. രാമായണത്തിലെ വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി റഷ്യൻ കുട്ടികൾ വരച്ച ചിത്രങ്ങളും ഇതിൽ പ്രദർശിപ്പിച്ചു. ഇവിടെ ഒരു മത്സരവും സംഘടിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭാരത സംസ്കാരത്തോട് വർദ്ധിച്ചുവരുന്ന അവബോധം കാണുന്നത് വളരെ സന്തോഷകരമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
ഇത്തവണ മൻ കി ബാത്തിൽ ഇത്രമാത്രം. ഇ ൗ സമയത്ത്, രാജ്യം മുഴുവൻ ഗണേഷ് ഉത്സവം ആഘോഷിക്കുകയാണ്. വരും ദിവസങ്ങളിൽ നിരവധി ഉത്സവങ്ങൾ ഉണ്ടാകും. ഈ ഉത്സവങ്ങളിൽ, നിങ്ങൾ ഒരിക്കലും സ്വദേശിയെക്കുറിച്ച് മറക്കരുത്. സമ്മാനങ്ങൾ, വസ്ത്രങ്ങൾ, അലങ്കാരങ്ങൾ, തോരണങ്ങൾ കൂടാതെ മറ്റെല്ലാം ഭാരതത്തിൽ നിർമ്മിക്കപ്പെട്ടവയായിരിക്കണം. ജീവിതത്തിലെ എല്ലാ ആവശ്യങ്ങളിലും സ്വദേശിയായിരിക്കണം. ഇതാണ് സ്വദേശി, ഇതാണ് സ്വദേശി, ഇതാണ് സ്വദേശി എന്ന് അഭിമാനത്തോടെ പറയുക. ഈ വികാരത്തോടെയാണ് നമ്മൾ മുന്നോട്ട് പോകേണ്ടത്. Vocal for Localഎന്ന ഒരു മന്ത്രം, ഒരു പാത ആത്മനിർഭർ ഭാരത്, ഒരേയൊരു ലക്ഷ്യം വികസിത ഭാരതം.

സുഹൃത്തുക്കളേ, ഈ സന്തോഷത്തിനിടയിലും, നിങ്ങൾ എല്ലാവരും ശുചിത്വത്തിന് ഊന്നൽ നൽകണം, കാരണം ശുചിത്വം ഉള്ളിടത്ത് ഉത്സവങ്ങളുടെ സന്തോഷവും വർദ്ധിക്കുന്നു. സുഹൃത്തുക്കളേ, മൻ കി ബാത്തിനായി നിങ്ങളുടെ സന്ദേശങ്ങൾ ധാരാളമായി എനിക്ക് അയച്ചുകൊണ്ടിരിക്കൂ. നിങ്ങളുടെ ഓരോ നിർദ്ദേശവും ഈ പരിപാടിക്ക് വളരെ പ്രധാനമാണ്. നിങ്ങളുടെ ഫീഡ്ബാക്ക് എനിക്ക് അയച്ചുകൊണ്ടിരിക്കൂ. അടുത്തതവണ നമ്മൾ ഒത്തുചേരുമ്പോൾ, കൂടുതൽ പുതിയ വിഷയങ്ങൾ ചർച്ച ചെയ്യാം. വളരെ നന്ദി, നമസ്കാരം.

# സംസ്കാരം



നല്ലമുട്ടം പ്രസാദ്

**നി**വർന്നു കിടക്കുന്നു കണ്ണാടിക്കൂട്ടിൽ നന്നായ്
പൊതിഞ്ഞു കുറിതൊട്ട മട്ടിലായൊരു ജഡം ;
തലയ്ക്കൽ കൊളുത്തിയ വിളക്കും സാമ്പ്രാണിയും
മുറിക്കുള്ളിലായുണ്ടു നാലഞ്ചു കസേരയും.

നാട്ടുകാ,രയല്ക്കാരും മെമ്പറുമായിട്ടെന്തോ
നാട്ടുവർത്തമാനവും പറഞ്ഞപ്പുറത്തിരിക്കുന്നു.
പട്ടടയൊരുക്കുവാനെത്തുന്നിതൊരു കൂട്ടർ:
'വേണ്ടതെന്തിവിടേക്കു വിറകോ ഗ്യാസോ നല്ലൂ?'

ആരുമേ മിണ്ടുന്നീല യെന്നതു കണ്ടിട്ടയാൾ
ദൂരെ നില്പതാം സമുദായനാഥനെ നോക്കി.
'ഗ്യാസുതാൻ ഭേദം , കാര്യം വേഗത്തിൽ കഴിഞ്ഞീടും
നാട്ടുകാർക്കതാണിഷ്ടം, ആചാര്യനതേ മെച്ചം'.

കൂട്ടത്തിൽ പ്രായം തോന്നും ബന്ധുവായൊരാൾക്കെന്നാൽ
ഒട്ടുമേ ബോധിച്ചീല,സംശയ മുയർത്തുന്നു.
'ഇട വെന്തൊടിയുമ്പോഴെങ്ങനെ പൊട്ടിക്കുന്നൂ
കുടമൊന്നതു കൂടാതെന്തൊരു ശവദാഹം?'

ഇടയിൽ കടന്നൊരാളുച്ചത്തിൽ പറയുന്നു:
'തീ കൊടുക്കുമ്പോൾ തന്നെ കുടമങ്ങുടച്ചേക്കാം'
ആളുകളങ്ങോട്ടേക്കു നോക്കിയാ നേതാവിനെ;
ആഗതൻ സമുദായ ഭാരവാഹിയാണത്രെ!

ആചാര്യനെരാളെത്തി, ഭസ്മം കൊണ്ടഭിഷിക്തൻ,
ദർഭയും ചെറൂളയും കയ്യിലുണ്ടൊരു പിടി;
തോർത്തുമുണ്ടെടുത്തൊന്നു പിരിച്ചിട്ടേത്താപ്പാക്കി
കാത്തു നില്പവരോടു കല്പിക്കും മട്ടിൽ ചൊന്നാൻ:

'നേരമായ് കൂട്ടിൽ നിന്നുമിറക്കിക്കിടത്തുവാൻ,
വരണം കുളിച്ചിട്ടു മക്കളും ബന്ധുക്കളും.'
സമയം നീളുന്നെന്നാലുറ്റവരെത്തുന്നീല,
പലരും ചേർന്നാ ജഡം താഴേക്കു കിടത്തുന്നു.

'പിണ്ഡകർത്താവാ യൊരാൾ കുളിച്ചിട്ടെത്തീടണം,
നാലര മുതലിന്നു രാഹുകാലമല്ലയോ?'
ആചാര്യദേഹത്തിന്റെയക്ഷമ കണ്ടിട്ടെത്തു
ന്നൊരുവൻ വിനീതനായ് ചെവിയിൽ മന്ത്രിക്കുന്നു:

' മക്കളും ബന്ധുക്കളും ദൂരെനാട്ടിലാ, ണെത്താൻ
ഒക്കുകയില്ലെന്നവർ അറിയിച്ചിരിക്കുന്നു.
തക്കത്തിലിപ്പോൾ കിട്ടി ബംഗാളിയൊരുത്തനെ
വെക്കത്തിൽ കർമ്മം തീർത്തു വിട്ടയയ്ക്കണം വേഗം!

നില്ക്കുവാൻ സമയമില്ലെനിക്കും 'ഫേസ്ബു'ക്കിലീ
കൃത്യങ്ങളെല്ലാം തന്നെ ലൈവായി വരേണ്ടയോ'?

# Importance Days in September

27 September - **World Tourism Day:** World Tourism Day is annually celebrated on 27 September to highlight the importance of tourism which helps in generating employment and build a future for millions of people around the world.

27 September- **Google Birth Anniversary:** Google is celebrating its 25th birth anniversary with a doodle. The search giant started as a Stanford University research project before being established by Larry Page and Sergey Brin in 1998. Google was designed to manage the enormous amount of online information.

28 September - **World Rabies Day:** World Rabies Day is observed on 28 September every year to make people aware of the prevention regarding rabies and to highlight the progress in defeating this horrifying disease.

28 September - **Durga Puja:** Durga Puja will be observed on 28 September this year. This day of Navratri is considered to be quite auspicious.

28 September (Fourth Sunday) - **World Rivers Day :** World Rivers Day is celebrated on the last Sunday of September. In 2025, it falls on 28 September. The day highlights the importance of rivers and generates awareness, and encourages people to improve and save water, rivers around the world. It is necessary to care for our water resources.

28 September - **International Day For Universal Access To Information (IDUAI):** International Day For Universal Access To Information (IDUAI) 2022 is observed on 28 September every year. The day focuses on the right to seek, receive, and impart information.

29 September - **World Heart Day:** World Heart Day is observed annually on 29 September. This day informs people about heart disease and stroke which is the world's leading cause of death.

30 September - **International Translation Day:** International Translation Day is observed on 30 September every year. This day provides an opportunity to pay tribute to the work of language professionals. It also plays an important role in bringing nations together and strengthening world peace and security.